"യോഹന്നാൻ ഉത്തരമായി അവരോടുപറഞ്ഞു: ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാപനം ചെയ്യുന്നു. എന്നാൽ നിങ്ങൾ അവനെക്കുറിച്ചു ഒന്നും അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ട്. എന്റെ പിന്നാലെ വരുന്നവനെങ്കിലും, എന്റെ മുമ്പനാകുന്ന ഇവൻ. ഇവന്റെ ചെരിപ്പുകളുടെ ചരടഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല."
—യോഹന്നാൻ 1: 26, 27.

# സത്യദീപം

"സത്യം നശ്വരമായ അലങ്കാരങ്ങളാലും പദങ്ങളാലും അല്ലാതെ, സത്യസ്വരൂപനാൽതന്നെ അതിന്റെ സ്വന്തം രൂപത്തിലും പ്രകൃതിയിലും പഠിപ്പിക്കപ്പെടുന്നവൻ ഭാഗ്യവാനാകുന്നു. നമ്മുടെ അഭിപ്രായവും ബുദ്ധിയും നമ്മെ പലപ്പോഴും വഴിതെററിക്കുന്നു; അല്പം മാത്രമേ അവ ഗ്രഹിക്കുന്നുള്ളൂ."
—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഡിസംബർ 12—ബുധനാഴ്ച | Vol. 30, No. 18

# "സമാധാനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സംഘടിക്കുവിൻ"

## പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ തീവ്രമായ ആഹ്വാനം

[അന്താരാഷ്ട്രീയാന്തരീക്ഷത്തിൽ അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെട്ട അസ്വസ്ഥതകൾമൂലം ഉല്ക്കണ്ഠാകുലനായ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി അവിടുത്തെ വിശ്രമകാലം വെട്ടിക്കുറച്ച് കാസ്റ്റൽഗണ്ടോൾഫോയിൽനിന്നും നേരത്തെതന്നെ വത്തിക്കാനിലേക്കു മടങ്ങി ലോകസമാധാനത്തേയും ജനതയുടെ സ്വാതന്ത്ര്യത്തേയും സുരക്ഷിതമാക്കുന്നതിനുള്ള ശക്തിയായ ഉൽബോധനങ്ങളും നിർദ്ദേശങ്ങളും ഉള്ളടക്കി പ്രക്ഷേപണംചെയ്ത അതിപ്രധാനമായ ഈ സമാധാനസന്ദേശം ബൽജിയം, കാനഡാ, ഫ്റാൻസ്, ജർമ്മനി, ഐർലണ്ട്, ഇററലി, നെതർലണ്ട്സ്, പോർട്ടുഗൽ, സ്പെയിൻ മുതലായ രാജ്യങ്ങളെല്ലാം വളരെയധികം പ്രാധാന്യം നൽകി "റിലേ"ചെയ്യുകയുണ്ടായി]

### സമാധാനം അപകടത്തിൽ

"ഹംഗറിയിലെ നമ്മുടെ പ്രിയപ്പെട്ട ജനങ്ങൾക്കെതിരായി നടത്തപ്പെട്ട ക്രൂരകൈയേററങ്ങളെ അറിഞ്ഞ് നമ്മുടെ പൈതൃകഹൃദയം ആകുലപ്പെടുകയാണ്. അവർ അവരുടെ മാനുഷികമായ മൗലികാവകാശങ്ങൾക്കുവേണ്ടി പരിശ്രമിച്ചു എന്നതിൽക്കവിഞ്ഞ് യാതൊരപരാധവും ചെയ്തില്ല. എന്നാൽ ഇതിലുമുപരിയായി നമ്മെ ആശങ്കാധീനനാക്കുന്ന ഒരു സംഗതികൂടിയുണ്ട്. സമാധാനം അപകടത്തിലായിരിക്കുന്നു എന്നുള്ളതാണത്. നീതിയിലും യഥാർത്ഥ സ്വാതന്ത്ര്യത്തിലും തമ്മിൽ തമ്മിൽ യോജിച്ച് ഐക്യത്തിന്റെ പുനഃസ്ഥാപനം പടിപടിയായി പുരോഗമിപ്പിക്കുന്നതിനു നാം ആശവച്ചിരുന്ന രാജ്യങ്ങളുടെതന്നെ അധികാരത്തിലും ഐക്യത്തിലും സന്മനോഭാവത്തിലും അടിക്കടി അധഃപ്പതനം കാണുന്നതിൽ നമ്മുടെ സങ്കടം ദ്വിഗുണീഭവിക്കുകയാണ്.

"സമാധാനത്തിന്റെയും യഥാർത്ഥമായ സ്വാതന്ത്ര്യത്തിന്റെയും പ്രശ്നങ്ങൾ പരിതാപകരമായ വിധം അധഃപ്പതിച്ചിരിക്കുന്നുവെന്നും, ആശാവഹമായ പ്രതീക്ഷകൾക്കു നിദാനങ്ങളായിരുന്നവയും ശ്രമലബ്ധമായ നവോത്ഥാനത്തിന്റെ പ്രത്യാശാകിരണങ്ങൾ പരത്തിയിരുന്നവയുമായ എല്ലാ ഉപാധികളേയും ഇരുളിലേക്കു വലിച്ചുകൊണ്ടുപോയിരിക്കുന്നുവെന്നുമുള്ള വസ്തുതകളെ ആർക്കാണ് നിഷേധിക്കുവാൻ കഴിയുക? അനീതിയായി വളരെയധികം രക്തം ഒഴുക്കിക്കഴിഞ്ഞിരിക്കുന്നു. വീണ്ടും പെട്ടെന്നു എന്തൊരു കൂട്ടക്കൊല! എന്തൊരു വിലാപം! ജനവിഭാഗങ്ങളെ സംയോജിപ്പിക്കുന്നതിനും അവരുടെ ഹൃദയങ്ങളെ ഉന്മേഷമുള്ളതാക്കുന്നതിനും സഹായിച്ചുകൊണ്ടിരുന്ന പരസ്പരവിശ്വാസത്തിന്റെ നേരിയ ചരട് മുറിക്കപ്പെട്ടതുപോലെ തോന്നുന്നു. പരസ്പരവിശ്വാസമില്ലായ്മയും സംശയവും അകൽച്ചയുടെ ഒരു ആഴമുള്ള വിടവു സൃഷ്ടിച്ചിരിക്കുകയാണ്. തർക്കങ്ങൾ തീർക്കുന്നതിനും അവകാശങ്ങളെ സംരക്ഷിക്കുന്നതിനും സ്വീകരിക്കപ്പെടാവുന്ന ഒരു മാർഗ്ഗമല്ലെന്നു എല്ലാ വിഭാഗക്കാരും ആയിരമായിരം പ്രാവശ്യം ഉറപ്പിച്ചുപറഞ്ഞിട്ടുള്ള ആ ബലപ്രയോഗത്തെ ഇത്ര ധൃതിയിൽ ആലംബമാക്കിയതിൽ ലോകം മുഴുവനുംതന്നെ അത്ഭുതസ്തബ്ധമായിരിക്കുന്നു. ഈ ദിവസങ്ങളിൽ നടമാടിയ അക്രമംമൂലം ലോകത്തിലുണ്ടായ വിശ്വാസമില്ലായ്മയുടേയും അസ്വസ്ഥതയുടേയും അപകടനില തെല്ലൊന്നു മാറിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. സ്വേച്ഛാനുസാരമായ പ്രവൃത്തികളിൽ ഏർപ്പെടുക, മാനുഷികജീവനെക്കാളും ധാർമ്മികമൂല്യങ്ങളെക്കാളും സാമ്പത്തികതാല്പര്യങ്ങളെ പരിഗണിക്കുക മുതലായി അവസരോചിതം മാറിമാറി സ്വീകരിക്കപ്പെടുന്ന ഒരു നയത്തെ കാണുന്ന ലോകം എങ്ങനെയാണ് അസ്വസ്ഥതപ്പെടാതിരിക്കുക?

### സമാധാനമാർഗ്ഗം സ്വീകരിക്കുക

"ഏവംവിധം നീതിബോധവും സഹോദരസ്നേഹവും അനാദരിക്കപ്പെട്ടിരിക്കുകയും, ഭാവിയെ സംബന്ധിച്ച് മാനവവംശം കൂടുതൽ കൂടുതൽ ആശങ്കാഭരിതരായിരിക്കുകയും, മനുഷ്യരുടെ ഇടയിൽ ഐക്യബോധം അടിക്കടി ഉടഞ്ഞുതകർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ, എല്ലാ ജനവിഭാഗങ്ങളുടേയും സുസ്ഥിതിയെ പുരോഗമിപ്പിക്കുന്നതിനുള്ള കർത്തവ്യം ദൈവത്തിൽനിന്നു പ്രാപിച്ചിരിക്കുകയും, സമാധാനമെന്നതു ഒരു ദിവാസ്വപ്നമല്ലെന്നും പ്രത്യുത അതിന്റെതത്ത്വങ്ങളും അതു അടിയുറപ്പിക്കപ്പെട്ടിരിക്കുന്ന ഘടകങ്ങളുടേയും സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്നതുമൂലം എല്ലാ മനുഷ്യർക്കും നിർവ്വഹിക്കുവാൻ കഴിവുള്ള ഒരു കടമയാണതെന്നും സുദൃഢം വിശ്വസിക്കുന്ന നാം നമ്മുടെ ഹൃദയംഗമമായ ഈ അഭ്യർത്ഥനയെ ലോകജനതകളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. സമാധാനത്തിന്റെ മാർഗ്ഗങ്ങളെ നമുക്കു കെട്ടിത്തീർക്കാം; സമാധാനത്തെ അഭിലഷിക്കുന്നവരുടെ ഐക്യബോധത്തെ നമുക്കു ദൃഢതരമാക്കാം; പ്രത്യാശ നശിച്ചിരിക്കുന്നവരുടെ വിശ്വാസത്തെ നമുക്കു പുനരുജ്ജീവിപ്പിക്കാം. നിങ്ങൾ ഏതു രാജ്യക്കാരാകട്ടെ ഏതു വംശക്കാരാകട്ടെ, കർഷകരാകട്ടെ ശില്പികളാകട്ടെ, തൊഴിലാളികളാകട്ടെ ബുദ്ധിജീവികളാകട്ടെ, സ്ത്രീകളാകട്ടെ പുരുഷന്മാരാകട്ടെ—നമ്മുടെ പ്രിയപ്പെട്ടവരായ നിങ്ങളെല്ലാവരോടുമാണ് ആദ്യമായിത്തന്നെ നാമാവശ്യപ്പെടുന്നത്, നിങ്ങൾ നിങ്ങളുടെ ഹൃദയപൂർവ്വകമായ വികാരങ്ങളേയും യഥാർത്ഥമായ അഭിലാഷങ്ങളേയും നിങ്ങളുടെ അധികാരികളെ അറിയിക്കണമെന്നു. എല്ലാ ജനങ്ങളും—കുടുംബങ്ങളും വ്യക്തികളും—അവർ അഭികാമ്യമായി കരുതുന്ന എല്ലാ സമ്പാദ്യങ്ങളെക്കാളും ഉപരിയായി വിലമതിക്കുന്നതു അവരുടെ കുടുംബത്തിന്റെയും തൊഴിലിന്റെയും സ്വസ്ഥതയാണെന്ന് ആധുനികസംഭവങ്ങൾ ഒരിക്കൽക്കൂടി തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. സമ്പത്തിന്റെ വില സ്വേച്ഛാധിപത്യമോ, നാശങ്ങളും സങ്കടങ്ങളും ദാരിദ്ര്യവും മരണവും നിറഞ്ഞ യുദ്ധഭീഷണിയോ ആണെങ്കിൽ അതിനെ വെടിയുന്നതിനു അവർ സന്നദ്ധരത്രെ.

മതത്തിന്റെയും, സംസ്കാരത്തിന്റെയും, ശരിയായ മാനുഷികവികാരങ്ങളുടേയും പേരിൽ അനീതിപരവും മൃഗീയവുമായ ഈ മത്സരം അവസാനിപ്പിക്കുക, യുദ്ധത്തിനുള്ള സന്നാഹങ്ങൾക്കു വിരാമമിടുക; ശക്തികൾ തമ്മിലുള്ള രാഷ്ട്രീയ ഉച്ചനീചത്വങ്ങൾ സമീകരിക്കുക. ഈ വിഭിന്നതകളെല്ലാം ലോകജീവിതത്തെ ആശങ്കകളുടേയും ഭീതിയുടേയും ഗർത്തത്തിലേക്കാഴ്ത്തുന്നവയും പ്രത്യാശകളെ ഹനിക്കുന്നവയും, പരിശ്രമത്തിന്റെയും പുരോഗതിയുടേയും ഫലങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നവയുമത്രെ. പ്രകൃതിയുടെ ഈ സ്വരം ഓരോ ജനപദവും രാജ്യത്തിനകത്തും പുറത്തും അത്യുച്ചത്തിൽ പ്രഘോഷിക്കുകയും, ഈ പ്രഘോഷണം ജനങ്ങളാൽതന്നെ അധികാരസ്ഥാനങ്ങളിൽ പ്രതിഷ്ഠിതരായിരിക്കുന്നവർ ശ്രവിക്കുകയും സ്വാഗതം ചെയ്യുകയുംവേണം. അധികാരസ്ഥാനങ്ങൾ അവയുടെ കർത്തവ്യങ്ങൾക്കനുസരിച്ച് പൗരാവലിയുടെ ജീവന്റെയും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സുരക്ഷിതത്വത്തെ ഭദ്രമാക്കുന്നതിനു പരിശ്രമിക്കുന്നില്ലെങ്കിൽ, മറേറതേതുനേട്ടങ്ങൾ അവയ്ക്കുണ്ടായിരുന്നാലും, അവയുടെ ആസ്തിക്യത്തിന്റെ കാതലായ ഉദ്ദേശ്യത്തിൽ പരാജയമടയുകയാണ്.

### ഹങ്കറിയിലെ ദയനീയരംഗം

"മററു ദുശ്ശങ്കകളുടെ യാഥാർത്ഥ്യ എങ്ങനെയിരുന്നാലും, ഹങ്കറിയിലെ സങ്കടകരമായ സംഭവഗതികളുടെ ഗൗരവത്തെ മനുഷ്യമനസ്സുകളിൽനിന്നു മൂടിവയ്ക്കുവാൻ സാദ്ധ്യമല്ല. ലോകം മുഴുവന്റെയും സാർവ്വത്രികവും സ്വാഭാവികവുമായ ഈ അഭിമതത്തെ ഗൗരവാവഹമായ മററു യാതൊരു സംഭവങ്ങൾക്കും ലഘൂകരിക്കുവാൻ സാധിക്കുന്നില്ല എന്നതുതന്നെ ആ ജനവിഭാഗത്തിൽനിന്നു തട്ടിയെടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തെ അവർക്കു തിരിച്ചുകൊടുക്കേണ്ട അടിയന്തിരമായ ആവശ്യകതയെ പ്രത്യക്ഷമാക്കുന്നുണ്ട്. സഹോദരങ്ങളായ അവരുടെ അവമാനകരമായ അടിമസ്ഥിതിയിൽ താല്പര്യം പ്രകടിപ്പിക്കാതെ അവരെ കൈവെടിയുവാൻ ലോകത്തിനു കഴിയുമോ? തീർച്ചയായിട്ടും, അവരുടെ അന്തസ്സിനെ അതിന്റെ പൂർവ്വസ്ഥിതിയിലേക്കുയർത്തുന്നതിനും അവരുടെ സ്വാതന്ത്ര്യത്തെ തിരിച്ചുകൊടുക്കുന്നതിനും ന്യായമായ എല്ലാവിധത്തിലും പരിശ്രമിക്കാതെ ഒരു ക്രിസ്തീയമനസ്സാക്ഷിക്കു അതിന്റെ കടമയിൽനിന്നു ഒഴിവാകുവാൻ സാദ്ധ്യമല്ല.

### ഉറപ്പായി സംഘടിക്കണം

"ഇന്നു രാജ്യങ്ങൾ തമ്മിലും ഓരോ ഭൂഖണ്ഡങ്ങളിലുള്ള ഗ്രൂപ്പുകൾതമ്മിലുമുള്ള ബന്ധങ്ങൾ എത്ര സങ്കീർണ്ണങ്ങളാണെന്നു നാം വിസ്മരിക്കുന്നില്ല. പക്ഷെ മനസ്സാക്ഷിയുടേയും, സംസ്കാരത്തിന്റെയും,

(ശേഷം 3-ാംപേജിൽ)



"സീസറിന്റേതു സീസറിനും, ദൈവത്തിന്റേതു ദൈവത്തിനും നൽകുക"

ആദ്ധ്യാത്മികതത്വത്തേയും ഭൗതികതത്വത്തേയും വിവേചിക്കുന്ന ക്രിസ്തുവിന്റെ സിദ്ധാന്തം

ആഖ്യായിക

## ബാറാബാസ്



അദ്ധ്യായം 20 (തുടർച്ച)

## "ജറുസലേം, ഉത്ഥാനംചെയ്തു പ്രശോഭിക്കുക, നിന്റെ പ്രകാശം സമാഗതമായിരിക്കുന്നു"

(വി. സി. ജോർജ്ജ് ബി എ. എൽ. റ്റി.)

പ്രൊക്കുറേറ്ററുടെ സന്നിധിയിൽനിന്നു് ശതാധിപൻ ഉപചാരപൂർവ്വം പിൻവാങ്ങി. അവരുടെ സംഭാഷണം നടന്നുകൊണ്ടിരിക്കുകയിൽ ശ്രദ്ധാവിഹീനനായി കാണപ്പെട്ട പീലാത്തോസ് സുശിക്ഷിതയോദ്ധാവെന്ന നിലയിൽ "യൂദന്മാരുടെ രാജാവു്" "ദാവീദിൻ പുത്രൻ" എന്നീ വാക്കുകളിലെ ദൂരവ്യാപകമായ അർത്ഥത്തെപ്പററി ചിന്തിച്ചു. അപ്പോഴും വിനോദരംഗത്തിൽ ഒരു വാൾപ്പയററിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നു.

"ആ വിടപ്പെട്ട യൂദാബർയാക്കോബിനു കാര്യമായി വല്ലതും പ്രവർത്തിക്കുവാൻ സാധിക്കുമോ?" എന്നദ്ദേഹം മന്ത്രിച്ചു. ആ ചോദ്യം ററവുള്ളവരെക്കാളധികം തന്നെത്തന്നെ ഉദ്ദേശിച്ചു് പീലാത്തോസിൽനിന്നു പുറപ്പെട്ടതായിരുന്നു. പക്ഷെ ക്ലാവൂദിയാ മറുപടി നൽകി: "അതു് നസ്രായൻ ഈശോ ആയിരുന്നിരിക്കണം. അദ്ദേഹത്തിന്റെ നഗരപ്രവേശം അനുയായികൾ ആഘോഷിക്കുന്നതാവാം."

പീലാത്തോസ് സ്വസ്ഥാനത്തുറച്ചിരുന്നു. ക്ലാവൂദിയായുടെ സമാധാനം ഒരു പുതിയ ചിന്താഗതിയിലേക്കദ്ദേഹത്തെ നയിച്ചു. ഭാര്യയുടെ ഊഹം ശരിയായിരിക്കാം. അങ്ങനെയെങ്കിൽ ഭവിഷ്യം എന്താകും! ഈ യൂദപ്പരിഷയ്ക്കു് വ്യത്യാസമൊന്നുമില്ല! ശരിക്കു വിചാരിച്ചാൽ യഹൂദന്മാരുടെ ഗാനാലാപത്തേയും താലശാഖാപ്രകടനത്തേയുംപററി തനിക്കു് അല്പംമുമ്പുണ്ടായ അഭിപ്രായം അബദ്ധമായിപ്പോയി. നേരെമറിച്ചുള്ള ഒരഭിപ്രായമായിരിക്കും സ്വീകാര്യം. യൂദന്മാർ ബറാബാസിനെപ്പോലെ വിപ്ലവബുദ്ധിയും അക്രമപ്രസക്തിയും പ്രകടിപ്പിച്ചാൽ, ഉന്നതാചാര്യനോടൊപ്പം പ്രദ്യുന്ന വൈരം പരിശീലിച്ചാൽ, അവരോടു പെരുമാറേണ്ടതെതുവിധമെന്നു് പീലാത്തോസിനറിയാം. പക്ഷെ ഒന്നാലോചിക്കുവാനുള്ളതു് സ്നേഹത്തിന്റേയും സൗമ്യതയുടേയും നാമത്തിൽ നടന്ന അവരുടെ ഘോഷയാത്രയിൽനിന്നു് എന്തു പദ്രവം നേരിടാനുണ്ടെന്നാണു് താദൃശവർത്തനത്തിൽതന്നെ അധികാരശക്തിക്കെതിരിടുവാൻ കഴിയാത്ത ഒരുവിപത്തന്തർലീനമല്ലെന്നാക്കറിയാം?

പ്രൊക്കുറേറ്റർ സിക്രട്ടറിയുടെനേരെ ആംഗ്യംകാണിച്ചു. "മാക്കസ്, എന്റെ പല്ലക്ക് കൊണ്ടുവരുവാൻപറയൂ. ഞാൻ അരമനയിലേക്കു പോകേണ്ടതായി വന്നിരിക്കുന്നു. എന്തെങ്കിലും അനർത്ഥമുണ്ടാകുവാനിടയുണ്ടു്" എന്നിങ്ങനെ പ്രസ്താവിച്ചു.

മാക്കസ് പ്രണാമപൂർവ്വം സ്ഥലംവിട്ടു. പ്രൊക്കുറേറ്റർ ക്ലാവൂദിയായുടെനേരെ തിരിഞ്ഞു് സംഭാഷണം തുടർന്നു: "കാര്യപരിപാടിയിൽ ഇനി മൂന്നു വിഷയങ്ങൾ മാത്രമേയുള്ളു. ഞാൻപോയി ഭവതിക്കായി പല്ലക്ക് മടക്കിഅയച്ചുകൊള്ളാം. എന്റെ അസാന്നിദ്ധ്യത്തിൽ ... പെടുന്നതിനിടെ

അധിനാഥയെന്നും ജീവനെയും മരണത്തെയും സംബന്ധിച്ചു് വിധികല്പിക്കുവാൻ അധികൃതയെന്നും ഉള്ളതു് വിസ്മരിക്കരുതു്. നസ്രായന്റെ കാര്യത്തിൽ അത്യധികം ജാഗരൂകയായ ഭവതി ഇവർക്കെല്ലാം തന്നെ മാപ്പു കൊടുത്തു് ജീവൻ നൽകുവാൻ തല്പരയായേക്കാം. അങ്ങനെയെങ്കിൽ അപ്രകാരം ചെയ്തുകൊള്ളൂ. എനിക്കു് വിരോധമില്ലാ തെരുവുകളിലെ ഈ ബഹളങ്ങളുടെ കാര്യത്തിലാണെന്റെ ചിന്ത." അദ്ദേഹം സ്വസ്ഥാനം വിട്ടു് പെട്ടെന്നു് നടന്നു് പല്ലക്കിൽ ആസനസ്ഥനായി.

"ശീഘ്രം, നിശ്ശബ്ദമായി അരമനയിലേക്കുള്ള കുറുക്കുവഴിയെ" എന്നു് ആജ്ഞാപിച്ചിട്ട് പീലാത്തോസ് മാർക്കസിനോടു പറഞ്ഞു: "വരൂ. മാക്കസ്. തന്നെക്കൊണ്ടാവശ്യമുണ്ടായേക്കും. ഈ നസ്രായൻ വല്ല കുതന്ത്രവും പ്രയോഗിച്ചാൽ നാം സന്നദ്ധരായിരിക്കണമല്ലോ."

പോണ്ടന്മാർ തങ്ങളുടെ ഭാരവും പേറി ശീഘ്രം നീങ്ങി. നസ്രായന്റെ നഗരപ്രവേശാഘോഷത്തിൽ സംബന്ധിച്ച ബഹുസഹസ്രം ജനങ്ങളിൽ നഷ്ടപഥരായി അങ്ങുമിങ്ങും ഉണ്ടായിരുന്ന ചിലരെ കാണുന്നതിനു മാത്രമേ പീലാത്തോസിനു സാധിച്ചുള്ളു. അവർ പ്രായേണ വൃദ്ധരും രോഗികളും അംഗഭംഗം ഭവിച്ചവരുമായിരുന്നു. അതിലെ കടന്നുപോയ വമ്പിച്ച ജനസംഘത്തിന്റെ അടയാളങ്ങളായി വൃക്ഷശാഖകളുടെ നഷ്ടശിഷ്ടങ്ങളും പുഷ്പദളങ്ങളും മൊട്ടുകളും ഒട്ടുവളരെ വീഥികളിൽ അവശേഷിച്ചിരുന്നു.

കൊട്ടാരത്തിലെത്തിയയുടൻതന്നെ പീലാത്തോസ് വിവിധ സേനാവിഭാഗങ്ങളിലെ അധികാരികളോടു് സ്ഥിതിഗതികൾ സംബന്ധിച്ചു് റിപ്പോർട്ടുകളാവശ്യപ്പെട്ടു. നസ്രായൻ ഒരു വമ്പിച്ച ജനാവലിയോടുകൂടി ദേവാലയത്തിനു് മുമ്പിലുണ്ടായിരുന്ന ചത്വരാങ്കണത്തിൽ പ്രവേശിക്കുകയും അവിടെവച്ചു് ജനങ്ങളെ അഭിമുഖീകരിച്ചു് പ്രസംഗിക്കുകയും ചെയ്തതായി അദ്ദേഹത്തിനു് ഗ്രഹിക്കുവാൻ കഴിഞ്ഞു. പ്രസംഗവിഷയം ഏതെന്നറിയുവാൻ സാധിച്ചില്ല. ഭടനായകന്മാർ പ്രസംഗം സമരത്തിനോ സമാധാനലംഘനത്തിനോ പ്രേരണ നൽകുന്നതായിരുന്നില്ല എന്നുമാത്രം രേഖപ്പെടുത്തിയിരുന്നു. മനുഷ്യർ തമ്മിൽ അവശ്യം ഉണ്ടായിരിക്കേണ്ട സ്നേഹത്തെപ്പററിയും മാനവവംശം പാപത്തിന്റെ ദാസ്യത്തിൽനിന്നും മോചനം ലഭിക്കുവാനുള്ള കാലം ആസന്നമായിയെന്നും പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

"അതിന്റെ സാരമെന്തെന്നു് നിങ്ങൾക്കു് മനസ്സിലായോ?" പീലാത്തോസ് സിക്രട്ടറിയോടു ചോദിച്ചു.

മാക്കസ് സങ്കോചപൂർവ്വം പറഞ്ഞു: "അദ്ദേഹം സ്വയം മിശിഹായാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുകയാണെന്നു തോന്നുന്നു. ഇസ്രായേലിന്റെ സ്വാതന്ത്ര്യസമ്പാദകൻ ഇക്കാലത്താണാഗതനാകുവാനുള്ളതെന്നു് സ്ഥാപിക്കുന്ന ഒട്ടുവളരെ വാക്യങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിലുണ്ടു്."

"സ്വാതന്ത്ര്യമോ! റോമൻ അധികാരത്തിൽനിന്നുള്ളതോ!"

"പ്രാക്കുറേറ്റർ, അതാണെന്നെനിക്കു തോന്നുന്നില്ലാ. ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നതു് ആദ്ധ്യാത്മികമായ സ്വാതന്ത്ര്യമാണു്. രാഷ്ട്രീയമല്ലതന്നെ എങ്കിലും വ്യാഖ്യാതാക്കൾ ഏകാഭിപ്രായക്കാരല്ലാ. ഓരോരുത്തനും സ്വേച്ഛാനുസാരം ലിഖിതങ്ങൾക്കു് അർത്ഥം കല്പിക്കുന്നു. തങ്ങളുടെ ദൈവവുമായി വ്യവസ്ഥാപരമായ ഒരു ബന്ധം തങ്ങൾക്കുണ്ടെന്നും പൂർവ്വികപാപപരിഹാരം തങ്ങൾ വഹിക്കേണ്ടതുണ്ടെന്നും, അതു് ദൈവപ്രേഷിതനായ മിശിഹാവഴിയാണു് നിർവഹിക്കേണ്ടതെന്നും, യഹൂദജനം വിശ്വസിക്കുന്നതായി അങ്ങു് കേട്ടിട്ടുണ്ടല്ലോ. ആ പാപപരിഹാരം നടന്നുകഴിയുമ്പോൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായ ഇസ്രായേൽജനം ഏകദൈവത്തിലുള്ള അവരുടെ വിശ്വാസംമൂലം ലോകം മുഴുവനും ഭരിക്കുകതന്നെ ചെയ്യും." ഇതിനെ ഇഷ്ടംപോലെ ആർക്കും വ്യാഖ്യാനിക്കാം."

പീലാത്തോസ് ചിന്താനിമഗ്നനായി പ്രസ്താവിച്ചു: "കിറുക്കു പിടിച്ച മതഭ്രാന്തൻ! നസ്രായന്റെ ഈ പ്രസ്ഥാനം ആപൽക്കരമാണോ? എന്തു പറയുന്നു?"

"പുരോഹിതന്മാർക്കു് ആപല്ക്കരംതന്നെ. ഈ നസ്രായനുതന്നെയും." മാക്കസ് മറുപടി പറഞ്ഞു.

"പുരോഹിതന്മാർ അയാളെ തുലയ്ക്കുവാൻവട്ടംകൂട്ടുകയാണല്ലോ."

"അതു് സ്വാഭാവികമത്രെ യഹൂദസമുദായത്തിന്മേലുള്ള പുരോഹിതന്മാരുടെ പിടി അയാൾ നശിപ്പിക്കുകയാണല്ലോ. അവരുടെ തൊഴിലിന്റെ അടിത്തറ അദ്ദേഹം മാന്തിക്കഴിഞ്ഞു."

"ഈ സംഗതികളെപ്പററി ഞാൻ കേൾക്കുവാൻ തുടങ്ങിയിട്ടു വളരെക്കാലമായി. എങ്കിലും കാര്യം എന്താണെന്നു മനസ്സിലാക്കുവാൻ ഇതുവരെ എനിക്കു് കഴിഞ്ഞിട്ടില്ലെന്നു് സമ്മതിക്കുകതന്നെവേണം. ഇയാളുടെ തത്വോപദേശങ്ങൾ നിങ്ങൾക്കു് സുപരിചിതങ്ങൾ തന്നെയോ?"

"ഏതാണ്ടു് നാടോടി ഭാഷയിൽ ഞാൻ അവയെക്കുറിച്ചു കേട്ടിട്ടുണ്ടെന്നേയുള്ളു. ദരിദ്രർക്കും അടിമകൾക്കും ആശ്വാസപ്രദമായ ഒരുപദേശമാണതു് അവർ പ്രമാണങ്ങൾ അനുസരിക്കുന്നപക്ഷം, അതായതു് മാനവസഹോദരങ്ങളെ സ്നേഹിക്കുന്നപക്ഷം, പരലോകത്തു സൗഭാഗ്യസമ്പൂർണ്ണമായ ഒരു ജീവിതം അതവർക്കു് വാഗ്ദാനം ചെയ്യുന്നു."

"ഈ സംഗതി അരിമത്യൻ ജോസഫ് എന്നോടു് പറഞ്ഞിട്ടുള്ളതാണു്. എങ്കിലും മാക്കസ്, തനിക്കുള്ള അഭിപ്രായം കേൾക്കട്ടെ."

"ഏതു വീക്ഷണകോണത്തിൽനിന്നു് നാം അതിനെ പരിഗണിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കുമല്ലോ അഭിപ്രായം" മാർക്കസ് വളച്ചുകെട്ടി പറഞ്ഞു.

"റോമൻ അധികാരിയുടെ വീക്ഷണകോണംതന്നെ വേണമല്ലോ" പീലാത്തോസ് വിശദീകരിച്ചു.

"ആ നിലയിൽ പരിശോധിച്ചാൽ ആ തത്വത്തിൽ ഗുണപ്രദവും വിപ്ലവകരവും ആയ അംശങ്ങൾ ഉണ്ടു്. ലോകം മുഴുവനിലും ആധിപത്യം സ്ഥാപിക്കണമെന്നാഗ്രഹിക്കുന്ന ഒരു ജനത താൽക്കാലികമായ കഷ്ടാനുഭവങ്ങൾ വിസ്മരിച്ചിട്ടു് അജ്ഞാതമായ പരലോകത്തു ലഭിക്കാവുന്ന സൗഭാ

(ശേഷം 11-ാംപേജിൽ)


# മഞ്ഞുകാലം

ആരംഭിക്കുന്നതുമുതൽ ദേഹത്തിലുള്ള സ്നിഗ്ദ്ധാംശം (കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം, എന്നീ ധാതുക്കളും) ക്ഷയിക്കയും, ഉഷ്ണാംശം (വായുവും, ചൂടും) വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ടാണു് മലബന്ധം, വായുസ്തംഭനം (ഗ്യാസ്ട്രബിൾ); അർശ്ശസ്സ് (മൂലക്കുരു), നീർവീഴ്ച, തുമ്മൽ, ചുമ, പനി, ക്ഷയം, ഏങ്ങൽ, വയറുവേദന, വയറുകത്യാളിച്ച. തലചുററൽ, രക്തപിത്തം (വായ, മൂക്കു്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള രക്തബഹിർഗ്ഗമനം), രക്തദൂഷ്യം, കാൽവിള്ളിച്ച. ചുണ്ടുവിള്ളിച്ച മുതലായ രോഗങ്ങൾ പലതും ഈ കാലംമുതൽ ഉത്ഭവിക്കുന്നതായും, ഈവക രോഗങ്ങളനുഭവപ്പെട്ടുകൊണ്ടിരിക്കുന്നവരിൽ അവ പൂർവ്വാധികം വർദ്ധിക്കുന്നതായും കണ്ടുവരുന്നതു്.

മഞ്ഞുകാലം മുതൽ ഇങ്ങിനെ ഉത്ഭവിക്കയും വർദ്ധിക്കയുംചെയ്യുന്ന രോഗങ്ങൾക്കടിമകളായിത്തീരാതിരിക്കണമെങ്കിൽ, ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്നിഗ്ദ്ധാംശത്തെ വർദ്ധിപ്പിക്കയും, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉഷ്ണാംശത്തെ ക്ഷയിപ്പിക്കുകയുംചെയ്തു് ദേഹത്തിലുള്ള "ശീതോഷ്ണ"ങ്ങളെ സാമ്യമാക്കിത്തീർക്കുകയാണു് ചെയ്യേണ്ടതെന്നുള്ള തത്വം ഇപ്പോൾ മിക്കവർക്കും അറിയാവുന്നതുകൊണ്ടാണു് ഈ കാലംമുതൽ "ദ്രാക്ഷാഘൃതവും" "ശാരിബാതൈലവും" ഉപയോഗിക്കുന്നവരുടെ സംഖ്യ മുൻമാസങ്ങളേക്കാൾ കൂടുതലായി കാണുന്നതു്. ഈ ഔഷധങ്ങൾ രണ്ടും ആരോഗ്യസംരക്ഷണത്തിനുവേണ്ടിയും, ദേഹം മെലിയുക, മലബന്ധം, ഗ്യാസ്ട്രബിൾ, മൂലക്കുരു, ഉഷ്ണാധിക്യം എന്നീ രോഗങ്ങളേയും, ഇവയിൽനിന്നുത്ഭവിക്കുന്ന മററു പല രോഗങ്ങളേയും ശമിപ്പിക്കുന്നതിനുവേണ്ടിയും ശിശുക്കൾ, യുവാക്കൾ, വൃദ്ധന്മാർ, ഗർഭിണികൾ, പ്രസവിച്ചുകിടക്കുന്നവർ ഇങ്ങിനെയുള്ള എല്ലാ തരക്കാർക്കും ഉപയോഗിക്കാവുന്നതാണു്.

ഈ ഔഷധങ്ങൾ രണ്ടും ആരോഗ്യസംരക്ഷണത്തിനുവേണ്ടി (മലബന്ധം, നീർവീഴ്ച മുതലായ രോഗങ്ങൾ പിടിപെടാതിരിക്കുന്നതിനുവേണ്ടി) നിത്യോപയോഗവസ്തുക്കളെപ്പോലെ, അതായതു്, താഴെ പറയുംപ്രകാരം പ്രത്യേകപത്ഥ്യംകൂടാതെ ഉപയോഗിക്കാവുന്നതാണു്.

**ദ്രാക്ഷാഘൃതം** കാലൊ, അരയൊ, മുക്കാലൊ ഉറുപ്പികാത്തൂക്കം വീതം കാലത്തെ നേരം സേവിക്കയും ഉടനെതന്നെ കാപ്പിയോ, ചായയോ, കഞ്ഞിയോ കഴിക്കുകയും ചെയ്യാവുന്നതും, ഇതുപോലെതന്നെ വൈകുന്നേരത്തെ ഭക്ഷണത്തിനുമുമ്പോ, ഭക്ഷണത്തിനുശേഷമോകൂടി സേവിക്കാവുന്നതുമാണു്. അതായതു് ദീപനശക്തിക്കനുസരിച്ചും, ദിവസം രണ്ടു പ്രാവശ്യംവീതം ശോധനയുണ്ടാകാവുന്ന അളവിലും ദിവസം ഒന്നോ, രണ്ടോ, മൂന്നോ നേരംവീതം സേവിക്കാവുന്നതാണെന്നു സാരം.

**ശാരിബാതൈലം** ദേഹം മെലിയുക, ഉറക്കക്കുറവു്, ഉന്മേഷക്കുറവു്, തലവേദന, നീർവീഴ്ച. തുമ്മൽ, രക്തദൂഷ്യം മുതലായ ഉഷ്ണാധിക രോഗങ്ങളനുഭവപ്പെടുന്നവർക്കു് ദിവസേന തലയിലും ദേഹത്തിലും തേച്ചു് അരയോ മുക്കാലോ മണിക്കൂറിനുശേഷം മെഴുക്കുമയം മുഴുവനും പോകാതെ നേരിയ ചൂടുവെള്ളംകൊണ്ടോ, പച്ചവെള്ളംകൊണ്ടോ കുളിക്കാവുന്നതാണു് (കാലത്തെ നേരവും, പച്ചവെള്ളത്തിലും കുളിക്കുകയാണു് ഉത്തമം) ദേഹം അമിതമായി പുഷ്ടിച്ചിട്ടുള്ളവർ മൂന്നോ, നാലോ ദിവസംവീതം കൂടുമ്പോൾ മാത്രം ഉപയോഗിച്ചാൽ മതി. കുടലിൽ മലം വരണ്ടു കിടക്കുകകൊണ്ടോ, മലദ്വാരത്തിങ്കലും, കുടലിലും കുരുക്കളുത്ഭവിക്കകൊണ്ടോ ദിവസവും "വിരേചന"യുണ്ടാകാതിരിക്കുന്നവർ "ദ്രാക്ഷാഘൃതം" സേവിച്ചു് ദിവസം രണ്ടുപ്രാവശ്യംവീതം മലം സുഖമായി പോയിത്തുടങ്ങുന്നതുവരെ "ശാരിബാതൈലം" തലയിൽ തേക്കാതിരിക്കുകയാണു് ഉത്തമം.

ദ്രാക്ഷാഘൃതം 8 റാ: കുപ്പി 4ക യും, ശാരിബാതൈലം 19 ഔ: കുപ്പി 3ക യും വീതമുള്ള വിലയ്ക്കു താഴെ പറയുന്ന സെയിത്സ് ഡിപ്പോകളിൽനിന്നും, 180-ൽപരം കാളൻസ് ഏജൻസികളിൽനിന്നും കിട്ടുന്നതാണു്. ഈ ഔഷധങ്ങൾ ഓരോന്നും വെവ്വേറെ റജിസ്റ്റേർഡ് പാർസലായി പോസ്റ്റൽമാർഗ്ഗം) അയയ്ക്കുന്നതിനു് 5ക. വീതവും, രണ്ടു ഔഷധങ്ങളുംകൂടി ഒരു പാർസലായി അയയ്ക്കുന്നതിനു് 9ക. 8ണ. യും മുൻകൂറായി കാളൻ, നെല്ലായി (S. India) എന്ന വിലാസത്തിൽ അയച്ചാൽ മതിയാവുന്നതാണു്.

കാളൻ'സ് സെയിൽസ് ഡിപ്പോകൾ:—

കണ്ണൂർ: കാംബസാർ ഈസ്റ്റ്. തൃശ്ശൂർ: മുനി:ആപ്പീസ് റോഡ്
തലശ്ശേരി: മിഷ്യൻ സ്കൂളിനു സമീപം എറണാകുളം: കാനൻഷെഡ് റോഡ്
കോഴിക്കോട്: S M സ്ട്രീറ്റ്. കോട്ടയം: പുളിമൂട്ടിൽ കവല.
കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീറ്റ്. ആലപ്പുഴ: ബോട്ടുജെട്ടിക്കു സമീപം കൊല്ലം: മെയിൻ റോഡ്.
പാലക്കാട്: കോർട്ട് റോഡ് തിരുവനന്തപുരം: സ്റ്റാച്യൂറോഡ്.

ഫോൺ: അളഗപ്പനഗർ: 542.


ടെലിഗ്രാം: കാളൻ, അളഗപ്പനഗർ

**കാളൻ, നെല്ലായി (S. India)**

(1-ാം പേജ് തുടർച്ച)

സാഹോദര്യത്തിന്റേയും സ്വരമുയരട്ടെ; ഏതൊരു പ്രശ്നത്തേയും സ്വകാര്യതാല്പര്യത്തേയും അനേകായിരങ്ങളുടെ ജീവിതത്തെ അടിമത്വത്തിലാഴ്ത്തുന്ന മൗലികവും സനാതനവുമായ പ്രശ്നത്തിനു ഗൗരവമായ ത്യാഗങ്ങൾ സഹിച്ചുപോലും കീഴ്പ്പെടുത്തുന്നതുമൂലം എല്ലാവരുടെയും സ്രഷ്ടാവും പിതാവുമായ ദൈവത്തിന്റെ സ്വരം ശ്രവിക്കുന്നതിനിടവരട്ടെ. എല്ലാ മനുഷ്യരും അവരുടെ അണികളെ ക്രമപ്പെടുത്തുന്നതിനും എല്ലാവരേയും—ഗവമ്മേണ്ടുകളെയും ജനങ്ങളേയും—ഗാഢമായി ഐക്യപ്പെടുത്തുന്ന സുശക്തമായ ഒരുടമ്പടിയാൽ ബന്ധിക്കുന്നതിനും കഴിവതുംവേഗത്തിൽ പരിശ്രമിക്കട്ടെ. ദൈവമക്കൾക്കടുത്ത അന്തസ്സും അഭിമാനവും ഒത്തിണങ്ങിയ ഒരു മാർഗ്ഗത്തിൽ ലോകം ചരിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം ഇതിൽ യോജിക്കണം. ഈ ഉടമ്പടിയിൽ ഏർപ്പെടുന്ന അംഗങ്ങളുടെ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും എതിരായി ഉണ്ടാകാവുന്ന അനീതിപരമായ ഏതു ആക്രമണത്തിലും അവരെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുള്ള കഴിവു പ്രസ്തുത ഉടമ്പടിക്കുണ്ടാകണം. ഈ മാർഗ്ഗത്തിൽപെടാതെ മാറിനില്ക്കുന്നവർക്കു വിജനമായ മരുപ്രദേശം മാത്രമേ ആലംബമുണ്ടാകൂ എന്നുള്ളതു് സത്യസന്ധരായവരുടെ കുററംകൊണ്ടായിരിക്കുകയില്ലല്ലോ. സ്വാതന്ത്ര്യത്തേയും സമാധാനത്തേയും ആത്മാർത്ഥമായി അഭിലഷിക്കുന്ന രാജ്യങ്ങളുടെ ഉറപ്പുള്ള ഒരു സംഘടനയെപ്പററി നമുക്കു ഹൃദയപൂർവ്വകമായ പ്രത്യാശയുണ്ടു്, അതു നിറവേറുമെന്നാണു് തോന്നുന്നതു്. മാനവസമുദായത്തിന്റെ പ്രാഥമികനിയമങ്ങളെപ്പോലും അനാദരിക്കുകയും തന്മൂലം നീതിബോധത്തെക്കുറിച്ചോ സമാധാനത്തെക്കുറിച്ചോ മാനവസമുദായത്തിന്റെ പേരിൽ സംസാരിക്കുന്നതിനുള്ള അവകാശം സ്വയം നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നവരെ സുബോധമുള്ളവരാക്കുന്നതിനു അതിനു കഴിയുമെന്നതാണു് ആ പ്രത്യാശ. പ്രത്യേകിച്ചു് ആ രാജ്യങ്ങളിലെ ജനങ്ങൾ അതവർക്കു പ്രദാനം ചെയ്യുന്ന ആനുകൂല്യങ്ങളേയും ബഹുമാനങ്ങളേയും ആസ്വദിക്കത്തക്കവണ്ണം മാനവകുടുംബത്തിന്റെ അംഗങ്ങളായി തിരിച്ചുവരേണ്ട ആവശ്യകതയെപ്പററി അവ ബോധമുള്ളവരാകാതിരിക്കുകയില്ല.

“ആകയാൽ പാശ്ചാത്യരും പൗരസ്ത്യരുമായ നമ്മുടെ പ്രിയപ്പെട്ട ജനങ്ങളേ, മനുഷ്യരുടെ പൊതുഭവനത്തിലെ അംഗങ്ങളായ നിങ്ങളെല്ലാവരും സ്വാതന്ത്ര്യത്തിനും സമാധാനത്തിനുംവേണ്ടി സംഘടിക്കുവിൻ. സമാധാനം, സ്വാതന്ത്ര്യം! ഗൗരവപൂർണ്ണമായ ഈ പദങ്ങളുടെ അർത്ഥത്തെപ്പററി സംശയിച്ചിരിക്കുവാൻ നിവൃത്തിയില്ലാത്ത സമയം വന്നുകഴിഞ്ഞിരിക്കുന്നു. പ്രകൃതിനിയമങ്ങളിൽനിന്നും സ്രഷ്ടാവിന്റെ പ്രത്യക്ഷമായ അഭീഷ്ടത്തിൽനിന്നും വിശദീകരിക്കപ്പെട്ടതും എക്കാലവും നാം ലക്ഷ്യമാക്കിയിരുന്നതുമായ അവയുടെ വിശദവും സനാതനവുമായ അർത്ഥത്തിലേക്കാണു് അവ വന്നെത്തിയിരിക്കുന്നതു്. നിങ്ങൾ അവയെ ആവർത്തിച്ചുപറയുക; അവയെ പ്രഘോഷണം ചെയ്യുക; അവയെ പ്രവൃത്തിയിൽ അനുകരിക്കുക. നിങ്ങളുടെ ഭരണകർത്താക്കൾ നിങ്ങളുടെ ശരിയായ ആശയങ്ങളേയും അഭിലാഷങ്ങളേയും ആദരിക്കുന്ന വിശ്വസ്തരായ വക്താക്കളായിരിക്കട്ടെ. ദൈവം നിങ്ങളെ സഹായിക്കും. അവിടുന്നു നിങ്ങളുടെ ശക്തിയായിരിക്കും. ദൈവം, അതെ, ദൈവം. സത്യത്തിന്റേയും നീതിയുടേയും സ്വാതന്ത്ര്യത്തിന്റേയും ഉറവിടമായ ഈ അതുല്യനാമം പ്രതിനിധിമന്ദിരങ്ങളിലും പൊതുനിരത്തുകളിലും, ഭവനങ്ങളിലും ഫാക്ടറികളിലും, ബുദ്ധിജീവികളുടേയും തൊഴിലാളികളുടെയും അധരങ്ങളിലും, മുദ്രാലയങ്ങളിലും റേഡിയോകളിലും മാറെറാലിക്കൊള്ളട്ടെ. ദൈവനാമം സമാധാനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പര്യായപദമായിരിക്കട്ടെ. സുമനസ്സുകളുടെ മാനദണ്ഡവും, രാജ്യങ്ങളുടേയും ജനതയുടേയും ഐക്യബന്ധവും പൊതുരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സഹോദരന്മാരുടേയും അധികാരികളുടേയും പരസ്പരധാരണയ്ക്കുള്ള അടയാളവും അതായിരിക്കട്ടെ. ദൈവം നിങ്ങളെ മന്ദതയിൽനിന്നുണർത്തട്ടെ. ദുഷ്ടന്മാരായ സ്വേച്ഛാധിപതികളുടെയും യുദ്ധകുതുകികളുടേയും കൂട്ടുകെട്ടുകളിൽനിന്നു് അവിടുന്നു നിങ്ങളെ വിടുത്തുകയും നിങ്ങളുടെ മനസ്സാക്ഷിയെ പ്രകാശിപ്പിക്കുകയും പുനരുദ്ധാരണപരമായ നിങ്ങളുടെ കൃത്യങ്ങളിൽ നിങ്ങളുടെ മനസ്സിനെ ഉറപ്പിക്കുകയും ചെയ്യട്ടെ. സർവ്വോപരി അവിടുത്തെ ദിവ്യനാമം വിശുദ്ധസ്ഥലങ്ങളിലും ജനഹൃദയങ്ങളിലും മാറെറാലിക്കൊള്ളട്ടെ. മനുഷ്യന്റെ ദുർബ്ബലകരങ്ങൾക്കസാദ്ധ്യമായിട്ടുള്ളവയെ നിറവേററുന്നതിനു അവിടുത്തെ അനന്തമായ ശക്തിയുടെ സഹായം നമുക്കു ലഭിക്കുന്നതിനായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ആദ്യമായി നാം തന്നെ കരുണയുടെ സിംഹാസനത്തിൻമുമ്പിൽ ഈ പ്രാർത്ഥനയെ അർപ്പിച്ചുകൊണ്ടു് ലോകത്തിന്മേലും മ്ലാനമായ വദനങ്ങളിന്മേലും ശാന്തത ഒരിക്കൽക്കൂടി പ്രസന്നമായി പ്രത്യാഗമിക്കുമെന്നും ഇപ്രകാരമുള്ള പരീക്ഷണങ്ങളെ അതിജീവിച്ചു് സമാഗതമാകുന്ന സമാധാനം കൂടുതൽ യഥാർത്ഥവും, കൂടുതൽ സ്ഥായിയും, കൂടുതൽ നീതിപൂർവ്വകവുമായിരിക്കുമെന്നും ഉള്ള ഉറപ്പോടുകൂടി നാം വിരമിക്കട്ടെ.”




**For favours received**

Inserted by
A. Karippayil, Vengal,
Tiruvalla

# തിരസ്ക്കരണികളിൽ

(ഫാദർ ജേക്കബ്ബ് മാഞ്ഞൂരാൻ ബി. എ.)

പോളണ്ടു്, ഹംഗറി, റുമേനിയാ, അൽബേനിയ, ചെക്കോസ്ലോവാക്കിയ, ലിത്വാനിയാ എന്നീ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെ സ്വതന്ത്രലോകത്തുനിന്നു കമ്മ്യൂണിസത്തിന്റെ ഇരുമ്പുമറയിട്ടു മറച്ചിരിക്കയാണു്. ഇതുവരെ ഈ രാജ്യങ്ങൾ റഷ്യൻകമ്മ്യൂണിസത്തിന്റെ ഇരുമ്പുമുഷ്ടികളിൽ കിടന്നു ഞെരിപിരികൊള്ളുകയായിരുന്നു. ഇന്നു അവ റഷ്യൻ മേധാശക്തിയെ വലിച്ചെറിഞ്ഞു സ്വതന്ത്രരാകുവാൻ വെമ്പൽകൊള്ളുകയാണു്. മോസ്കോ വിരുദ്ധവിപ്ലവങ്ങൾ ഈ രാജ്യങ്ങളിലെല്ലാം പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഇരുമ്പു തിരസ്കരണിക്കുള്ളിലെ റഷ്യയുടെ ഈ ഉപഗ്രഹരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുടെ മതവിരുദ്ധപരിപാടികൾ എവ്വിധം പ്രവർത്തിക്കുന്നുവെന്നു പഠിച്ചറിയുവാൻ യൂറോപ്യൻ പര്യടനം കഴിച്ചു മടങ്ങിയ മോൺസിഞ്ഞോർ ഷീഹി അദ്ദേഹത്തിന്റെ “കമ്മ്യൂണിസ്റ്റുകാർ ഇപ്പോഴും ദൈവത്തോടു പടവെട്ടുന്നു” എന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു് “മതത്തോടുള്ള കമ്മ്യൂണിസ്റ്റുമനോഭാവത്തിനു എന്തെങ്കിലും വ്യതിയാനം വന്നുവെന്നു വിചാരിക്കുന്നതു മൗഢ്യമാണു്” എന്നാണു്. അദ്ദേഹം തുടന്നു പറയുന്നു: “എന്റെ അറിവിനു ആസ്പദമായ വസ്തുതകളെ ഞാൻ വെളിപ്പെടുത്തുകയാണെങ്കിൽ അതുമൂലം ധീരന്മാരായ ക്രിസ്ത്യാനികളെ മരണവക്ത്രത്തിലേക്കു ഞാൻ ഉന്തിവിടുകയായിരിക്കും ചെയ്യുക.”


1843-ൽ കാറൽ മാർക്സ് പ്രഖ്യാപിച്ചു “മതം ജനങ്ങളുടെ കറുപ്പാണു്, ഈ കറുപ്പിന്റെ മയക്കവിദ്യയിൽനിന്നു ജനങ്ങളെ വിമോചിപ്പിക്കേണ്ടതു നമ്മുടെ കടമയാണെ”ന്നു്. 66 കൊല്ലത്തിനുശേഷം ലെനിൻ വിളംബരം ചെയ്തു “മാർക്സിസം ഭൗതികത്വമാണു്. അതുകൊണ്ടുതന്നെ അതു മതത്തിന്റെ ബദ്ധശത്രുവുമാണു്” എന്നു്. കഴിഞ്ഞകൊല്ലം റഷ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ ഒന്നാം സിക്രട്ടറി ക്രൂഷേവു ആക്രോശിച്ചു: “ഞങ്ങൾ നിരീശ്വരന്മാരായി നിലകൊള്ളുന്നു. മതമാകുന്ന കറുപ്പിന്റെ മത്തിൽനിന്നു കുറെ ഭാഗം ജനങ്ങളെയെങ്കിലും സ്വതന്ത്രരാക്കുവാൻ ഞങ്ങളാലാകുന്നതു ഞങ്ങൾ ചെയ്യും.” അങ്ങനെ കമ്മ്യൂണിസ്റ്റുകാർക്കു മതത്തോടുള്ള പഴയ വിദ്വേഷമനഃസ്ഥിതി മാറിവരുന്നുണ്ടെന്നുള്ള പൊതുവഭിപ്രായത്തെ അക്ഷരശഃ ഖണ്ഡിച്ചുകൊണ്ടു മാർക്സിയൻ തീസിസ് മതവിരുദ്ധമാണെന്നു അദ്ദേഹം സമർത്ഥിക്കുകയുണ്ടായി.

കത്തോലിക്കാസഭയോടുള്ള കമ്മ്യൂണിസ്റ്റുമനോഭാവം എവ്വിധമാണെന്നു അറിയുവാൻ വലിയ സോവിയററു എൻസൈക്ലോപീഡിയായിൽ “വത്തിക്കാൻ” എന്നതിന്റെ നിർവ്വചനം കൊടുത്തിരിക്കുന്നതിൽനിന്നു ഏറെക്കുറെ മനസ്സിലാക്കാം. “വത്തിക്കാൻ”—കത്തോലിക്കാസഭയുടെ തലവനായ റോമാമാർപ്പാപ്പായുടെ വാസസ്ഥലമാകുന്നു. ഇതു അന്താരാഷ്ട്രീയ പ്രത്യാഘാതത്തിന്റേയും അന്ധതയുടേയും പ്രധാനകേന്ദ്രങ്ങളിലൊന്നാണു്. മുതലാളിത്തതാല്പര്യങ്ങളുടെ ഒരു യഥാർത്ഥസംരക്ഷകയും, അന്താരാഷ്ട്രീയ പ്രത്യാഘാതത്തിന്റെ പ്രധാനകേന്ദ്രങ്ങളിലൊന്നുമെന്ന നിലകളിൽ അതു ജനാധിപത്യത്തിന്റേയും സമാധാനത്തിന്റേയും ഭയങ്കരശത്രുവായി നിലകൊള്ളുന്നു. പാപ്പാധിപത്യത്തിന്റെ നീണ്ടുനിവന്ന ചരിത്രം മുഴുവനും മാനവചരിത്രത്തിലെ പുരോഗമനപരമായ എല്ലാററിനോടും സന്ധിയില്ലാസമരം ചെയ്തതിന്റെ ഒരു ചരിത്രമാണു്. മാർക്സിസം, ലെനിനിസം എന്നീ തത്വസംഹിതകളോടും തൊഴിലാളിവർഗ്ഗത്തിന്റെ ആശയഗതിയോടും രാഷ്ട്രീയത്തോടും എതിരായി ലഹരിപിടിച്ചപോലെയാണു് പാപ്പാധിപത്യം പ്രയത്നിച്ചുകൊണ്ടിരിക്കുന്നതു്. ജനാധിപത്യത്തോടും, കമ്മ്യൂണിസത്തോടും, യു. എസ്സ്. എസ്സ്. ആറിനോടും മററു ജനാധിപത്യരാജ്യങ്ങളോടും കടുത്ത ശത്രുത പുലർത്തിക്കൊണ്ടുപോരികയാണു് വത്തിക്കാന്റെ നയം. അതു ലോകത്തിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന സാമ്രാജ്യശക്തികളുടെ ഉപകരണവും മിത്രവുമാണു്.”

കമ്മ്യൂണിസംതന്നെ മതാവേശം നൽകുന്ന ഒരു പ്രസ്ഥാനമാണു്. അതു് അതിന്റേതായ ഒരു ജീവിതക്രമം സൃഷ്ടിക്കുവാൻ ശ്രമിക്കുകയാണു്. അങ്ങനെയുള്ള ജീവിതത്തിനു കുറെയൊക്കെ ആന്തരികസംയമനം ആവശ്യമാണു്. മനുഷ്യസ്വഭാവത്തിൽ ശ്രേഷ്ഠമായതിനെയെല്ലാം മതം കെട്ടിപ്പടുത്തുയർത്തുമ്പോൾ കമ്മ്യൂണിസം അതെല്ലാം തട്ടിയുടച്ചു നിലംപരിശാക്കുന്നു.

മതം, യഹൂദമതമോ, പ്രോട്ടസ്റ്റൻറുമതമോ, കത്തോലിക്കാമതമോ ഏതായാലും ആ ഒരു ശക്തിയേയാണു് കമ്മ്യൂണിസം ഏററവും അധികം ഭയപ്പെടുന്നതു്. ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന ആദ്ധ്യാത്മികചിന്താവിശേഷം അവനിൽ വീണ്ടും ശക്തി പ്രാപിക്കുമെന്നു കമ്മ്യൂണിസത്തിനറിയാം. അതാണു് പോളണ്ടിൽ സംഭവിച്ചിരിക്കുന്നതു്. ചരിത്രപ്രസിദ്ധിയാന്ന കത്തോലിക്കാ


## ഹംഗറിയിലെ സ്വാതന്ത്ര്യസമരം



ഹംഗറിയിലെ സ്വാതന്ത്ര്യസമരത്തിൽ 2500 സോവ്യററുഭടന്മാർ മരിക്കുകയും 5000 പേക്കു മുറിവേല്ക്കുകയും ചെയ്തതായി പറയപ്പെടുന്നു. ബുഡാപ്പെസ്റ്റിൽ സ്ഥാപിതമായിരുന്ന സ്റ്റാലിൻപ്രതിമ തട്ടിത്തകർക്കുകയും തെരുവിൽക്കൂടി വളരെ ദൂരം വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തു. ഒടുവിൽ ഒരു തെരുവുമൂലയ്ക്കു കൊണ്ടുപോയി നിക്ഷേപിച്ചിരിക്കുന്നതാണു് ചിത്രം.




ഹംഗറിയിലെ സോവ്യററു കൈയേററത്തെ പ്രതിഷേധിച്ചു് ഐക്യരാഷ്ട്രസമിതിയിലെ റഷ്യൻപ്രതിനിധിയുടെ ആഫീസിനു മുൻപിൽ ന്യൂയോക്കിലെ ഹംഗേറിയൻ നാഷനൽ കൗൺസിലിലെയും ഹംഗേറിയൻ ഫെഡറേഷനിലേയും അംഗങ്ങൾ പ്രകടനം നടത്തുന്നു.



സോവ്യററു് ആക്രമണവിധേയരായ ഹംഗറിക്കാക്കുവേണ്ടി അമേരിക്കൻ റെഡ്ക്രോസ് സംഭരിച്ചിരിക്കുന്ന വിഭവങ്ങളെ മോൺ: ബെലാ വാർഗാ ആശീർവ്വദിക്കുന്നു. 1947-ൽ ഹംഗേറിയൻ പാർലമെൻറു് സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ദേഹമാണു മോൺ: ബെലാ വാർഗാ.

# ചെറുകഥ

## കണ്ണീരിന്റെ കഥ

(തൃക്കൊടിത്താനം പാക്കൊ)

(തുടർച്ച)

"ജോബ്" എന്നായിരുന്നു ആ സ്നേഹിതന്റെ പേര്. ഹൈസ്കൂൾ ജീവിതത്തിലെ മറക്കുവാൻ വഹിയാത്ത എന്റെ ഒരു സുഹൃത്ത്.

സൗന്ദര്യവും, ആരോഗ്യവും അദ്ദേഹത്തിൽ വേണ്ടുവോളം ഉണ്ടായിരുന്നു.

സിക്സ്ത് ഫാറത്തിൽപഠിക്കുമ്പോഴായിരുന്നു ജോബിന്റെ പിതാവു മരണമടഞ്ഞതു്. പിന്നെ തുടർന്നുപഠിക്കുന്നതിനു നിവൃത്തിയില്ലാതായിത്തീർന്നതുകൂടാതെ, രണ്ടു സഹോദരികളേയും, ഒരു സഹോദരനേയും വൃദ്ധയായ മാതാവിനേയും സംരക്ഷിക്കേണ്ട ചുമതലയും ജോബിന്റെ ചുമലിലായി. പിതൃസ്വത്തായി ഇരുപതു സെന്റു സ്ഥലവും, ഒരു മൺപുരയും ആണ് ആകെ ഉള്ളതു്. കൂലിവേലയിൽനിന്നും കിട്ടുന്ന തുച്ഛമായ തുകയിൽനിന്നും മിച്ചമെടുത്തു് അയാൾ മകനെ പഠിപ്പിച്ചു. ഒരു ഗവ: ഉദ്യോഗം മനസ്സിൽ ഉന്നം വച്ചുകൊണ്ടു് അയാൾ മകനെ വളരെയധികം പ്രതീക്ഷകളോടുകൂടി പഠിപ്പിച്ചു. പല ദിവസങ്ങൾ അർദ്ധപ്പട്ടിണിയിൽ കഴിച്ചുകൂട്ടി.

പക്ഷെ ആ പാവപ്പെട്ട കുടുംബത്തിന്റെ അവസ്ഥ കണ്ടുകൊണ്ടു് വിദ്യാലയത്തിൽ തുടർന്നു പഠിക്കുവാൻ അവനു സാധിച്ചില്ല. അങ്ങനെ എന്നന്നേക്കുമായി ജോബ് വിദ്യാലയത്തോടു യാത്രപറഞ്ഞു പിരിഞ്ഞു.

പിന്നീടു് ജോലിക്കുവേണ്ടിയുള്ള ശ്രമമായിരുന്നു. മിക്കവാറും ഞായറാഴ്ചദിവസങ്ങളിൽ ജോബ് എന്റെ വീട്ടിൽ വരുമായിരുന്നു. വളരെയധികം വിഷമതകളും ദുഃഖങ്ങളും എന്നോടു തുറന്നു പറയുമായിരുന്നു. എങ്ങനെയെങ്കിലും ബാങ്കിൽ ഒരുദ്യോഗം, അതിലേക്കു് എന്നെ വളരെയധികം അലട്ടിത്തുടങ്ങി.

എന്റെ ബാങ്കിൽ ഒരു പുതിയ ആളിന്റെ സേവനം ആവശ്യമില്ലായിരുന്നു. കാരണം കൂടാതെ പിരിച്ചുവിട്ടിട്ടു് ഉദ്യോഗം സൃഷ്ടിക്കുക എന്റെ മനസ്സാക്ഷിക്കു ചേർന്നതല്ലാത്തതിനാൽ ജോബിന്റെ അഭിപ്രായത്തെ എനിക്കു നിരസിക്കേണ്ടിവന്നു. പക്ഷെ ഒരു കാര്യം തുറന്നുപറഞ്ഞു. എവിടെയെങ്കിലും ജോബിനൊരു ജോലി വാങ്ങിക്കൊടുക്കാമെന്നു്.

അങ്ങനെ കുറച്ചുദിവസത്തിനുള്ളിൽ ഇവിടത്തെ റബ്ബർഫാക്ടറിയിൽ ജോബിനൊരു ജോലി വാങ്ങിക്കൊടുത്തു. ദിവസം ശരാശരി രണ്ടേമുക്കാൽരൂപയോളം കിട്ടിത്തുടങ്ങിയതിനാൽ ആ കുടുംബം പട്ടിണിയില്ലാതെ മുന്നോട്ടു നീങ്ങിത്തുടങ്ങി.

പിന്നീടും സൗകര്യമുള്ളപ്പോഴൊക്കെ ജോബു വീട്ടിൽവരും. എനിക്കദ്ദേഹത്തോടു കൂടുതൽ സ്നേഹം തോന്നിത്തുടങ്ങി. മൂന്നുനാലു ജീവനെ ദാരിദ്ര്യമനുഭവിപ്പിക്കാതെ മുന്നോട്ടുനീക്കുന്ന ഒരു യുവാവിനോടു് എങ്ങനെ സ്നേഹം തോന്നാതിരിക്കും?

വർഷങ്ങൾ രണ്ടു കടന്നുപോയി. ഇതിനകം ജോബിൽ വളരെ പരിവർത്തനങ്ങളും സംഭവിച്ചുകഴിഞ്ഞു. എന്റെ വീട്ടിൽ വരുന്നതുതന്നെ വളരെ അപൂർവ്വമായിത്തുടങ്ങി.

ഒരുദിവസം. അതെ അന്നൊരു ഞായറാഴ്ചയായിരുന്നെന്നാണ് എന്റെ ഓർമ്മ. ഞാൻ ജോബിന്റെ വീട്ടിൽചെന്നു. അയാളുടെ മാതാവു് വിഷാദമൂകയായി ഇരിക്കുകയായിരുന്നു. എന്നെ കണ്ടുകഴിഞ്ഞപ്പോൾ അവരുടെ നയനങ്ങൾ നിറഞ്ഞുകവിഞ്ഞു. അവർ കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു പറഞ്ഞു: "കുഞ്ഞേ, ജോബിവിടെ ഇല്ല. അവൻ പണ്ടത്തെപ്പോലൊന്നുമല്ല. ജോലിക്കു പോകുകതന്നെ വളരെ ചുരുക്കമാ. അഥവാ പോയാൽതന്നെ കിട്ടുന്ന കാശൊന്നും ഇവിടെ തരാതെ കണ്ടമാനം കളയുകയാ. കൂടുതൽ സമയവും ആ സിന്താബാദുകാരുടെ പുറകേയാണ്. നെല്ലും പണോമുള്ളടത്തെ പിള്ളാരു പോന്നപോലെ ഇവനു പോകാനൊക്കുമോ? ഒരു ദിവസം ജോലിക്കു പോയില്ലെങ്കിൽ അന്നു വീടു പട്ടിണിയാ." ഇത്രയും പറഞ്ഞുകഴിഞ്ഞതോടെ ആ സ്ത്രീ പൊട്ടിക്കരഞ്ഞുപോയി.

എനിക്കു കാര്യമെല്ലാം മനസ്സിലായി. ഞാൻ ആ വൃദ്ധയെ സമാധാനപ്പെടുത്തിയശേഷം വീട്ടിലേക്കു തിരിച്ചു. പിന്നീടു പലപ്രാവശ്യം ഞാൻ ജോബിനെ കണ്ടിട്ടുണ്ടു്. പക്ഷെ സംസാരിക്കുന്നതിനു സൗകര്യം തരാതെ ഒഴിഞ്ഞുമാറുകമാത്രം.

ഒരുദിവസം ബാങ്കിൽനിന്നും വീട്ടിലേക്കു വരുന്നവഴിക്കാണു് ജോബിന്റെ പരസ്യമായ പ്രവർത്തനം ഞാൻ കണ്ടതു്. ഇരച്ചുപാഞ്ഞു് മുഷ്ടികൾ ചുരുട്ടി ആകാശത്തോടു മല്ലിടുവാൻ തയ്യാറായിവരുന്ന ആളുകളുടെകൂടെ ജോബും ഇറങ്ങി പുറപ്പെട്ടിരിക്കുകയാണ്. പലരുടേയും കൈയിൽ പ്ലക്കാർഡുകൾ ഉണ്ടായിരുന്നു. അടുത്തു നടക്കുവാൻപോകുന്ന ഒരു സമരകോലാഹലത്തിന്റെ മുന്നറിയിപ്പു കാട്ടിക്കൊണ്ടു് ജാഥാ കടന്നുപോയി.

ഈ രംഗം കണ്ട ഞാനും സത്യത്തിൽ കരഞ്ഞുപോയി. ഒരു പാവപ്പെട്ട കുടുംബം നിലയില്ലാത്ത നീക്കയത്തിലേക്കു താണുതുടങ്ങി.

അല്പദിവസത്തിനുള്ളിൽ ആ ഫാക്ടറി കമ്മ്യൂണിസ്റ്റ് സഖാക്കളുടെ സമരക്കളമായി മാറിക്കഴിഞ്ഞു. ന്യായമല്ലാത്ത വാദമുഖങ്ങൾ ഉന്നയിച്ചു് പാവപ്പെട്ട തൊഴിലാളികളെ കമ്മ്യൂണിസ്റ്റു ചേരിയിലേക്കു ആനയിച്ചു. തൊഴിലാളികൾ നേതൃത്വത്തെ കണ്ണുമടച്ചു വിശ്വസിച്ചു് പണിമുടക്കിനു സന്നദ്ധരായി. ആവേശഭരിതരായ നേതാക്കന്മാർ തൊഴിലാളികളെക്കൊണ്ടു് ഫാക്ടറിമാനേജരുടെ ബംഗ്ലാവു തല്ലിപ്പൊളിപ്പിച്ചു

സമാധാനപാലകർ പാഞ്ഞെത്തു. അവർ ജോബിനേയും മററു രണ്ടു സഹപ്രവർത്തകരേയും അറസ്റ്റു ചെയ്തു് വാനിൽ കയററി. ഫാക്ടറിസമരം അതോടുകൂടി ശാന്തമായി. നേതാക്കന്മാർ തക്കംനോക്കി മാറിക്കഴിഞ്ഞു.

അവരുടെ ആത്മാർത്ഥത. സത്യവും നീതിയും തൊട്ടുതേച്ചിട്ടില്ലാത്ത സഖാക്കളുടെ പെരുമാററം. മൂന്നു കുടുംബങ്ങളെ മുഴുപ്പട്ടിണിയിലും തോരാത്ത കണ്ണീരിലും മുക്കിത്താഴ്ത്തുവാൻ അവർക്കു സമരം കൊണ്ടു സാധിച്ചു.

ജോബിന്റെ മാതാവനുഭവിച്ച വേദന, അവർ പൊഴിച്ച കണ്ണുനീർ ഇവ എത്രമാത്രമായിരിക്കും, ഒന്നാലോചിക്കൂ. അവരുടെ ആശകൾ കത്തിത്തീർന്നുപോയി. പ്രതീക്ഷകൾ നാമ്പടഞ്ഞുപോയി. മകന്റെ ജയിൽജീവിതത്തിൽ ഒരു മാതാവു് എങ്ങനെ സഹിക്കും? ആശകൾക്കു രൂപംകൊടുക്കുവാൻ മറെറാരുമാർഗ്ഗം എവിടെ?

ദിവസങ്ങൾ പിന്നേയും അകന്നുപോയിത്തുടങ്ങി. ജയിലിന്റെ കറുത്ത കരിങ്കൽഭിത്തിക്കുള്ളിൽ കിടന്നു അവൻ വളരെ ആശിച്ചു, അവനെ മോചിപ്പിക്കുവാൻ പാർട്ടി മുൻകൈയെടുക്കുമെന്നു്; പാർട്ടിയുടെ വൻകിടനേതാക്കന്മാർ പട്ടിണികിടക്കുമെന്നവൻ വിചാരിച്ചു. പക്ഷെ ഇവയൊന്നും സംഭവിച്ചില്ല. ഫാക്ടറിയിൽ പണി മുറയ്ക്കു നടന്നുകൊണ്ടേയിരുന്നു.

ഒരുദിനം ജോബിന്റെ വൃദ്ധമാതാവു് ജോബിനെ ഒരുനോക്കു കാണുവാൻ ജയിലിലേക്കു ചെന്നു. എല്ലും തോലും മാത്രമായ ആ മനുഷ്യക്കോലത്തേയും അവരുടെ ഒലിച്ചിറങ്ങുന്ന ചുടുകണ്ണീരും ജോബിൻ ഭൂതകാലത്തിലെ അർത്ഥമില്ലാത്ത പെരുമാററത്തെക്കുറിച്ചു ചിന്തിക്കുവാൻ അയാൾക്കു പ്രേരണനൽകി

പാർട്ടി കാട്ടിക്കൂട്ടിയിട്ടുള്ള വഞ്ചനയുടെ നിരവധി സംഭവങ്ങൾ അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നുതുടങ്ങി. പാർട്ടി ഒഴുക്കിയിട്ടുള്ള രക്തപ്പുഴയിൽനിന്നും ശാന്തിയുടേയും സമാധാനത്തിന്റേയും വിത്തുകൾ മുളയ്ക്കുവാൻതുടങ്ങി. ജോബ് കഴിഞ്ഞകാലജീവിതത്തെയോർത്തു പശ്ചാത്തപിച്ചു.

ജയിലിൽവച്ചു പല പ്രാവശ്യം ഞാൻ ജോബിനെ സന്ദർശിച്ചു. പാർട്ടിയുടെ നെറികേടിന്റെ പല ചരിത്രങ്ങളും എന്നോടു തുറന്നുപറഞ്ഞു. ഇവയെല്ലാം ജനതാമദ്ധ്യത്തിൽ തുറന്നുവയ്ക്കുവാൻ അയാളാഗ്രഹിച്ചു.

ജോബിന്റേയും സഹപ്രവർത്തകരുടേയും മോചനത്തിനുവേണ്ടി ഞാനും ശ്രമിച്ചു. കുറച്ചുദിവസങ്ങൾക്കുള്ളിൽ അവർ വിമോചിതരായി.

ജയിൽജീവിതത്തിനു ശേഷം ഒരു പുതിയ മനുഷ്യനായിട്ടാണു് ജോബിനെ ഈ നാട്ടുകാർ അറിഞ്ഞതു്. അയാൾ ഉൾപ്പെടെ നടത്തിയിട്ടുള്ള അനേകം കൊള്ളരുതായ്മകളുടെ ഇരുമ്പുമറ തട്ടിനീക്കി ജനങ്ങളെ കാണിച്ചു. വിറളിപിടിച്ച സഖാക്കൾ ജോബിന്റേയും സഹപ്രവർത്തകരുടേയും പ്രസ്താവനകളേയും അവരുടെ അനുഭവചരിത്രത്തേയും നിഷേധിച്ചു.

ആയിരക്കണക്കിനു മനുഷ്യജീവികളെ കുരുതികഴിച്ചുറപ്പിച്ചിരിക്കുന്ന പാർട്ടിയുടെ നീചമായ പെരുമാററത്തെ ജോബു തുറന്നുകാട്ടിയപ്പോൾ തൊഴിലാളിവർഗ്ഗം നടുങ്ങി. വിപ്ലവത്തിന്റെ വെന്നിക്കൊടി അവർ പിഴുതുമാററി. സമാധാനത്തിന്റെ കാഹളം എങ്ങും മുഴക്കി.

പാർട്ടിക്കു് അനുദിനം ക്ഷീണം സംഭവിച്ചുതുടങ്ങി. ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് ഏതുമാർഗ്ഗവും സ്വീകരിക്കാമെന്നുള്ള കമ്മ്യൂണിസ്റ്റ്തത്വസംഹിതയുടെ വഴിത്താരയിൽനിന്നും ശാന്തിയുടേയും സമാധാനത്തിന്റേയും രാജവീഥിയിൽക്കൂടി മുന്നേറാൻ തൊഴിലാളിവർഗ്ഗം ആഗ്രഹിച്ചു.

ജോബിന്റെ നീണ്ട അനുഭവങ്ങളുടെമുന്നിൽ സഖാക്കൾ ചൂളിപ്പോയി. പാർട്ടിയെക്കുറിച്ചുള്ള വിശ്വാസം തൊഴിലാളികൾക്കു കുറഞ്ഞു. എങ്ങും സമാധാനത്തിന്റെ സന്ദേശം. പേപ്പട്ടികളെപ്പോലെ നാക്കുനീട്ടി സഖാക്കൾ ജോബിന്റെ ജീവനുവേണ്ടി പാഞ്ഞുനടക്കുകയാണ്.

അന്നു് അല്പം ഇരുട്ടിയിട്ടായിരുന്നു ജോബു വീട്ടിലേക്കു തിരിച്ചതു്. പക്ഷെ ഇടവഴികളിലെ കുററിക്കാട്ടിൽ ഒളിച്ചിരുന്ന സഖാക്കൾ ജോബിന്റെ ജീവൻ അവരുടെ കഠാരിത്തുമ്പിൽ ഉയർത്തിനിർത്തി.

ഒരു ദയനീയസ്വരംകേട്ടു് ഓടിയെത്തിയവർ ജോബിനെ ആസ്പത്രിയിലേക്കു വളരെവേഗം മാററി. അധികാരികൾ ആവശ്യമായ നടപടികൾ സ്വീകരിച്ചു. ജോബിന്റെ മരണമൊഴി അവർ രേഖപ്പെടുത്തി.

ആസ്പത്രിനിറയെ ആളുകൾ തിങ്ങിക്കൂടി. വിവരമറിഞ്ഞു് ഞാനും ആസ്പത്രിയിലെത്തി. എന്നെ കണ്ടപ്പോൾ അയാളുടെ നയനങ്ങൾ നിറഞ്ഞു. പലതും എന്നോടു വിമ്മിഷ്ടപ്പെട്ടു പറഞ്ഞു. ഒടുവിൽ ജോബ് എന്നോടുപറഞ്ഞ അർത്ഥവത്തായ വാക്കുകൾ ഇങ്ങനെയായിരുന്നു:- "പാർട്ടിക്കുവേണ്ടി എന്റെ നല്ലകാലം ഞാൻ ചിലവഴിച്ചു. പാർട്ടിയുടെ വളർച്ചയ്ക്കുവേണ്ടി കുടുംബത്തെ പട്ടിണിയിട്ടു. ഒടുവിൽ പാർട്ടിയുടെ പിണിയാളുകളുടെ കൈകൾ എന്റെ ജീവനും ഞെരിച്ചു. സഹോദരാ, എന്നെ തെററിദ്ധരിക്കരുതെന്നു വീണ്ടും ഞാൻ അഭ്യർത്ഥിക്കുന്നു. കുഞ്ഞാടിന്റെ കൂട്ടത്തിൽനിന്നും ചെന്നായ്ക്കളിൽ അകപ്പെട്ടുപോയി ഞാൻ. എന്റെ ജീവൻ ഇനിയും നീണ്ടുനില്ക്കുകയില്ല. എന്റെ ഒരു അന്ത്യാഭിലാഷം എന്റെ ഉത്തമസുഹൃത്തായ താങ്കളോടു തുറന്നുപറയുകയാണ്. എന്റെ ശവപ്പെട്ടിയിൽ "കണ്ണീരിന്റെ കഥയുമായി ഞാൻ പോകുകയാണ്" എന്നു രേഖപ്പെടുത്തണം. അതു് താങ്കൾ നിറവേററണം."

എനിക്കു ജോബിന്റെ ആ ഉദ്ദേശം മനസ്സിലായില്ല...ഞാൻ ചോദിച്ചു, "സ്നേഹിതാ; അത്രയും വാക്കുകൾ രേഖപ്പെടുത്തുന്നതുകൊണ്ടു് എന്തു പ്രയോജനമാണ്?"

ജോബു പതിഞ്ഞ സ്വരത്തിൽ മറുപടി പറഞ്ഞു: "സഹോദരാ ഞാനോ വഴിതെററി...അങ്ങനെ തൊഴിലാളിവർഗ്ഗത്തെ ഞാൻ വഞ്ചിച്ചു. എന്റെ ശവപ്പെട്ടിയിൽ ഈ വാക്കുകൾ കാണുന്നപക്ഷം പലർക്കും അതറിയാനുള്ള ജിജ്ഞാസയുണ്ടാകും. അങ്ങനെ ഈ ലോകം മുഴുവൻ എന്റെ കണ്ണീരിന്റെ കഥ അറിയട്ടെ. അതു് വളർന്നുവരുന്ന തലമുറയ്ക്കു ഒരു പാഠവുമായിരിക്കും."

ഏതാനും മിനിട്ടിനുള്ളിൽ ആ ജീവൻ പൊലിഞ്ഞുപോയി. അയാളുടെ ജീവിതത്തിന്റെ ആകത്തുക കുറിക്കപ്പെടുന്ന വാക്കുകളാണ് അന്ത്യമായ ആ നിമിഷത്തിൽ പുറത്തുവന്നതു്.

വികാരഭരിതമായ ഒരു ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും കുതിച്ചുപൊങ്ങിയ ആ സ്നേഹബന്ധത്തിന്റെ കഥ ബാങ്കർ തോമ്മസ് പറഞ്ഞുതീർത്തു.

ബാങ്കറുടെ കണ്ണുകൾ ചുവന്നു് കണ്ണുനീർ ഒലിച്ചിറങ്ങിത്തുടങ്ങി.

സ്വാഭാവികമായിത്തന്നെ, പരിഭവത്തിന്റെ നേരിയ നിഴൽ തട്ടിയാൽ ചുവന്നുപോകുന്ന കണ്ണുകളും മുഖവും സഹോദരനിർവ്വിശേഷം സ്നേഹിച്ചുകൊണ്ടിരുന്ന ജോബിന്റെ ജീവിതകഥപറഞ്ഞുതീർക്കുന്നതിനു മുൻപായി എത്രപ്രാവശ്യം ബാങ്കർ തുടച്ചുണക്കിക്കാണും.

എന്റെ നയനങ്ങളും നിറഞ്ഞു. എനിക്കു ജോബിനെ പരിചയമില്ലെങ്കിലും കുറഞ്ഞൊരു നിമിഷങ്ങൾകൊണ്ടു് അനേകം വർഷത്തെ പരിചയത്തിന്റെ പ്രതീതി എനിക്കു ഉണ്ടായിപ്പോയി.

നനഞ്ഞിരുന്ന എന്റെ കണ്ണുകൾ ശ്മശാനത്തിലേക്കു് ഒന്നെ



സ്വർഗ്ഗറാണിയുടെ മദ്ധ്യസ്ഥതയാൽ സുഖപ്രസവം കിട്ടിയതിനു പ്രതിനന്ദി.

സി. പി. ത്രേസ്യ
മയാബന്തർ

### ഉപകാരസ്മരണ

വിശുദ്ധ യൗസേപ്പു പിതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എം. ജോർജ്ജ് പള്ളിക്കൽ

പാരമ്പര്യത്തോടുകൂടിയ ഒരു രാജ്യമാണു് പോളണ്ടു്. പോളണ്ടിൽ കത്തോലിക്കാസഭയെ നിർമ്മൂലം നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ തീർച്ചയാക്കി. പോളണ്ടിൽ കത്തോലിക്കാസഭയുടെ ശക്തി നശിപ്പിച്ചാൽ റഷ്യയുടെ മററു ഉപഗ്രഹരാജ്യങ്ങളിൽ കത്തോലിക്കാസഭയെ എളുപ്പത്തിൽ നാമാവശേഷമാക്കാമെന്നു അവർക്കു ഉറപ്പുണ്ടു്.

—o—




# വിവിധവൃത്താന്തങ്ങൾ

## ഒളിമ്പിക്കിനു സന്ദേശം

ആസ്ട്രേലിയായിലെ മെൽബോണിൽവെച്ചു നടക്കുന്ന 16-ാം ഒളിമ്പിക്ക്മത്സരത്തിനു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് ഒരു സന്ദേശം അയച്ചുകൊടുത്തിരിക്കുന്നു. "നിങ്ങളുടെ യുവസഹജമായ ശക്തിയെ ദൈവത്തിനു കാഴ്ചയായി സമർപ്പിക്കുകയും, ശക്തിയിലും ആത്മസംയമനത്തിലും, ആത്മാവിൻെറ മാനസികവും സാന്മാർഗ്ഗികവുമായ പരിപൂർത്തിയെ പ്രകടമാക്കുകയും ചെയ്യുക"യെന്നു് ആ സന്ദേശത്തിൽ തിരുമേനി ഉൽബോധിപ്പിച്ചിരിക്കുന്നു. മെൽബോൺ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഒരു സന്ദേശത്തിൽ, "ക്രിസ്തുവിൻെറ മന്ദസ്മിതം ഒളിമ്പിക്കു വിനോദങ്ങളിന്മേൽ പൊഴിയുമാറാകട്ടെ"യെന്നു് ആശംസിച്ചിരിക്കുന്നു. ഉൽഘാടനദിനം നടന്ന ആഘോഷമായ ദിവ്യപൂജയിൽ 70 രാജ്യങ്ങളിൽനിന്നുള്ള കായികാഭ്യാസികൾ സംബന്ധിച്ചിരുന്നു.

## ലോകസമാധാനത്തിനു വേണ്ടി

കുടുംബജപമാലാപ്രസ്ഥാനത്തിൻെറ സ്ഥാപകനായ ഫാദർ പാട്രിക് പേയ്റ്ററൺ പുറപ്പെടുവിച്ചിരിക്കുന്ന ഒരഭ്യർത്ഥനയിൽ, ഈ പ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്ന കോടിക്കണക്കിനു കുടുംബങ്ങൾ, മാർപ്പാപ്പാ തിരുമനസ്സിലെ ആഗ്രഹംപോലെ, ലോകസമാധാനത്തിനായി പ്രാർത്ഥിക്കുവാൻ ഉദ്ബോധിപ്പിച്ചിരിക്കുന്നു. അദ്ദേഹം തുടർന്നു പറയുന്നു: "ഇരുമ്പുമറയിൽ ഉണ്ടായിരിക്കുന്ന ആദ്യത്തെ വിള്ളലുകൾ ജപമാലമാതാവിനു പ്രതിഷ്ഠിച്ചിരിക്കുന്ന മാസത്തിൻെറ അവസാനദിനങ്ങളിലും, പരിശുദ്ധ കന്യക മറിയത്തോടും അവിടത്തെ ജപമാലയോടും അഗാധമായ ഭക്തിയുള്ള രാജ്യങ്ങളിലുമാണു് സംഭവിച്ചിരിക്കുന്നതെന്നുള്ളതു കേവലമായ ഒരു യാദൃച്ഛികസംഭവമല്ലെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു."

## ഒരു ലോറി നിറയെ അഭ്യർത്ഥന

അശ്ലീലസാഹിത്യങ്ങളുടെ വില്പനയും വിതരണവും നിയന്ത്രിക്കുന്നതിനു പര്യാപ്തമായ കൂടുതൽ ശക്തിയുള്ള നിയമനിർമ്മാണം നടപ്പാക്കണമെന്നു ആസ്ട്രിയായിലെ യൂത്തു് ബുക്കു് ക്ലബ്ബുകാർ അവിടത്തെ വിദ്യാഭ്യാസമന്ത്രിയോടഭ്യർത്ഥിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച അഭ്യർത്ഥനയിൽ പത്തുലക്ഷംപേർ ഒപ്പുവെച്ചിട്ടുണ്ടു്. (ആസ്ട്രിയായിലെ മൊത്തം ജനസംഖ്യ 70 ലക്ഷം മാത്രമാണു്) അക്ര

---

ത്തിനോക്കി. ജോബിനെ അടക്കം ചെയ്ത സ്ഥലത്തെ ഇളകിയ മണ്ണു് ഒരു വൃദ്ധൻ വളരെ ധൃതിയായി തട്ടത്തുകൂട്ടിക്കൊണ്ടു നില്ക്കുന്നു. കൂരിരുട്ടു് എങ്ങും നൃത്തം ചവിട്ടുവാൻ ആരംഭിച്ചുകഴിഞ്ഞു.

അല്പസമയത്തെ പ്രാർത്ഥനയ്ക്കു ശേഷം ഞങ്ങൾ ഹൃദയവ്യഥയോടുകൂടി വീട്ടിലേക്കു തിരിച്ചു.

തലയെടുപ്പോടുകൂടിത്തന്നെ ഇന്നും ആ കൂററൻ മാവു് ആ പുഴയരികിൽ വളരുന്നുണ്ടു്. അനേകം ജീവൻെറ ബലിക്കല്ലായി മാത്രമേ എനിക്കതിനെ കാണാൻ സാധിക്കൂ. അപ്പോഴൊക്കെ ആ രണ്ടു ജീവൻ തകർന്ന കഥ എൻെറ സ്മരണയിൽ തെളിഞ്ഞുവരും.

——

മങ്ങളെ പുകഴ്ത്തുന്ന വിനോദഗ്രന്ഥങ്ങൾ വിദേശങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യുന്നതിനെ തടയുന്നതിനു് ആവശ്യമായ നിയമങ്ങളുണ്ടാക്കണമെന്നും അഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരിക്കുന്നു. ഈ അഭ്യർത്ഥനാവാല്യങ്ങൾ ഒരു മോട്ടോർട്രക്കിൽകയററിയാണു് വിദ്യാഭ്യാസമന്ത്രിയുടെ ആഫീസിലെത്തിച്ചതു്. അത്തരം സാഹിത്യങ്ങളുടെ പ്രചരണത്തെ ഫലപ്രദമായി തടയുന്നതിനു പര്യാപ്തമായ ഒരു ബിൽ അടുത്ത പാർലമെൻറിൽ അവതരിപ്പിക്കാമെന്നു വിദ്യാഭ്യാസമന്ത്രി ഉറപ്പുനൽകി. ആസ്ട്രിയായിലെ ഒരു പ്രസിദ്ധ കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തകനായ പ്രൊഫസർ ലുഗ്മായർ സംഘടിപ്പിച്ചിട്ടുള്ളതാണു് ഈ യൂത്തു് ബുക്കു് ക്ലബ്ബ്.

## ഉത്തരവിയററ്നാമികളുടെ പ്രവാഹം

ഉത്തരവിയററ്നാമിലെ കമ്മ്യൂണിസ്റ്റധികാരികൾ വളരെ നിഷ്കർഷാപൂർവ്വം അതിർത്തികളിൽ കാവൽ ഏർപ്പെടുത്തിയിരുന്നിട്ടും, കഴിഞ്ഞ മേയ്മാസത്തിനുശേഷം 74911 ഉത്തരവിയററ്നാമികൾ, ദക്ഷിണവിയററ്നാമിലേക്കു അഭയാർത്ഥികളായി എത്തിയിരിക്കുന്നതായി ഫീദെസ് വാർത്താവിതരണസമിതി റിപ്പോർട്ടുചെയ്യുന്നു. ഉത്തരവിയററ്നാമിൽനിന്നു് കുടിപുറപ്പെട്ടുപോകുന്നതിനെ നിരോധിക്കുന്ന ഒരുത്തരവു നടപ്പിൽ വന്നിട്ടു് ഒരുകൊല്ലത്തിനു മേലായെങ്കിലും ഇപ്പോഴും അഭയാർത്ഥിപ്രവാഹം നിലച്ചിട്ടില്ലെന്നാണല്ലോ ഇതു തെളിയിക്കുന്നതു്. ജനീവാക്കരാർ അനുസരിച്ചു് ഉത്തരവിയററ്നാമികൾക്കു് താത്വികമായി ഇഷ്ടമുള്ള സ്ഥലത്തു് താമസിക്കാവുന്നതാണു്; പക്ഷെ കമ്മ്യൂണിസ്റ്റുകാർ ആ ആനുകൂല്യത്തെ ഒരിക്കലും വകവെച്ചുകൊടുത്തിട്ടില്ല.

## ഇടവകവാർത്തകൾ

**നീലീശ്വരം:** സ്ഥലത്തെ കർമ്മലീത്താ ആശ്രമദേവാലയത്തിൻെറ ശിലാസ്ഥാപനകർമ്മം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഡിസ: 8-ാംനു- ശനിയാഴ്ച ഉച്ചകഴിഞ്ഞു് നാലുമണിക്കു് പല ബ: വൈദികരുടെയും വലിയ ഒരു ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചിരിക്കുന്നു.

**മുല്ലശ്ശേരി:** സ്ഥലത്തെ സെൻറു് വിൻസെൻറു് ഡി പോൾ സംഘം, മരിയാസഖ്യം, സൺഡെസ്കൂൾ, പാരിഷ്ഗ്രന്ഥാലയം, ചെറുപുഷ്പമിഷൻലീഗ് എന്നിവയുടെ സംയുക്തവാർഷികസമ്മേളനം ഡിസമ്പർ 9-ാംനു- ഞായറാഴ്ച ഉച്ചകഴിഞ്ഞു് 3-30 നു് സ്ഥലം "ഗുഡ്ഷെപ്പേർഡ്" മൈതാനത്തിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. സമ്മേളനത്തിൽ റവ ഫാദർ പെപ്പിൻ ടി ഒ സി ഡി അദ്ധ്യക്ഷതവഹിച്ചു. ബീഹാറിലെ വർദ്ധമാൻനഗറിലെ മിഷനറി റവ ഫാദർ മാത്യു മെഴുകനാൽ അവർകൾക്കു് സമ്മേളനത്തിൽവച്ചു് ഒരു സ്വീകരണം നൽകപ്പെട്ടു. തൃശ്ശൂർ എസ് വി എസ് കേന്ദ്ര കൗൺസിൽ സിക്രട്ടറി ശ്രീ സി എൽ ഇഗ്നേഷ്യസായിരുന്നു പ്രസംഗകൻ. ഇടയ്ക്കിടെ കലാപരിപാടികളും യോഗാനന്തരം കഥാപ്രസംഗം, സംഗീതനാടകം എന്നിവയുമുണ്ടായിരുന്നു.

**കോക്കമംഗലം:** സ്ഥലത്തെ കത്തോലിക്കാ യുവജനങ്ങളുടെ പരിശ്രമഫലമായി "യങ്ങ്മെൻസ് ക്ലബ്ബ്" എന്ന പേരിൽ ഒരു യുവജനസംഘടന ഇവിടെ രൂപീകൃതമായിരിക്കുന്നു. ഡിസ: 2-ാംനു- പള്ളിയിലെ തിരുക്കർമ്മാദികൾക്കു ശേഷം ക്ലബ്ബിൻെറ രക്ഷാധികാരി റവ ഫാദർ മാത്യു പഴേമഠം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു കാര്യാലോചനയോഗം കൂടുകയും സംഘടനയുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. സംഘടനയിൽ ഇപ്പോൾ ഏകദേശം ഇരുപത്തഞ്ചോളം യുവജനങ്ങൾ പേരുകൊടുത്തിട്ടുണ്ടു്.

**കൊരട്ടി:** ഈ ഇടവക പാറക്കാടത്തു് ചുമ്മാർ മകൻ പൗലോസും പാറൂർ മാമ്പിള്ളി അന്തോണി മകൾ മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം നവമ്പർ 28-ാംനു- പാറൂർ കോട്ടയ്ക്കാവു് വലിയപള്ളിയിൽവച്ചു നടന്നു. റവ ഫാദർ ജോൺ മാമ്പിള്ളി ബി എ എൽ ടി അവർകൾ വിവാഹകർമ്മം ആശീർവ്വദിച്ചു.

**കുളത്തൂർ:** വ്ളാത്താങ്കര ഇടവകയിലെ വലിയവിള "ബെൻസിഗർ മെമ്മോറിയൽ പ്രൈമറിസ്കൂളി"ൻെറ ഉൽഘാടനകർമ്മം ഡിസ: 3-ാംനു- തിങ്കളാഴ്ച വൈകിട്ടു് നാലുമണിക്കു് തിരുവനന്തപുരം രൂപതാമെത്രാൻ റൈററു് റവ ഡോക്ടർ വിൻസെൻറു് ഡെരേരാ തിരുമേനി നിർവ്വഹിച്ചിരിക്കുന്നു. യോഗത്തിൽ സഹായമെത്രാൻ റൈററു് റവ ഡോക്ടർ പീററർ ബർണാർഡു് പെരേരാ തിരുമേനിയും സന്നിഹിതനായിരുന്നു.

**പേണേൽ:** സ്ഥലം സെൻറു് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന "പരിഹാരരാത്രിയാരാധന"യുടെ നാലാമതുവാർഷികം നവമ്പർ 29-ാംനു- രാത്രി കൊണ്ടാടപ്പെട്ടു. പരി. കർബാനയുടെ ആരാധനാസമയത്തു് റവ ഫാദർ ജേക്കബ്ബ് കല്ലറയ്ക്കൽ പരിഹാരത്തിൻെറ പ്രത്യേകാവശ്യത്തെപ്പററി ഒരു ചെറുപ്രസംഗംചെയ്തു. തെദേവും മുതലായ ഇതരചടങ്ങുകളോടുകൂടി ആരാധന സമാപിച്ചു.

**ചെറിയവെളിനല്ലൂർ:** ചങ്ങനാശ്ശേരി അതിരൂപതയെ പമ്പാനദിക്കു് തെക്കോട്ടു വികസിപ്പിച്ചശേഷം ചെറിയവെളിനല്ലൂർ എന്ന സ്ഥലത്തു് പണികഴിപ്പിച്ച ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുന്നതിനായി സ്ഥലത്തെത്തിയ അഭിവന്ദ്യ മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ മാത്യു കാവുകാട്ടു് തിരുമേനിക്കു് സ്ഥലവാസികൾ ആഡംബരപൂർവ്വകമായ ഒരു സ്വീകരണം നൽകിയിരിക്കുന്നു. ഡിസ: 6-ാംനു- രാവിലെ സ്ഥലത്തെത്തിയ തിരുമേനിയെ നിരവധി കാറുകൾ, മുത്തുക്കുടകൾ മുതലായവയുടെ അകമ്പടിയോടെ ദേവാലയാങ്കണത്തിലേക്കു് ആനയിച്ചു. ദേവാലയവെഞ്ചരിപ്പിനുശേഷം അഭിവന്ദ്യ തിരുമേനി അവിടെ ദിവ്യബലിയർപ്പിച്ചു. അനന്തരം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും റവ ഫാദർ സിറിയക്ക് തുരുത്തുമാലി, ശ്രീ എൻ എ ഗ്രിഗറി മുതലായവർ പ്രസംഗിക്കുകയുംചെയ്തു.

---

## പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻ തിരുമനസ്സിലെ 37-ാം ചരമവാർഷികം



എറണാകുളം മിസ്സത്തിൻെറ പ്രഥമ വികാരിഅപ്പസ്തോലിക്കായായിരുന്ന പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻ തിരുമനസ്സിലെ 37-ാം ചരമവാർഷികം ഡിസമ്പർ 10-ാംനു- ആചരിക്കപ്പെട്ടു. കാലത്തു് ആറരമണിക്കു് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് മെത്രാപ്പോലീത്തൻ പള്ളിയിൽ പൊന്തിഫിക്കൽ റാസ അർപ്പിക്കുകയും തുടർന്നു് പരേതനായ തിരുമേനിയുടെ കബറിടത്തിങ്കൽ ഒപ്പീസ് നടത്തുകയുംചെയ്തു. വികാരിജനറാൾ റൈററു് റവ. മോൺ. ജോർജ് വല്യാറമ്പത്തു്, ചാൻസലർ വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി മുതലായി പല വൈദികരും, ബ: കന്യാസ്ത്രീകൾ, പൊറിസെമ്മിനാരിക്കാർ ആദിയായ ഒരു വലിയ ജനക്കൂട്ടവും തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടു. പാവപ്പെട്ടവർക്കു ദാനധർമ്മങ്ങളും പതിവുപോലെ നൽകപ്പെടുകയുണ്ടായി.

R. I. P.

---

## സ്നേഹസ്മാരകം



ടാവലിങ്ങ് ബൂക്കഡിപ്പോ ഉടമസ്ഥനും പല കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെയും ഏജൻറുമായിരുന്ന

### റാഫേൽ ജെ. കത്തേടത്ത്,

പാലാരിവട്ടം.

ജനനം: 9—12—1915
മരണം: 28—11—1956

"ദയാപരനായ ഈശോയേ, ഇയാൾക്ക് നിത്യാശ്വാസം കൊടുക്കേണമെ"

R. I. P.

---

## ചരമവാർത്ത

**അമ്പാടം:** ഈ പള്ളി ഇടവക കുരുതുകുളങ്ങര പെല്ലിശ്ശേരി അന്തപ്പൻ ഔസേപ്പു് ഡിസമ്പർ 1-ാംനു- ശനിയാഴ്ച രാത്രി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. സംസ്കാരകർമ്മം ഉച്ചതിരിഞ്ഞു് 5 മണിക്കു് പല വൈദികരുടേയും ഒരു വലിയ ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.


R. I. P.

---


## "പുലരിയിലെ പൂക്കൾ"

അഭിനവ ട്യൂണുകളിലുള്ള ക്രിസ്തുമസ്സ് ഗാനങ്ങൾ
പുസ്തകവില ഒരണ മാത്രം.
ജോസ് ആററുപുറം, തോട്ടകം, വൈക്കം എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.
(രണ്ടണ സ്റ്റാമ്പയച്ചാൽ പുസ്തകം ബുക്കുപോസ്റ്റായി അയച്ചുതരുന്നതാണു്.)


---




---

## നിര്യാതനായി

സുപ്രസിദ്ധ വൈദ്യനായ കിഴക്കമ്പലത്തു് വാലയിൽ ചാണ്ടി വൈദ്യൻ അവർകൾ 83-ാമത്തെ വയസ്സിൽ ഡിസമ്പർ 9-ാംനു- രാത്രി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതൻ വാർദ്ധക്യത്തിലും നല്ല ആരോഗ്യവാനായി ചികിത്സാജോലികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേയാണു് പെട്ടെന്നു രോഗബാധിതനാവുകയും ഏതാനുംദിവസങ്ങൾക്കകം ഈ അത്യാഹിതം സംഭവിക്കുകയും ചെയ്തതു്. കത്തോലിക്കാസഭയെപ്പററി അദ്ദേഹം പഠനംനടത്തി സഭയിലേക്കു ഐക്യപ്പെടുന്നതിനു നിശ്ചയിക്കുകയും കുടുംബാംഗങ്ങളെക്കൂടി തിരുസ്സഭയെപ്പററി ബോദ്ധ്യപ്പെടുത്തി ഒന്നിച്ചു പുനരൈക്യപ്പെടുത്തുന്നതിനു പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ തൻെറ അഭിലാഷം അതേവിധത്തിൽ പൂർത്തിയാക്കുന്നതിനു സാദ്ധ്യമല്ല എന്നും മരണം ആസന്നമായിരിക്കുകയാണെന്നും മനസ്സിലാക്കിയതുകൊണ്ടു് അദ്ദേഹത്തിൻെറ മൂത്ത പുത്രൻ വെരി.റവ വി. സി. ഗീവർഗ്ഗീസ് കോറെപ്പിസ്ക്കോപ്പായാൽ രോഗശയ്യയിൽവച്ചു കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുത്തപ്പെടുകയാണുണ്ടായതു്. പരേതൻെറ ആത്മാവിനു നിത്യശാന്തി ലഭിക്കുമാറാകട്ടെ.

R. I. P.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 DECEMBER 12 || No. 18.

# ദുഷിച്ചസാഹിത്യനിരോധനബിൽ പാസായി

ദുഷിച്ച സാഹിത്യനിരോധനബിൽ നവമ്പർ 22-ാംതീയതി ലോക്സഭയിൽ പാർലമെൻറുമെമ്പറന്മാരുടെ ഏകയോഗമായ പിന്തുണയോടെ പാസാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു് ഭാരതത്തിൻെറ ശോഭനമായ ഭാവിയെ അഭിലഷിക്കുന്ന എല്ലാവർക്കും സന്തോഷകരമായ ഒരു സംഭവമായി കരുതപ്പെടാം. ഇന്ത്യയിൽതന്നെ സൃഷ്ടിക്കപ്പെടുന്നതും പുറംരാജ്യങ്ങളിൽനിന്നു ഇറക്കുമതിചെയ്യപ്പെടുന്നതുമായ ദുഷിച്ച സാഹിത്യം ഇന്ത്യയിൽ കുന്നുകൂടുകയാണെന്നും, വിവേചനമില്ലാതെ ബാലികാബാലന്മാരും, യുവതീയുവാക്കന്മാരും, അപക്വമതികളും അവയെ ആവേശപൂർവ്വം വായിക്കുന്നതുകൊണ്ടു് വളരുന്ന തലമുറ വിഷപങ്കിലമായ ആശയങ്ങൾ ഉൾക്കൊള്ളുകയാണെന്നും, അതിനെ പ്രതിരോധിക്കുന്നതിനു വേണ്ടപ്പെട്ടവർ ഫലപ്രദമായ നടപടികളെടുക്കാത്തപക്ഷം നമ്മുടെ മാതൃരാജ്യത്തിൻെറ ഭാവിയെ അതു അധഃപ്പതനത്തിലെത്തിക്കുന്നതാണെന്നും ഈ പംക്തികളിൽ പലപ്രാവശ്യം ഞങ്ങൾ ശക്തിയുക്തം ഉൽബോധിപ്പിച്ചിട്ടുള്ളതാണല്ലോ. ഇപ്പോൾ ജനപ്രതിനിധികൾ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ള ഈ ബിൽ ഊർജ്ജസ്വലമായി പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഗവമ്മെണ്ടുകളും പൗരസഞ്ചയവും ഒന്നുചേർന്നു നടപ്പാക്കുകയാണെങ്കിൽ അതു ഭാരതത്തിൻെറ വിജയപഥത്തിൽ ഗണ്യമായ ഒരു പുരോഗതിയെ കുറിക്കുന്നതായിരിക്കും.

അമേരിക്കൻ ഐക്യരാജ്യങ്ങൾ ഇന്നു അവിടത്തെ യുവലോകത്തിൻെറ ധാമ്മികാധഃപ്പതനത്തെ തടയുന്നതിനു സവ്വകഴിവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണു്. അവിടത്തെ വിവിധസംഘടനകളും മുദ്രാലയങ്ങളും പത്രമാസികകളും ഈ ധമ്മസമരത്തിൽ സുധീരം പ്രവത്തിച്ചുപോരുന്നു. ഗവമ്മേണ്ടു അതിനു സവ്വവിധ പ്രോത്സാഹനങ്ങളും പിൻതുണകളും നൽകിപ്പോരുകയുംചെയ്യുന്നു. ക്രമപ്പെടുത്ത ഈ ദുസ്ഥിതി അവിടെ പ്രചരിക്കാനുണ്ടായ കാരണങ്ങളിൽ ഏററവും പ്രധാനമായതു് അവിടെ ധാരാളമായി പ്രചരിച്ചുകൊണ്ടിരുന്ന ദുഷിച്ച സാഹിത്യമായിരുന്നു എന്നു ഇന്നു സവ്വരും സമ്മതിച്ചുപോരുകയാണു്. അവയിൽ ഉള്ളടക്കിയിരുന്ന ദുഷിച്ച ആശയങ്ങൾ ബാലമനസ്സുകളിൽ സ്ഥലംപിടിക്കുകയും അപ്രതിഹതമായ ചില സാഹചര്യങ്ങളിൽ അവയുടെ പ്രേരണയ്ക്കു അവർ വഴിപ്പെട്ട വഷളായിത്തീരുകയുമാണുണ്ടായതു്. കുടുംബശിക്ഷണം വേണ്ടത്ര ലഭിക്കാതിരിക്കുകയോ, ശരിയായ പരിശീലനമില്ലാത്തതുകൊണ്ടു് സ്വാഭാവികമായ പ്രവണതകളെ നിയന്ത്രിക്കുന്നതിനു കഴിയാതിരിക്കുകയോ, അവരുടെ പ്രവർത്തനകഴിവുകളെ ശരിയായ മാർഗ്ഗത്തിൽ ഉപയോഗിക്കുന്നതിനു അനുകൂലമായ സാഹചര്യങ്ങൾ കരഗതമാകാതിരിക്കുകയോ ചെയ്യുമ്പോൾ അപഥസഞ്ചരണത്തിനുള്ള പ്രലോഭനങ്ങൾ അവരെ അലട്ടുകയും, സ്വാഭാവികമായിത്തന്നെ അനുകരണഭ്രമം കലശലായുള്ള ഇളംമനസ്സുകൾ അവർ ഉൾക്കൊണ്ടിട്ടുള്ള വഴിപിഴച്ച ആശയഗതികളിലേക്കു തിരിയുകയും ചെയ്യുന്നു. ചെറുപ്പകാലത്തിലുണ്ടാകുന്ന അധഃപ്പതനം അപരിഹാര്യമായവിധം വേരുറയ്ക്കുന്നതിനു അധികകാലതാമസം വേണ്ടിവരികയില്ല. ഏതു ക്രൂരകൃത്യവും ഹീനകൃത്യവും ചെയ്യുന്നതിനു യാതൊരു മനശ്ചാഞ്ചല്യവും അവർക്കുണ്ടാകുകയില്ല. അതുകൊണ്ടാണു് ഈ വിധത്തിൽ അധഃപ്പതിച്ച ഒരു യുവസഞ്ചയത്തിൽ സാഹസികമായ അക്രമപ്രവത്തനാസക്തി,കുട്ടക്കവച്ച കൊലപാതകം, മാതൃഹത്യ, പിതൃഹത്യ, മ്ലേച്ഛമായ ദുഷ്കാമജീവിതം ആദിയായി വ്യക്തികളും സമുദായവും അറയ്ക്കുന്ന ദുർവൃത്തികൾ നടമാടുന്നതായി കാണപ്പെടുന്നതു്. ആകയാൽ മററു രാജ്യങ്ങളിൽ സംഭവിച്ച അനിഷ്ടസംഭവങ്ങൾ ഇവിടെ സംഭവിക്കയില്ല എന്നു ഭാവിച്ചു മൂഢസ്വർഗ്ഗത്തിൽ കഴിഞ്ഞുകൂടാതെ യാഥാർത്ഥ്യങ്ങളെ വേണ്ടസമയത്തു വേണ്ടവിധത്തിൽ നേരിടുകയാണു് ബുദ്ധിപൂർവ്വകമായ കൃത്യം. ലോക്സഭയുടെ നടപടി ഏററവും കാലോചിതവും ബുദ്ധിപൂർവ്വകവുമായിരിക്കുന്നു.

അന്യരാജ്യങ്ങളിൽനിന്നു ഏതാദൃശ നിഷിദ്ധ പ്രസിദ്ധീകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതു് നേരത്തെതന്നെ നിയമത്താൽ മുടക്കപ്പെട്ടിട്ടുള്ളതാണു്. ഇപ്പോഴത്തെ ബിൽ രാജ്യത്തിനകത്തു അത്തരം ക്ഷുദ്രകൃതികൾ ഉണ്ടാകുന്നതിനെയാണു് നിരോധിക്കുന്നതു്. ബില്ലിനെപ്പററി സംസാരിക്കയിൽ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ പണ്ഡിററ് പാന്തു്, ദുഷിച്ച സാഹിത്യപ്രചരണംമൂലം മററു രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള ഭയാനകവിപത്തുകളെ സമൃക്കായി ഉദാഹരിക്കുകയും, ഈ ബില്ലിൻെറ പ്രവത്തനംമൂലം നമ്മുടെ യുവസഞ്ചയത്തെ വഷളായതും, കുററകരമായതും, പ്രത്യാശാരഹിതമായതും, ആക്രമണോത്സുകതമായതുമായ മനോഭാവങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള അതിൻെറ ലക്ഷ്യത്തെ വിശദീകരിക്കുകയും ചെയ്തു. ഈ ബില്ലിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു്, വിദ്യാഭ്യാസപ്രവത്തകരും സാമൂഹികപ്രവത്തകരും, യുവജനസംഘടനകളുടെയും പ്രസിദ്ധീകരണശാലകളുടെയും പ്രതിനിധികളും ഉൾപ്പെട്ട ഒരു കമ്മിററിയോ കമ്മീഷനോ ഉണ്ടായിരിക്കണമെന്നു കോൺഗ്രസ്സ് ഭാഗത്തെ ചില പ്രതിനിധികൾ ഉന്നയിച്ച നിർദ്ദേശം വളരെ കാര്യക്ഷമമായിരിക്കുന്നുണ്ടു്. ബില്ലുകൾ പാസ്സാക്കി പിരിയുന്നതുകൊണ്ടുമാത്രം ഉദ്ദിഷ്ടഫലം കൈവരികയില്ലല്ലോ. ബില്ലിൻെറ ഫലദായകത്വത്തിനു അവശ്യം ആവശ്യമായ ഒരു നിർദ്ദേശമാണു് ഒരു കമ്മ്യൂണിസ്റ്റ് മെമ്പറായ ഡോക്ടർ രാമറാവു അവതരിപ്പിച്ചതു്. അതായതു് നിഷേധാത്മകമായ നിരോധനം മാത്രം പോരാ, സ്വീകാര്യമായ ഒരു ബാലസാഹിത്യസമ്പത്തു സജ്ജീകരിക്കുന്നതിനു ഗവമ്മെണ്ടു തയ്യാറാകണമെന്നു്. മറുപടി പ്രസംഗത്തിൽ പണ്ഡിററ് പാന്തു് ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയും അതു യഥാർത്ഥത്തിൽ പരിഹരിക്കപ്പെടേണ്ട ഒരു കുറവാണെന്നു ചൂണ്ടിക്കാണിക്കുകയും, ഗവമ്മെണ്ടു ഇക്കാര്യത്തിൽ ശ്രദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നു വെളിപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടു ഗവമ്മെണ്ടു് സമാരംഭിച്ചിരിക്കുന്ന അവശ്യാവശ്യവും അടിയന്തിരവുമായ ഈ പ്രസ്ഥാനം എല്ലാവിധത്തിലും മേലിലും പുരോഗമിപ്പിക്കപ്പെടുമെന്നും, അങ്ങിനെ നമ്മുടെ മാതൃരാജ്യത്തിൻെറ ഭാവിതലമുറയെ തുറിച്ചു നോക്കുന്ന ഒരു ഭയങ്കരവിപത്തിൽനിന്നു അതു സംരക്ഷിക്കപ്പെടുമെന്നും നമുക്കു പ്രത്യാശിക്കാം. എല്ലാവരുടേയും ഹാർദ്ദമായ സഹകരണം ഈ മഹത്തായ പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിനുവേണ്ടി നിർല്ലോഭം വിനിയോഗിക്കപ്പെടണമെന്നു ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

## ഹംഗറിയിലെ സ്ഥിതിഗതികൾ

### അഭയാർത്ഥികൾ വിവരിക്കുന്നു

ഹംഗറിയിൽ നടമാടിയ അത്യാഹിതത്തിൽനിന്നു രക്ഷപെട്ടു് ലണ്ടനിലെത്തിയിട്ടുള്ള അഭയാർത്ഥികളെ സന്ദർശിച്ചു് സംഭാഷണം നടത്തിയ കാത്തലിക്ക് ഹെറാൾഡ് പത്രത്തിൻെറ ലേഖകൻ പ്രസ്തുത വിവരങ്ങൾ ഇപ്രകാരം റിപ്പോർട്ടുചെയ്തിരിക്കുന്നു:- റഷ്യാക്കാർ യുദ്ധത്തടവുകാരായി റഷ്യയിലേക്കു കടത്തിക്കൊണ്ടുപോയിരിക്കുന്നവരുടെ കൂട്ടത്തിൽ ഒരു നല്ല സംഖ്യ വൈദികരും ഉൾപ്പെടുന്നു. ഹംഗറിയിലെ സ്വാതന്ത്ര്യത്തിനായുള്ള പ്രക്ഷോഭണകാരണം സഭയുടെമേൽ ആരോപിക്കുന്നതിൽ അർത്ഥമില്ല. സഭയ്ക്കു മററുതരത്തിൽ ഒരു നിലപാടു സ്വീകരിക്കുവാൻ സാദ്ധ്യമല്ലായിരുന്നതുകൊണ്ടു് അതിൽ പരോക്ഷമായി ഉൾപ്പെട്ടുവെന്നു മാത്രമേയുള്ളു. മതത്തിൻെറ ചൈതന്യം ആരംഭംമുതൽ പ്രക്ഷോഭണത്തിനു പ്രചോദനമായിരുന്നിട്ടുണ്ടു് എന്നുള്ളതു ശരിയാണു്. കാരണം ഓരോ പ്രക്ഷോഭണകാരിക്കും ബോദ്ധ്യമാണു്, ഒരു പ്രായോഗികകത്തോലിക്കനു ഒരു കമ്മ്യൂണിസ്റ്റായിരിക്കുവാൻ തീർച്ചയായും സാദ്ധ്യമല്ലെന്നു്. ബുഡാപ്പെസ്റ്റിലെ വൈദികർ അവരുടെ കഴിവിൻെറ പരമാവധി വിനിയോഗിച്ചുകൊണ്ടിരുന്നതു് രോഗികളേയും മുറിവേററവരേയും ശുശ്രൂഷിക്കുന്നതിനായിരുന്നു. തെരുവീഥികളിൽ സമരം നടന്നുകൊണ്ടിരുന്നപ്പോഴും ജനങ്ങൾ കൂട്ടമായി ദേവാലയങ്ങളിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വിപ്ലവം ആരംഭിക്കുന്നതിനുമുമ്പും പ്രാർത്ഥനയ്ക്കായി കൂടിയിരുന്നവരുടെ സംഖ്യ അടിക്കടി വർദ്ധിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. മർദ്ദനങ്ങൾ അനുഭവപ്പെട്ടപ്പോൾ മനുഷ്യർ ദൈവത്തിലേക്കു തിരിയുകയാണല്ലോ ചെയ്യുക. വിപ്ലവത്തിനുമുമ്പു് റഷ്യാക്കാർ ഹങ്കറിയിൽ കത്തോലിക്കരുടെ ഇടയിൽ ഒരു ശീശ്മ സൃഷ്ടിക്കുന്നതിനു ശ്രമിച്ചുനോക്കി. ഈ ലക്ഷ്യം നേടുന്നതിനു റഷ്യയുടെ ശക്തിയും നയോപായങ്ങളും പരമാവധി പ്രയോഗിച്ചു. "സമാധാനപുരോഹിതർ" എന്നൊരു വൈദികവിഭാഗത്തെ അവർ സംഘടിപ്പിച്ചു. പക്ഷെ പൊതുജനങ്ങളുടെ ഇടയിൽ ഇതൊരു പരാജയം മാത്രമായി പരിണമിക്കുകയാണുണ്ടായതു്. മതഭക്തരെല്ലാം രഹസ്യപ്പോലീസിൻെറ നോട്ടപ്പുള്ളികളായി എണ്ണപ്പെട്ടിരുന്നു. മതകർമ്മങ്ങളിൽ സംബന്ധിക്കുന്നതിൽ നിന്നു് ജനങ്ങളെ തടയുന്നതിനു കുർബാനയുടെ സമയത്തു മീററിംഗുകൾ ഏപ്പാടുചെയ്യുകയും അവയിൽ സന്നിഹിതരാകണമെന്നു എല്ലാവരേയും നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഉദ്യോഗങ്ങളിലിരുന്നവർ ദേവാലയത്തിൽവച്ചു വിവാഹകർമ്മം നടത്തുന്നതിനുപോലും ധൈര്യപ്പെട്ടിരുന്നില്ല. കത്തോലിക്കാവിദ്യാലയങ്ങളെല്ലാം ഗവമ്മെൻറ് കൈയടക്കുകയും മതപാഠനം മുടക്കപ്പെടുകയും ചെയ്തിരുന്നു.

പ്രസ്തുത ലേഖകൻ പറഞ്ഞു, അദ്ദേഹം സന്ദർശിച്ചതായ യുവാക്കന്മാരെല്ലാം വളരെ നിരുത്സാഹരായി കാണപ്പെട്ടുവെന്നു. അവർ ചിരിക്കുകയോ എന്തെങ്കിലും നേരംപോക്കു പറയുകയോ ചെയ്തിരുന്നില്ല. ആശങ്കാഭരിതവും വൃദ്ധോദ്യോതകവുമായ വൃദ്ധവീക്ഷണമാണു് അവരുടെ യുവദൃഷ്ടികളിൽ നിഴലിച്ചിരുന്നതു്. 13 നും 17 നും മദ്ധ്യേ പ്രായമുള്ള ഈ ബാലന്മാരിൽ ഭൂരിഭാഗവും ഒരു വാരത്തിനുമുമ്പു് പ്രായപൂർത്തിയായ ജനങ്ങളെപ്പോലെ രക്തധാരയുടേയും അക്രമപ്രവൃത്തികളുടേയും മദ്ധ്യത്തിൽ അത്ഭുതാവഹമായ ധീരതയോടുകൂടി പൊരുതിയവരാണു്. ഇപ്പോൾ ഹംഗറിയിലെ പട്ടാളത്തെ മുഴുവൻതന്നെ അവിടെനിന്നു മാററി പകരം പുതിയ റഷ്യൻപട്ടാളത്തെ പ്രതിഷ്ഠിച്ചിരിക്കുകയാണു്. ആദ്യമുണ്ടായിരുന്ന പട്ടാളക്കാരിൽ വലിയൊരുഭാഗം പ്രക്ഷോഭണക്കാരോടു അനുകൂലമുള്ളവരായിരുന്നു. ഒരഭയാർത്ഥി ഒരു സംഭവംകൊണ്ടു് ഇതുദാഹരിച്ചു. അദ്ദേഹം പങ്കെടുത്തിരുന്ന ഒരു സംഭവമായിരുന്നു അതു്. വിപ്ലവകക്ഷി പാർലമെൻറുമന്ദിരത്തെ പിടിച്ചടക്കുന്നതിനു അതിനെതിരെ മാർച്ചുചെയ്യുകയായിരുന്നു. രഹസ്യപ്പോലീസ് വിഭാഗവും പത്തു റഷ്യൻടാങ്കുകളുമാണു് അവരെ എതിരിടാൻ തയാറായി നിന്നിരുന്നതു്. പക്ഷെ വിപ്ലവവിഭാഗം മന്ദിരത്തെ സമീപിച്ചപ്പോൾ പത്തു ടാങ്കുകളും അവരുടെ ഭാഗത്തു ചേരുകയും രഹസ്യപ്പോലീസിൻെറ വെടിയുണ്ടകൾക്കെതിരെ അവയുടെ യന്ത്രത്തോക്കുകൾ പ്രയോഗിക്കുകയുംചെയ്തു. ഒരു എൻജിനീയറായ വേറൊരഭയാർത്ഥി പറഞ്ഞു, അദ്ദേഹത്തിനു റഷ്യൻഭാഷ അറിയാമായിരുന്നതുകൊണ്ടു് റഷ്യൻപട്ടാളക്കാരും ഹംഗറിക്കാരുമായി സംസാരിക്കുന്നതിനു അദ്ദേഹം ദ്വിഭാഷിയായി പ്രവത്തിച്ചിരുന്നുവെന്നും, ഒരുദിവസം ഒരു ഹങ്കറിയൻതൊഴിലാളിയും റഷ്യൻഭടനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ സംഭാഷണം ഗ്രഹിക്കുവാൻ അവിടെയെത്തിയ റഷ്യൻഏജൻറിനെ ആ റഷ്യൻഭടൻ വെടിവച്ചുവീഴ്ത്തിയെന്നും. വേറൊരഭയാർത്ഥി പറഞ്ഞതു് അനേകം റഷ്യാക്കാർ ബുഡാപ്പെസ്റ്റിലും പരിസരങ്ങളിലും ഒളിച്ചുതാമസിക്കുന്നുണ്ടെന്നും അവർ പ്രക്ഷോഭണകാരികളെ വളരെയധികം സഹായിച്ചിരുന്നുവെന്നും പ്രക്ഷോഭണവിജയത്തിനുശേഷം ഹംഗറിയിൽ പൗരത്വവും തൊഴിലും ലഭിച്ചു ജീവിക്കാനാണു് അവർ ആഗ്രഹിച്ചിരുന്നതെന്നുമാണു്. യുദ്ധരംഗത്തേക്കു് റഷ്യയിൽനിന്നു കൊണ്ടുവരപ്പെട്ട പട്ടാളക്കാരും മനസ്സിലാക്കിയിരുന്നില്ല അവർ ഹംഗേറിക്കാരോടാണു് പടപൊരുതുന്നതെന്നു്. ചിലരോടു പറഞ്ഞിരുന്നതു് അവർ വെറുത്തിരുന്ന അമേരിക്കാക്കാരോടാണു് യുദ്ധം ചെയ്യുന്നതായിരുന്നു; വേറെ ചിലരെ മനസ്സിലാക്കിയതു് പശ്ചിമശക്തികളിൽനിന്നു ഹംഗറിയെ മോചിക്കുന്നതിനുള്ള സമരമായിരുന്നു അതെന്നാണു്; മററു ചിലരോടു പറഞ്ഞതു് അവർ ഈജിപ്തിലും സൂയസ് കനാലിലുമാണു് യുദ്ധം ചെയ്യുന്നതെന്നത്രെ. ഇപ്രകാരം വഞ്ചനകൾ പറഞ്ഞും തെററിദ്ധരിപ്പിച്ചുമാണു് റഷ്യൻപട്ടാളത്തെപ്പോലും ഹംഗറിക്കെതിരായി നിഷ്ഠുരാക്രമണം നടത്തുവാൻ പ്രേരിപ്പിച്ചതു്.

x x x

## കർദ്ദിനാൾ മിൻസെന്തി

### അനുഭവം വിവരിക്കുന്നു

8 വർഷക്കാലം കമ്മ്യൂണിസ്റ്റുകളുടെ മർദ്ദനത്തിനും 7 സ്ഥലങ്ങളിലായി ഏകാന്തതടവിനും വിധേയനായിരുന്ന ഹംഗറിയിലെ പ്രൈമേററ് അത്യുന്നത കർദ്ദിനാൾ മിൻസെന്തി തിരുമേനി ഹംഗറിയിലെ ദേശീയവിപ്ലവകാരികളാൽ ബന്ധനവിമുക്തനാക്കപ്പെട്ടെങ്കിലും വീണ്ടും റഷ്യൻപട്ടാളം ഹംഗറിയെ ആക്രമിച്ചു് കീഴടക്കിയപ്പോൾ തിരുമേനി അമേരിക്കൻ എംബസിയിൽ അഭയംതേടിയിരിക്കുകയാണല്ലോ. നവമ്പർ 4-ാംനു ലെസ്ലി ബാലോബെയിൻ എന്ന അമേരിക്കൻ റിപ്പോർട്ടറുമായി തിരുമേനി നടത്തിയ അഭിമുഖസംഭാഷണത്തിൽ അവിടുന്നു കമ്മ്യൂണിസ്റ്റുകളിൽനിന്നനുഭവിച്ച പീഡനങ്ങളുടെ ചില വശങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. 1949-ൽ ഹംഗറിയിലെ കമ്മ്യൂണിസ്റ്റ്ഗവമ്മെൻറ് തിരുമേനിയെ അറസ്റ്റുചെയ്തശേഷം 21 ദിവസത്തേക്കു തുടർച്ചയായി രാവും പകലും കഠിനമായ ശാരീരികപീഡനങ്ങൾ ഏല്പിക്കുകയുണ്ടായി. അതിനുശേഷമാണു് രാജ്യദ്രോഹക്കുററം ആരോപിച്ചു് വിചാരണയാരംഭിച്ചതു്. ദുസ്സഹമായ പ്രസ്തുത പീഡനങ്ങളെ തിരുമേനി ഇപ്രകാരം വിവരിച്ചു: "എൻെറ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞെടുത്തു അവർ എന്നെ പൂർണ്ണമായും നഗ്നനാക്കിനിറുത്തി. പിന്നീടു് ഒരു റബ്ബർക്കുഴലുകൊണ്ടു് രാവും പകലും ആപാദചൂഡം അടിയേല്പിച്ചു. എൻെറ ശ്വാസകോശം ബലഹീനമായിരുന്നു. അതിനു കൂടുതൽ ശക്തിക്ഷയം വരുത്തുന്നതിനുവേണ്ടി ഈർപ്പവും തണുപ്പും ഉള്ളതായ ഒരു മുറിയിലിട്ടു് എന്നെ അടച്ചുപൂട്ടി. എന്നിട്ടു് മ്ലേച്ഛമായ കാഴ്ചകൾ കാണുവാൻ ബലംപ്രയോഗിച്ചുനിർബന്ധിച്ചുകൊണ്ടിരുന്നു. കൂടാതെ പ്രസ്തുത ദിവസങ്ങൾ മുഴുവൻ ഇടതടവില്ലാതെ, ഉറങ്ങുവാൻപോലും അനുവദിക്കാതെ ചോദ്യംചെയ്തുകൊണ്ടിരുന്നു. ഇത്രയുമായപ്പോൾ ഞാൻ തളന്നു ബോധരഹിതനായി വീണു. ഉടൻതന്നെ ബോധോദയം ഉണ്ടാകുവാൻ പററിയ ഒരു മരുന്നു അവർ എനിക്കു നൽകി. ശരീരത്തിനും മനസ്സിനും വിശ്രമം നൽകാതിരിക്കുവാൻവേണ്ടിയായിരുന്നു അവരങ്ങനെ ചെയ്തതു്. എന്നാൽ തെററായ കുററാരോപണത്തിന്മേൽ വിചാരണ നടന്നവേളയിൽ കുററസമ്മതം നടത്താൻവേണ്ടി അവർ യാതൊരു മരുന്നും നൽകിയിട്ടില്ല. സാധാരണമനുഷ്യനു വിഭാവനചെയ്യാൻ പാടില്ലാത്തവണ്ണം അവർ സ്വീകരിച്ച അവാച്യമായ നിഷ്ഠുരമർദ്ദനമുറകളെപ്പററിയുള്ള ഒരു വിവരണം ഞാൻ ലോകത്തിൻെറ മുമ്പിൽ സമർപ്പിക്കുന്നതാണു്."

കർദ്ദിനാൾ തിരുമേനി ഇപ്പോഴും ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് ഭരണത്തെ എതിർക്കുകയാണു്. കമ്മ്യൂണിസ്റ്റ്ഭരണത്തെ അംഗീകരിക്കുവാൻ ബലപ്രയോഗത്തിനു താൻ ഒരിക്കലും കീഴ്പ്പെടുകയില്ലെന്നും, മറിച്ചു് അതിനെതിരാ

യി പോരാടുന്നതാണെന്നും തിരുമേനി ഉറപ്പിച്ചു പ്രസ്താവിച്ചു. അവസാനനിമിഷത്തിൽ യു. എസ്സ്. ലെഗേഷനിൽ അഭയം തേടുവാൻ പുറപ്പെട്ടവേളയിൽ ഒരു സോവ്യറ്റ് ടാങ്ക് തന്നെ പിടികൂടുവാൻ പുറകെ ഓടിച്ചെന്ന വിവരവും കർദ്ദിനാൾ വെളിപ്പെടുത്തുകയുണ്ടായി. ബുഡാപ്പെസ്റ്റിൽ യു. എസ്സ്. ലെഗേഷനിലെ ഒരു മുറിയിലിരുന്ന് തിരുമേനി തന്റെ ജീവിതാനുഭവങ്ങൾ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുകയാണ് എന്നത്രെ പ്രസ്തുത റിപ്പോർട്ടിൽ വെളിപ്പെടുത്തിയിരിക്കുന്നതു്. തിരുമേനിയുടെ ജീവിതാനുഭവങ്ങൾ സ്വതന്ത്രലോകത്തെ പരിഭ്രമിപ്പിക്കുന്നവയും റഷ്യൻമർദ്ദനരീതികളുടെ നിഷ്ഠുരതയെ ലോകത്തിനു വെളിപ്പെടുത്തുന്നവയുമായിരിക്കുമെന്നതിനു സംശയമില്ല.

## അടുത്തയാഴ്ചയിൽ

ഡിസമ്പർ

13 വ്യാ: വി. ലൂസി
14 വെ: വി. ലീനോസ്
15 ശ: വി. ഇൗറാനീമ്മോസ്
16 ഞാ: സുവാറ 3-ാംഞായർ
17 തി: വി ഹില്ലാരിയോൻ
18 ചൊ: മാർ തോമ്മാശ്ലീഹായുടെ മൈലാപ്പൂർ പ്രത്യക്ഷം
19 ബു: വി. ശെമയോനും യൂദായും

—o—


(10-ാംപേജ് തുടർച്ച)

തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നുവെന്ന് അല്ല, മേൽപ്പറഞ്ഞ രേഖകൾ കാണിക്കുന്നതു്.

### പത്രോസിന്റെ വിശ്വാസംപത്രോസിനെക്കൂടാതെ എങ്ങനെയുണ്ടായി?

കീപ്പായുടെ വിശ്വാസദാർഢ്യംനിമിത്തം കീപ്പാ വിശ്വാസമാണെന്നും, വിശ്വാസമെന്ന ആ കീപ്പാമേൽ (അതായതു കീപ്പാ എന്ന പത്രോസിന്മേൽ) സഭ പണിയപ്പെട്ട എന്നും മററുമുള്ള അലങ്കാരപ്രയോഗങ്ങൾ എല്ലാ ഭാഷകളിലും സ്വീകാര്യങ്ങളാണ്. പത്രോസിന്റെ വിശ്വാസംനിമിത്തം, പത്രോസിന്റെ വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ട എന്നുപറയുന്നതും ഒരലങ്കാരപ്രയോഗമാണ്. കാര്യത്തെ കാരണമാക്കിയും കാരണത്തെ കാര്യമാക്കിയും പ്രയോഗിക്കുന്ന രീതികൾ ഭാഷാവ്യുൽപത്തിയുള്ളവക്കു് സുപരിചിതമാണ്, (Abstract for Concrete & Concrete for the abstract) "വിശ്വാസമെന്ന പാറമേൽ സഭ പണിയപ്പെട്ടിരിക്കുന്നു" എന്നുള്ള പ്രയോഗം അല്പം ചിന്തയുള്ള മനുഷ്യനു അലങ്കാരപ്രയോഗമാണെന്നു മനസ്സിലാക്കാൻ കഴിയും. "ശിമോൻ കീപ്പായുടെമേൽ സഭ പണിയപ്പെട്ടിരിക്കുന്നു," "നിന്റെമേൽ എന്റെ സഭ ഞാൻ പണിയും" എന്നിപ്രകാരം വി. പിതാക്കന്മാർ വ്യക്തമായി എഴുതിയിട്ടുള്ളവ മേലുദ്ധരിച്ചല്ലോ. ശിമോന്റെമേൽ, സഭ പണിയുമെന്നു പറഞ്ഞാൽ എന്താണ് അർത്ഥം? യേശുമിശിഹായോടു ചേർന്നിരിക്കുന്ന വിശ്വാസികൾ പെന്തിക്കുസ്തി മുതൽ ശിമോനാകുന്ന കീപ്പായോടു ബന്ധിച്ചുനില്ക്കും എന്നത്രേ. ഈ ലോകത്തിൽ ജീവിക്കുന്ന ക്രിസ്തുവിശ്വാസികളെപ്പററി മാത്രമാണ് ഇവിടെ പറയുന്നതു്.

ശ്ലീഹന്മാർ തമ്മിൽ തങ്ങളിൽ വലിയവനാരെന്നു തക്കിച്ചതു് ശിമോനെ ശ്ലീഹന്മാരുടെ ഭരണകർത്താവായി നിയമിക്കുന്നതിനുമുമ്പാണ്. ശിമോനെ ഭരണകർത്താവായി നിയമിക്കുന്നതു യോഹ: 21. 15-ാംവാക്യം മുതലാണ്: "എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയിക്കുക. എന്റെ ആടുകളെ എനിക്കായി നീ മേയിക്കുക, എന്റെ പെണ്ണാടുകളെ എനിക്കായി നീ മേയിക്കുക" എന്നു കല്പിച്ചപ്പോഴാണ്. ഇങ്ങനെ ഒരധികാരം പന്തിരുവരിൽ മററുള്ളവക്കാകട്ടെ പന്തിരുവരിൽപെടാത്ത പൗലോസ് ശ്ലീഹാക്കാകട്ടെ കൊടുത്തിട്ടില്ല. പൗലോസ് ശ്ലീഹാതന്നെ പത്രോസിനെ പരിച്ഛേദനക്കാരുടെ അപ്പസ്തോലനായിട്ടും, പൗലോസിനെ ജാതികളുടെ അപ്പസ്തോലനായിട്ടും ഗലാത്യലേഖനത്തിൽ (ഗലാ: 2:8) പറഞ്ഞിരിക്കുന്നു. പൗലോസ് പരിച്ഛേദനക്കാരനാകയാൽ പൗലോസിന്റെമേലുള്ള അപ്പസ്തോലൻ പത്രോസാണെന്ന് ഇതിനാൽ സമ്മതിക്കുന്നു. അങ്ങനെ പത്രോസിന്റെകീഴുള്ള പൗലോസ് ജാതികളുടെ അപ്പസ്തോലനാകുന്നു. ഈ അധികാരം പത്രോസിനു കൊടുത്തതു മുതൽ പത്രോസ് മററു ശ്ലീഹന്മാരുടെ തലവനും അവരെ ഭരിക്കുന്നവനുമാണ്. പത്രോസ് വ്യക്തിത്വത്തിൽ റോമായിൽവച്ചു രക്തസാക്ഷിത്വം പ്രാപിച്ചു. അപ്പോൾ സഭ അവസാനിച്ചില്ല. സഭ എന്നും ഉണ്ടായിരിക്കണം. പത്രോസിന്റെ ഉദ്യോഗവും നീണ്ടുനില്ക്കണം. ആരാണ് ആ ഉദ്യോഗത്തിൽ ഇന്നത്തെ പത്രോസ്?




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ മരണകരമായ സുഖക്കേടിൽനിന്നും രക്ഷപ്രാപിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനും തെററുചെയ്തതിനും ക്ഷമാപണം.

വി. കെ. ഉതുപ്പ്

തലവനായ ശിമോന്റെ പിൻഗാമി ഏതു മെത്രാനാകുന്നു എന്നാണ് കണ്ടുപിടിക്കുവാനുള്ളതു്? എല്ലാ മെത്രാന്മാരും പത്രോസത്വം (പരമാധികാരം) ഉള്ളവരല്ല. എന്തെന്നാൽ എല്ലാ ശ്ലീഹന്മാർക്കും പരമാധികാരമുണ്ടായിരുന്നില്ല. ഓരോ മെത്രാനിലും പത്രോസത്വം നിക്ഷേപിച്ചാൽ സഭ പലതായി പിളർന്നുപോകും. ഒരു തൊഴുത്തായ സഭയ്ക്കു ഒരു ഇടയൻ മാത്രമേയുള്ളൂ. സഭ ഏകനായ പത്രോസിൽ സ്ഥാപിക്കപ്പെട്ടു എന്നു മുൻകണ്ടു. മിശിഹാതമ്പുരാനിലും അപ്പസ്തോലന്മാരിലും പ്രവാചകന്മാരിലും, സഭയ്ക്കുള്ള അടിസ്ഥാനവും ശിമോന്റെമേലുള്ള അടിസ്ഥാനവും തമ്മിലുള്ള വ്യത്യാസം "കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതു് എന്തുകൊണ്ടു്" എന്ന പുസ്തകം 5-ാംഅദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. ഏകപരമാധികാരിയായ പത്രോസിനോടും അദ്ദേഹം മേയിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള മററു ശ്ലീഹന്മാരോടുമാണ "കണ്ടാലും ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെയുണ്ടു്" എന്നു മിശിഹാ വാഗ്ദാനംചെയ്തതു്. ഇങ്ങനെ പത്രോസ് പരമാധികാരിയും പത്രോസിനോടുകൂടിയുള്ള മെത്രാന്മാരായ ശ്ലീഹന്മാർ ഉപാധികാരികളുമായിരിക്കുന്ന സഭയോടുകൂടിയാണ് ലോകാവസാനംവരെ ഉണ്ടായിരിക്കുമെന്നു സ്വർഗ്ഗാരോഹണസമയം മിശിഹാ വാഗ്ദത്തം ചെയ്തതു്. ആകയാൽ, പരമാധികാരം പല സമൂഹങ്ങളിൽ സ്ഥാപിച്ചാൽ മിശിഹായുടെ ഉദ്ദേശത്തിനു വിരുദ്ധമാകും.

പരമാധികാരം ഒരു ഉദ്യോഗമാണെന്നും അതു സഭ ഉള്ളിടത്തോളംകാലം ഉണ്ടായിരിക്കണമെന്നും നാം ഗ്രഹിക്കണം. ഉദ്യോഗം എന്നും അഭേദ്യമായി നിലകൊള്ളുന്നു. ഉദ്യോഗം വഹിക്കുന്ന വ്യക്തികളാകട്ടെ ആളത്വത്തിൽ മാറി മാറി വരുന്നു. രാജാധികാരം പ്രയോഗിക്കപ്പെടുന്ന ഒരു രാഷ്ട്രത്തിൽ രാജാവു മരിച്ചാലും ഭരണഘടന വ്യത്യാസപ്പെടുന്നില്ല. മരിച്ച രാജാവിന്റെ അധികാരം മാറിപ്പോകുന്നുമില്ല. മരിച്ച രാജാവിന്റെ നിയമങ്ങൾ അയാൾ മരിച്ചശേഷവും ശക്തിയിൽ ഇരിക്കുന്നു. ഇതുപോലെതന്നെയാണ് ഏകനായ പരമാധികാരിയിൽ സ്ഥിതിചെയ്യുന്ന സഭയുടേയും രീതി. എന്തെന്നാൽ പരമാധികാരം ശാശ്വതമായ ഒരു ഉദ്യോഗമാണ്. ആളത്വമല്ല ഉദ്യോഗമാണു നമ്മുടെ ചിന്താവിഷയം. ഏകപരമാധികാരിയായ പത്രോസും കീഴുള്ള ശ്ലീഹന്മാരും ആളത്വത്തിൽ മരിക്കുമെന്നറിഞ്ഞുകൊണ്ടല്ല യോ ലോകാവസാനംവരെ അവരോടുകൂടി ഉണ്ടായിരിക്കുമെന്നു മിശിഹാ അരുളിച്ചെയ്തതു്? ഇവിടെ അവരുടെ ഉദ്യോഗമാണു ചിന്താവിഷയമെന്നു വ്യക്തമാണ്. ഒരു പരമാധികാരി ആളത്വത്തിൽ മരിച്ചാലും അദ്ദേഹത്തിന്റെ ഉദ്യോഗവും ഔദ്യോഗികപ്രവൃത്തികളും സഭാഘടനയോടൊപ്പം നീണ്ടുനില്ക്കുന്നു. ഉദ്യോഗം സജീവമായി സാഹചര്യത്തിനൊത്തവണ്ണം പ്രയോഗിക്കുവാനും, ഔദ്യോഗികപ്രവൃത്തികൾക്കു സജീവവ്യാഖ്യാനം നൽകുവാനും മററും സജീവനായ ഒരു പരമാധികാരി ആവശ്യമായതിനാൽ മരിച്ച ആളുടെ സ്ഥാനത്തു വേറൊരാൾ പ്രത്യക്ഷനാകേണ്ടതായി വരുന്നു. ഇപ്രകാരം പരമാധികാരികൾ പത്രോസ് മരിച്ചശേഷം ഒരാൾക്കു പിറകേ മറെറാരാളായി ഉണ്ടാകാതെയിരുന്നാൽ സഭയിലുണ്ടാകുന്ന ഭിന്നതകളേയും തക്കങ്ങളേയും സജീവമായ അധികാരപ്രയോഗത്താൽ തടയുവാനാളില്ലാതെ വരും.

മെത്രാന്മാരെ തമ്മിൽ യോജിപ്പിക്കുവാനും സത്യമേതെന്നു തക്കം വരുമ്പോൾ വിശദീകരിച്ചു് ഉറപ്പിക്കുവാനും, സാഹചര്യങ്ങൾക്കു പററിയ നിയമങ്ങൾ സൃഷ്ടിക്കുവാനും മററും പരമാധികാരം സജീവമായി സംസാരിക്കേണ്ട ആവശ്യമുണ്ടു്. അതിനാൽ പത്രോസ് പരമാധികാരിയാണെന്നു മുൻകാണിച്ചിട്ടുള്ളപ്രകാരം യാക്കോബായസഭയിലെ പല വി. പിതാക്കന്മാർ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു പത്രോസിന്റെ പരമാധികാരത്തിൽ പിൻഗാമി ഉണ്ടാകേണ്ടതാണെന്നു മേൽവിവരിച്ച സംഗതികൾ ഗ്രഹിക്കുന്നവക്കു സമ്മതിക്കാതെ ഗത്യന്തരമില്ല. പത്രോസ് മരിച്ചശേഷം പത്രോസിന്റെ ഉപദേശങ്ങളേയും നിയമങ്ങളേയും സജീവമായി വ്യാഖ്യാനിക്കുവാൻ പത്രോസിന്റെ പിൻഗാമിയല്ലാതെ മററാളുകൾ ഉദ്യുക്തരാകേണ്ടതില്ല. അതിനാൽ പരമാധികാരിയായ പത്രോസിനു പരമാധികാരിയായ പിൻഗാമി ഉണ്ടാകാതെ നിവൃത്തിയില്ല. വേദവാക്യങ്ങൾ തന്നിഷ്ടമായി വ്യാഖ്യാനിച്ചാൽ "ബാബേൽ" ഉണ്ടാകും. ഈ വിധത്തിലുള്ള പരമാധികാരപ്രയോഗത്താൽ ഇന്നു ലോകത്തിൽ ഏകമായിരിക്കുന്ന സഭ ഏതാണെന്നു തിരിച്ചറിയുവാൻ ആക്കും നിഷ്പ്രയാസം സാധിക്കും. പരമാധികാരം സ്ഥാപിച്ചതു മിശിഹായാണ്. (യോഹ: 21:15-17) പത്രോസിനോടു്, യേശുക്രിസ്തു തന്റെ സകല ആടുകളേയും മേയിക്കുവാൻ പറയുമ്പോൾ പതിനൊരുവരും, പൗലോസ് ശ്ലീഹായും, യേശുക്രിസ്തുവിന്റെ ആടുകളാകയാൽ അവരുടെയും ഇടയൻ പത്രോസാണ് എന്നു് വിശദമത്രെ. മിശിഹാ പത്രോസ് ശ്ലീഹായെ ഇപ്രകാരം ഇടയനാക്കുമ്പോൾ ഒരു ബ്രദർകാരൻ പൗലോസ് ശ്ലീഹാക്കാണ് പ്രാധാന്യം എന്നു പറയുവാൻ തുനിയുന്നു. അതു് ചില യാക്കോബായക്കാർ വിശ്വസിക്കുവാനും തുടങ്ങുന്നു. "ഞാൻ പിടിച്ച മുയലിനു് 4 ചെവിയുണ്ടു്" എന്നു് ഒരാൾ ശഠിച്ചാൽ എന്തുചെയ്യും. ദുശ്ശാഠ്യത്തിനു കഷണ്ടിക്കും മരുന്നില്ല. മിശിഹാ പത്രോസ് ശ്ലീഹായെ പ്രധാന ഇടയനാക്കുന്നു. ബ്രദർകാരൻ പത്രോസ് ശ്ലീഹായെ അവിടെനിന്നും താഴെ വലിച്ചിടുവാൻ ശ്രമിക്കുന്നു. ആരു് ജയിക്കുമെന്നു് ഭാവികാലം നിർണ്ണയിക്കട്ടെ. ഈ പാറ പൊട്ടിക്കുവാൻ വളരെപ്പേർ ശ്രമിച്ചു. അതു് യേശുമിശിഹാ സ്ഥാപിച്ചതിനാൽ പൊട്ടുകയില്ല. പൗലോസ് ശ്ലീഹാ, മററു അപ്പസ്തോലന്മാരെപ്പോലെയും പത്രോസ് ശ്ലീഹായെപ്പോലെയും തുല്യമെത്രാനാണ്.

### ഉപകാരസ്മരണ

വി. പത്താംപീയൂസിന്റെയും, ബ. അൽഫോൻസാമ്മയുടേയും, സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മേരി ജോൺ അറയ്ക്കൽ

ഇതൊക്കെ "കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതു എന്തുകൊണ്ടു്" എന്ന പുസ്തകത്തിൽ വിശദമാക്കിയിട്ടും കാര്യം ഗ്രഹിക്കാതെ പിന്നെയും പടപ്പേൽ തല്ലിയാൽ കുറെ ഒച്ചപ്പാടുണ്ടാകുമെന്നല്ലാതെ സത്യം കാണുകയില്ല. "എന്റെ പിതാവു് ആകർഷിക്കാതെ ആക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല" എന്ന കർത്താവിന്റെ വചനം ഇന്നും എത്രയോ പരമസത്യം! ശാശ്വതമായിട്ടാണ് മിശിഹാ പരമാധികാരം സ്ഥാപിച്ചതു്. പത്രോസിന്റെ ഈ പരമാധികാരം തുടന്നു പ്രയോഗിക്കുവാൻ ഇന്നയാൾ വേണമെന്നു തിരഞ്ഞെടുക്കുന്നവർ തീരുമാനിക്കുമ്പോൾ, ശാശ്വതമായി സഭയിൽ നിലകൊള്ളുന്ന പരമാധികാരോദ്യോഗത്തിൽ ആ ആൾ സ്വമനസാ പ്രവേശിക്കുകയാണ്.

പത്രോസ് റോമായിൽ പോയെന്നും അവിടെ സഭ സ്ഥാപിച്ചുവെന്നും യാക്കോബായരേഖകൾ കൊണ്ടു മുൻതെളിയിച്ചുകഴിഞ്ഞു. പത്രോസ് മരിച്ചതു റോമായിലാണെന്നു യാക്കോബായസഭ സമ്മതിക്കുന്നു. പത്രോസ് ജീവിച്ചിരുന്നിടത്തോളംകാലം യെറുശലേമിലോ അന്ത്യോഖ്യായിലോ ലോകത്തിൽ മറെറവിടെയെങ്കിലുമോ മറെറാരു പരമാധികാരി ജീവിച്ചിരുന്നില്ല. പത്രോസ് മരിച്ചശേഷമേ പിൻതുടർച്ചക്കാരൻ ഉണ്ടാകേണ്ടതുള്ളൂ. അങ്ങനെ പത്രോസ് റോമായിൽ മരിച്ചശേഷം അവിടെ അദ്ദേഹത്തിന്റെ പിൻഗാമി വരുവാനിടയായി.

കാനോൻ 7-ാം അദ്ധ്യായം 1-ാംവാക്യം. നിഖ്യാ: "ലോകത്തിലെ നാലുദിക്കുകളുടെ സംഖ്യ അനുസരിച്ചു് പാത്രിയക്കീസന്മാർ നാലുപേർ ഉണ്ടായിരിക്കണം. എല്ലാവരുടേയും പ്രധാന തലവൻ റോമായിലെ പാത്രിയക്കീസും, അദ്ദേഹത്തിന്റെകൂടെ അലക്സാന്ത്രിയായിലെ പാത്രിയക്കീസും, അദ്ദേഹത്തിന്റെകൂടെ എഫേസൂസിൽനിന്നു് പാത്രിയക്കാസ്ഥാനം അങ്ങോട്ടു മാററപ്പെട്ടതും പുതിയ റോമാ എന്നു നാമകരണം ചെയ്യപ്പെട്ടതും ചെയ്തിട്ടുള്ള കുസ്തന്തീനോപ്പോലീസിലെ പാത്രിയക്കീസും, അദ്ദേഹത്തിന്റെകൂടെ പൗരസ്ത്യദേശം മുഴുവനിലും അധികാരമുള്ള അന്ത്യോഖ്യായിലെ പാത്രിയക്കീസും, ആയിരിക്കണം."

—o—

പ്യാരി (REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD. T.C.S

### പ്രകടനവും പ്രാർത്ഥനയും

ഇററാലിയൻ കത്തോലിക്കാ തൊഴിലാളി പ്രസ്ഥാനത്തിന്റെ മിലാൻ ശാഖ പ്രകടനങ്ങളെക്കാൾ ഫലപ്രദമാണ പ്രാർത്ഥനയെന്നു കരുതി തങ്ങളുടെ ദിവസക്കൂലിയിൽ ഒരു ഭാഗം ദരിദ്രരും ക്ലേശങ്ങളനുഭവിക്കുന്നവരുമായ കന്യാസ്ത്രീകൾക്കയച്ചുകൊടുത്തു് തങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിച്ചിരിക്കുന്നു. അവർ പിരിച്ചെടുത്ത രണ്ടരലക്ഷം ലീര വിവിധ കന്യാകാമഠങ്ങൾക്കായി വിഭജിച്ചുകൊടുക്കുന്നതാണ്. ടക്കി, ഡമാസ്കസ്, ബെയ്റൂട്ട്, ജറൂസലേം, നസറത്തു്, കെയ്റോ, അൽജീയേഴ്സ് മുതലായ പ്രദേശങ്ങളിലെ കന്യകാമഠങ്ങൾക്കും ഈ സഹായത്തിൽ ഓഹരി ലഭിക്കുന്നതാണ്.

### മിഷനുകൾക്കു കൂടുതൽ സഹായം

കത്തോലിക്കാ വിദേശമിഷനുകൾ സാമ്പത്തികമായ വിഷമതകളെ അഭിമുഖീകരിക്കുന്നുണ്ടെന്നു പ്രൊപ്പഗാന്താ തിരുസംഘം സിക്രട്ടറി ആർച്ചുബിഷപ്പ് സിജിസ്മോണ്ടി തിരുമേനി ഒരു അഭിമുഖസന്ദർശനവേളയിൽ പ്രസ്താവിച്ചിരിക്കുന്നു. മിഷനുകൾക്കു കൊടുക്കുന്ന പണംമൂലം കൂടുതൽ പ്രവർത്തനങ്ങൾ നടക്കുന്നു. ഈ കൂടുതൽ പ്രവർത്തനഫലമായി കൂടുതൽ ധനസഹായം ആവശ്യമായി തീരുന്നു. "ധനസഹായത്തിൽ ഒരു വർദ്ധനവു് ഉപകാരപ്രദമാണ്; പക്ഷെ അതു ഒരിക്കലും മതിയായതാകുന്നില്ല" എന്നാണ് തിരുമേനി പ്രസ്താവിച്ചതു്. കഴിഞ്ഞകൊല്ലം ലോകത്തിലെങ്ങുമുള്ള കത്തോലിക്കർ മിഷൻസഹായാർത്ഥം 60 ലക്ഷം പവൻ സംഭാവന ചെയ്യുകയുണ്ടായി.

### മരണപത്രപ്രകാരം

അമേരിക്കയിൽ സിൻസിനററിയിലെ ഒരു വ്യവസായപ്രമുഖനായ മി. വാൾട്ടർ ഇ. ഷോട്ട് തന്റെ മരണപത്രപ്രകാരം 20 ലക്ഷം ഡോളർ പരോപകാരപ്രവർത്തനങ്ങൾക്കായി സിൻസിനററി മെത്രാപ്പോലീത്തായെ ഏല്പിച്ചിരുന്നു. മരണപത്രം സംബന്ധിച്ചു് നടന്ന ഒരു കേസിൽ ഈ ദാനം അസാധുവാണെന്നു വിധിയുണ്ടായി. മരണത്തിനു് ഒരുകൊല്ലം മുൻപെങ്കിലും വിൽപ്പത്രം എഴുതിയിരിക്കണമെന്ന ഒരു സാങ്കേതികന്യായത്തിലാണ് അതു അസ്ഥിരപ്പെടുത്തപ്പെട്ടതു്. എന്നാൽ പരേതന്റെ അവകാശികൾ കൊല്ലത്തിൽ 2 ലക്ഷം ഡോളർവീതം 10 കൊല്ലത്തേക്കു മെത്രാപ്പോലീത്താ തിരുമേനിക്കു നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

# ചോദിച്ചാൽ പറയാം

51. ചോ: സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വനന്മയുമായ ഒരു ദൈവം ഉണ്ടെന്നുള്ളതു് ഒരു യാഥാർത്ഥ്യമാണെങ്കിൽ, അദ്ദേഹം ഒരു മനുഷ്യവേഷം ധരിച്ചു് എന്റെ സമീപം വന്നു് എന്നെ പരിപൂർണ്ണമായി ഒന്നു ബോദ്ധ്യപ്പെടുത്തിതന്നുകൂടേ? എന്തിനു് എന്നെ സംശയിപ്പിച്ചുകൊണ്ടു നടത്തുന്നു.

(ക. ജി. കെ. ചെവ്വൂർ)

ഉ: ദൈവം മനുഷ്യവേഷം ധരിച്ചു സമീപംവന്നു പരിപൂർണ്ണമായി ബോദ്ധ്യപ്പെടുത്തുക കയ്യുണ്ടാം പ്രവർത്തിച്ചാലും ബോദ്ധ്യമാകാത്തവർ ധാരാളമുണ്ടെന്നുള്ളതു ഒരു ചരിത്രവസ്തുതയാണു്. എന്തെന്നാൽ ദൈവം ഒരിക്കൽ മനുഷ്യവേഷം ധരിക്കുകയും 33 വർഷക്കാലം മനുഷ്യരുടെ കൂടെ ചരിക്കുകയും, വെള്ളം വീഞ്ഞാക്കുക, മരിച്ചവരെ ഉയിപ്പിക്കുക, സ്വയം മരണത്തിൽനിന്നു് ഉയിർത്തെഴുന്നേൽക്കുക മുതലായി മനുഷ്യർക്ക സാദ്ധ്യമല്ലാത്ത അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടും അദ്ദേഹത്തിൽ വിശ്വസിക്കാത്തവർ അനേകമായിരങ്ങളാണു്. മനുഷ്യനായ ആ ദൈവം കുരിശിൽ കിടന്നു മരിച്ചപ്പോൾ, വിജാതീയനും വിജാതീയനുമായിരുന്ന ശതാധിപൻ "സത്യമായി ഇവൻ ദൈവപുത്രനായിരുന്നു" എന്നു ഏറ്റുപറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ സ്വജാതീയരും അദ്ദേഹത്തോടുകൂടി ചരിച്ചിട്ടുള്ളവരും അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തികൾ കണ്ടിട്ടുള്ളവരുമായ പ്രീശന്മാരും നിയമജ്ഞന്മാരും മൂപ്പന്മാരും പറഞ്ഞതു് "ഇവൻ ദൈവമാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരട്ടെ"യെന്നാണു്.

ബോദ്ധ്യം നമ്മുടെ മനസ്സിന്റെ ഒരു പ്രവൃത്തിയാണു്. ദൈവം മനുഷ്യവേഷം ധരിച്ചു മുന്നിൽ വന്നു നിന്നാലും നമ്മുടെ മനസ്സു സന്നദ്ധമല്ലെങ്കിൽ ഒരിക്കലും നമുക്ക ബോദ്ധ്യപ്പെടുകയില്ല. നമ്മുടെ മനസ്സു സന്നദ്ധമാണെങ്കിലോ, ദൈവത്തെ നേരിട്ടു കാണാതെതന്നെ, അവിടുത്തെ പ്രവൃത്തനങ്ങളിൽനിന്നും അവിടുന്നു നൽകുന്ന പ്രചോദനങ്ങളിൽനിന്നും നമുക്ക ദൈവത്തെ മനസ്സിലാക്കുവാൻ സാധിക്കും. ലോകത്തിലെ അതിബുദ്ധിമാന്മാരായിരുന്ന അനേകായിരമാളുകൾ ദൈവത്തെ ഏറ്റു പറഞ്ഞിട്ടുള്ളതു് അവർ ദൈവത്തെ നേരിട്ടുകണ്ടതുകൊണ്ടല്ല, ദൈവത്തെ സ്വീകരിക്കുവാൻ അവരുടെ മനസ്സു സന്നദ്ധമായിരുന്നതുകൊണ്ടാണു്. കുറ്റിനാശം നിന്നു "ദൈവപുത്രന്റെ പ്രകാശമേ നയിച്ചാലും" എന്നു ആത്മാർത്ഥമായി, വിനീതനായി പ്രാർത്ഥിക്കുകയാണു് ഇതിനു നല്ല മാർഗ്ഗം.

ദൈവത്തിനു നേരിട്ടുവന്നു ഒന്നു ബോദ്ധ്യപ്പെടുത്തിത്തന്നുകൂടെ എന്ന ചോദ്യത്തിനു്, ക്രിസ്തു നൽകിയിരിക്കുന്ന ഒരു മറുപടി വളരെ പ്രസക്തമായിട്ടുള്ളതാണു്. "(ധനവാൻ അബ്രാഹത്തിനോടു പറഞ്ഞു: എന്തെന്നാൽ എന്റെ പിതാവേ, അവനെ (ലാസറിനെ) എന്റെ അപ്പന്റെ വീട്ടിലേക്ക് അയക്കണമെന്നു ഞാൻ നിന്നോടു് അപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ എനിക്കു് അഞ്ചു സഹോദരന്മാരുണ്ടു്. അവരും ഈ പീഡനസ്ഥലത്തു വരാതിരിക്കേണ്ടതിനു അവൻ പോയി അവരോടു സാക്ഷ്യം പറയട്ടെ. അബ്രാഹം അവനോടു്, അവർക്കു മോശയും പ്രവാചകന്മാരുമുണ്ടല്ലോ അവരുടെ വാക്ക അവർ കേൾക്കട്ടെ എന്നു പറയുന്നു. അതിനു് അവൻ അവനോടു: അല്ല, എന്റെ പിതാവായ അബ്രാഹമേ, എന്നാൽ മരിച്ചവരിൽ ഒരുത്തൻ അവരുടെ അടുക്കൽ ചെന്നാൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അബ്രാഹം അവനോടു പറയുന്നു: "അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്ക കേൾക്കുകയില്ലെങ്കിൽ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റാൽ അവനെയും അവർ വിശ്വസിക്കുകയില്ല." (ലൂക്കാ XVI 27-31)

## ലീജിയൻ ഓഫ് മേരി കൊമീസിയം

എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽ സ്ഥാപിതമായിട്ടുള്ള ലീജിയൻ ഓഫ് അസംപ്ഷൻ ക്യൂരിയ കൊമീസിയം പദവിയിലേക്കു ഉയർത്തപ്പെട്ടിരിക്കുന്നു. ഇതുപ്രമാണിച്ചു് ഞായറാഴ്ച കാലത്തു് 10-30-നു് എറണാകുളം മെത്രാപ്പോലീത്താ മേജർ റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒക്കിണേന്ത്യൻ സെനറ്റുസു് പ്രതിനിധി ബ്രദർ ആർ രത്നസാമി ഒരു പ്രസംഗംചെയ്തു. അദ്ധ്യക്ഷൻ തിരുമനസ്സിലെ ഉദ്ഘാടനപ്രസംഗത്തിൽ, അൽമായപ്രേഷിതത്വത്തിൽ, ലീജിയൻ ഓഫ് മേരിക്കുള്ള സമുന്നതസ്ഥാനത്തെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിവിധഇടവകകളിൽനിന്നുമായി ഇരുനൂറോളം ലീജിയൻപ്രവർത്തകർ യോഗത്തിൽ സംബന്ധിച്ചിരുന്നു. യോഗാവസാനത്തിൽ ബ്രദർ രത്നസാമി അംഗങ്ങളെ ഉദ്ദേശിച്ചു് ഒരു പഠനക്ലാസ്സു നടത്തുകയുണ്ടായി.

## കേരളവാർത്തകൾ

—അഡ്വൊക്കേറ്റ് ശ്രീ ടി. ജെ മാത്യു തെള്ളി അവർകാംക്ഷ തിരുസിംഹാസനത്തിൽനിന്നും കെ. എസ്. ജി. സ്ഥാനം കല്പിച്ചു നൽകിയിരിക്കുന്നു.

—കേരള ഗവർണ്ണർ ഡോക്ടർ രാമകൃഷ്ണറാവു ഡൽഹിക്കു പോയിരിക്കുന്നു. നാളെ തിരിച്ചെത്തുന്നതാണു്.

—ഭരണങ്ങാനത്തെ മേരിഗിരി ആശുപത്രിക്കു ഇൻഡ്യാ ഗവണ്മെന്റു 25,000 ക. സഹായം അനുവദിച്ചിട്ടുള്ളതായി അറിയുന്നു.

—ഇൻഡ്യ ദക്ഷിണേന്ത്യയിൽ സ്ഥാപിക്കുവാൻ പോകുന്ന വലിയ തോതിലുള്ള അച്ചടിശാലകൊരട്ടിയിൽ സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഇൻഡ്യാ ഗവണ്മെന്റു് ഡിഫൻസ് വകുപ്പിലെ ഒരുദ്യോഗസ്ഥനായ ഡോക്ടർ ആദിശേഷയ്യ എം. എ. പി.എച്ച്. ഡി, കത്തോലിക്കാ സാമൂഹ്യ പ്രവർത്തനങ്ങളെപ്പറ്റി എറണാകുളം നൃമാൻ അസോസിയേഷനിൽ ഒരു പ്രസംഗം ചെയ്തിരിക്കുന്നു.

—ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനു പാറിയ സ്ഥലം പരിശോധിച്ചു തിട്ടപ്പെടുത്തുന്നതിനു നിയമിക്കപ്പെട്ടിരിക്കുന്ന കമ്മിറ്റി കോഴിക്കോടും തൃശ്ശൂരും സന്ദർശിച്ചിരിക്കുന്നു.

—മലബാർ മുന്നു ഡിസ്ട്രിക്റ്റുകളായി വിഭജിക്കണമെന്നു മലബാർ കാരുടെ ആവശ്യത്തെപ്പറ്റി അനുഭാവപൂർവ്വം പരിഗണിക്കുവരികയാണെന്നു ആഭ്യന്തരമന്ത്രി രാജ്യസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക തൊഴിൽ നൽകുന്നതിലേക്ക അടുത്തുതന്നെ ആറു വർക്ക്ഷോപ്പുകൾ കേരളത്തിൽ ആരംഭിക്കുന്നതാണു്.

—കാലംചെയ്ത എറണാകുളം മെത്രാപ്പോലീത്താ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ ഒരു ഛായാപടം വി. കെ. ബാവ മെമ്മോറിയൽ ആശുപത്രിയിൽ മദ്രാസു് ഗവർണ്ണറായി നിയമിതനായിരിക്കുന്ന മി. ഏ. ജെ. ജോൺ അനാച്ഛാദനം ചെയ്തിരിക്കുന്നു.

—ഗവണ്മെന്റു് ആവശ്യത്തിലേക്ക ഇണ്ടി വാങ്ങുമ്പോൾ അംബർ ചർക്കകൊണ്ടുണ്ടാക്കിയ തുണിക്കും ഖാദിക്കും മുൻഗണന നൽകണമെന്നു് ഒരു സർക്കലറിൽ ഗവണ്മെന്റു നിർദ്ദേശിച്ചിരിക്കുന്നു.

—തലശ്ശേരി-കുടക്-മൈസൂർ മിറാർഗേജ് റെയിൽവേയുടെ സർവ്വേ ജോലി ആരംഭിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

—ഹംഗറിയിലെ സംഭവങ്ങളും ഒരു ഭയങ്കര വിപത്താണെന്നും, യു. എൻ. സിക്രട്ടറി ജനറലിനു ഹംഗറിയിൽ പ്രവേശനമനുവദിക്കാത്തതു നിർഭാഗ്യകരമാണെന്നും പ്രധാനമന്ത്രി നെഹ്റു രാജ്യസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—കേരളത്തിലെ മലബാർ വിഭാഗത്തിലും പ്രസിഡന്റു ഭരണം ഏപ്പെടുത്തിക്കൊണ്ടുള്ള പ്രസിഡന്റിന്റെ വിളംബരം പാർലമെന്റിന്റെ ഇരുമണ്ഡലങ്ങളും അംഗീകരിച്ചിരിക്കുന്നു.

—ദുർക്കാപ്പയിൽ സ്ഥാപിക്കുന്ന ഉരുക്കുഫാക്ടറി പരിപൂർണ്ണമായും കേന്ദ്രഗവണ്മെന്റിന്റെ ഉടമയിലായിരിക്കുന്നതാണു്. 128 കോടി ക. യാണു ഫാക്ടറിക്കു ചെലവു കണക്കാക്കിയിരിക്കുന്നതു്.

—630-ൽപരം ദിവസം ഉടർച്ചയായി സഭയിൽ ഹാജരാകാതിരുന്നതിനാൽ ഒറീസായിൽ നിന്നുള്ള ഒരു കോൺഗ്രസ്സു് മെമ്പറായ മി. ശിവനാരായണൻ സിംഗ് മഹോദയനു ലോകസഭാംഗത്വം നഷ്ടപ്പെട്ടിരിക്കുന്നു.

—ഭാഷാന്യൂനപക്ഷങ്ങളുടെ കാര്യം കൈകാര്യംചെയ്യുന്നതിലേക്ക ഒരു സ്പെഷ്യൽ ആഫീസറെ കഴിയുംവേഗം നിയമിക്കുന്നതിനു് ഇന്ത്യാ ഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നു.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ അടുത്ത വാർഷികസമ്മേളനം ഇൻഡോറിൽവെച്ചു ജനുവരി 6-ം 7-ം തീയതികളിൽ നടത്തപ്പെടുന്നതാണു്.

—ഇന്ത്യയും ഫ്രാൻസും തമ്മിൽ നേരിട്ടുള്ള റേഡിയോഫോട്ടോ സർവ്വീസു പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—ഇൻഡ്യയിലെ പട്ടികജാതി സമുദായങ്ങളുടെ അനിഷേദ്ധ്യനേതാവും, കേന്ദ്രഗവണ്മെന്റിൽ നിയമകാര്യമന്ത്രിയായിരുന്നയാളുമായ ഡോക്ടർ ബി. ആർ. അംബേദ്കർ നിര്യാതനായിരിക്കുന്നു.

—മദ്രാസു് ഗവർണ്ണറായി നിയമിതനായിരിക്കുന്ന മി. ഏ. ജെ. ജോൺ കഴിഞ്ഞ തിങ്കളാഴ്ച സത്യപ്രതിജ്ഞനടത്തി ചാർജ്ജെടുത്തിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പു് 1957 ഫെബ്രുവരി 28-നും മാർച്ചു 14-നും മദ്ധ്യേ നടത്തണമെന്നുള്ള ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം ഇൻഡ്യാഗവണ്മെന്റു സ്വീകരിച്ചിരിക്കുന്നു.

—രാജിവെച്ച മി. ലാൽബഹദൂർ ശാസ്ത്രിക്കുപകരം റെയിൽവേമന്ത്രിയായി മി. ജഗജ്ജീവൻ റാം നിയമിതനായിരിക്കുന്നു. വാർത്താവിനിമയവകുപ്പിന്റെ ചാർജ്ജു് മി. രാജ്ബഹദൂർ വഹിക്കുന്നതാണു്.

—സംസ്ഥാന പുനസംഘടനാ ജോലികൾക്കായി ഇൻഡ്യാഗവണ്മെന്റിനു 11.37 കോടി രൂപാ ചെലവായിരിക്കുന്നു.

## വിദേശവാർത്തകൾ

—റഷ്യയിലെ ഇന്ത്യൻ സ്ഥാനപതിയായ മി. കെ. പി. എസ്. മേനോൻ ഹംഗറിയിലെത്തിയിരിക്കുന്നു. പത്തു ദിവസം അദ്ദേഹം അവിടെ പര്യടനം നടത്തുന്നതാണു്.

—ഹംഗേറിയൻ സ്ഥിതിഗതികളെപ്പററിയുള്ള വിവരങ്ങൾ ആരായുന്നതിലേക്ക ഇൻവെസ്റ്റിഗേറ്റർമാരെ ഹംഗറിയിലേക്കു തെരഞ്ഞെടുക്കുന്ന രാജ്യങ്ങളിലേക്കു് ഉടനെ അയക്കണമെന്ന പ്രമേയം മഹാഭൂരിപക്ഷത്തോടെ ഐക്യരാഷ്ട്ര ജനറൽസംബ്ളി പാസാക്കിയിരിക്കുന്നു.

—ഫ്രാൻസിലെ ഇന്ത്യൻ സ്ഥാനപതിയായി നിയമിതനായിരിക്കുന്ന സർദാർ കെ. എം. പണിക്കർ പാരീസിലെത്തിയിരിക്കുന്നു.

—മെൽബോണിൽ വെച്ചുനടക്കുന്ന ഒളിമ്പിക്കു് മത്സരത്തിൽ ഹോക്കി ഫൈനൽസിൽ ഇന്ത്യ വിജയിച്ചു് ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.

—മിഷ്യനറി യൂണിയൻ ഓഫ് ക്ലർജി എന്ന സംഘടനയെ ഒരു പോണ്ടിഫിക്കൽ സൊസൈറ്റിയുടെ പദവിയിലേക്കുയർത്തുന്നതിനു മാർപ്പാപ്പാ തിരുമേനി അനുവദിച്ചിരിക്കുന്നു. 1916-ൽ സമാരംഭിച്ചമായ ഈ സംഘടന ഇന്നു 50-ലധികം രാജ്യങ്ങളിൽ പ്രചരിച്ചുകഴിഞ്ഞിരിക്കുന്നു.

—ലീജിയൻ ഓഫ് മേരി എന്ന സംഘടനയുടെ സ്ഥാപകനായ മി. ഫ്രാങ്ക് ഡഫിനു അമേരിക്കയിലെ ഡോറാൻ സർവ്വകലാശാലക്കാർ ആവരുടെ ഇക്കൊല്ലത്തെ വാർഷികമെയ്ലൻ എവാർഡു് നൽകിയിരിക്കുന്നു.

—അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും മററുപല രാജ്യങ്ങളിൽനിന്നും വന്ന 15000-ത്തിലധികം കത്തോലിക്കാവനിതകൾ ഷിക്കാഗോയിൽവെച്ചു ഒരു കൺവെൻഷൻ നടത്തിയിരിക്കുന്നു. 90 ലക്ഷം അംഗങ്ങളുള്ള അമേരിക്കയിലെ നാഷനൽ കൗൺസിൽ ഓഫ് കാത്തലിക് വിമൻ എന്ന സംഘടനയുടെ പ്രതിനിധികളായിരുന്നു ഈ കൺവെൻഷനിൽ പങ്കെടുത്തിരുന്നതു്. മാർപ്പാപ്പാ തിരുമേനി കൺവെൻഷനു് അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ ഈ സംഘടന സഭയ്ക്കു ചെയ്തുകൊണ്ടിരിക്കുന്ന അമൂല്യങ്ങളായ സേവനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി.

—വത്തിക്കാനിൽ ബ്രസീലിന്റെ സ്ഥാനപതിയായ സീനോർ ഫിറാർ ലിറാ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു് അധികാരപത്രം സമർപ്പിച്ചിരിക്കുന്നു. ഇക്കൊല്ലം പുതുതായി വത്തിക്കാനിലെത്തിയ 16-ാമത്തെ സ്ഥാനപതിയാണു സീനോർ ലിറാ. വത്തിക്കാനിലിപ്പോൾ 47 രാജ്യങ്ങളുടെ സ്ഥാനപതിമാരാണുള്ളതു്.

—ദുരിതമനുഭവിക്കുന്ന ഹംഗറിയിലെ ജനങ്ങൾക്കുവേണ്ടി മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു് രണ്ടുവാഗൺ നിറയെ വസ്ത്രങ്ങളും ഔഷധങ്ങളും അയച്ചുകൊടുത്തിരിക്കുന്നു.


### തൃശ്ശിവപേരൂർ ലൂർദ്ദു് പള്ളി

ബ: കേരള ഗവണ്മെണ്ടിൽനിന്നനുവദിച്ച D. Dis. Ins. 3-12216/56 നമ്പ്ര് ഓർഡർ അനുസരിച്ചു ഉടങ്ങുന്ന

### പുതിയ മാസക്കുറി


111 നറുക്കു്. നറുക്കു് 1 ക്കു് 100 ക. 11100 ക. സല

ആദ്യനറുക്കെടുപ്പു്:— 1957 ഫെബ്രുവരി 11-ാംനു-

കുറിയിൽ കുറഞ്ഞതു് 1/32 നറുക്കു് (ക. 2 ണയുടെ വീതം) വരെ ചേരാവുന്നതാണു്.

കൂടുതൽ വിവരത്തിനും അപേക്ഷാഫാറത്തിനും കുറിയാപ്പീസിൽ ആവശ്യപ്പെടുക:—

TRICHUR, 15-11-1956 ) VICAR & TRUSTEE ) THE LOURDES CHURCH KURI OFFICE

ആദ്ധ്യാത്മികവീഥി

# ദിവ്യബലിയും ത്യാഗപരജീവിതവും

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

ദിവ്യബലി ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൻെറ കേന്ദ്രമായിരിക്കണമെന്നു കഴിഞ്ഞ ലക്കത്തിൽ പറയുകയുണ്ടായല്ലൊ. അതു എത്ര പ്രാവശ്യം ആവർത്തിച്ചു പറഞ്ഞാലും അധികമാകുകയില്ല. അതിരാവിലെ പോയി ഒരു കുർബാനയോ ചിലപ്പോൾ പല കുർബാനകളോ കണ്ടതിനുശേഷം പുറത്തേക്കിറങ്ങുമ്പോൾ മുതൽ മററുള്ളവരെ ദൂഷിച്ചു സംസാരിക്കയും, വീട്ടിൽവന്നു തൊട്ടതിനെല്ലാം കുററം പറഞ്ഞു ക്ഷമകേടോടുകൂടി വർത്തിക്കയും, ഒരു ജോലിയും ചെയ്യാതെ അലസമായി സമയം കളയുകയും ചെയ്യുന്നവരെ നാം കാണുന്നില്ലേ?

ഇവർ പക്ഷേ മുഴുവൻ സമയവും മുട്ടിന്മേൽ നിന്നുകൊണ്ടു തന്നെയാണു കുർബാനയിൽ സംബന്ധിച്ചതെങ്കിലും ആ കുർബാനകൊണ്ടു വേണ്ടത്രഫലം ഉണ്ടായിട്ടില്ല. കാരണം കുർബാന ജീവിതത്തിൻെറ കേന്ദ്രമാക്കുന്നതെങ്ങനെയാണെന്നു് ഒന്നുകിൽ ധരിച്ചിട്ടില്ല, അല്ലെങ്കിൽ ധാരണയനുസരിച്ചു് പ്രവർത്തിക്കുന്നില്ല.

നാം സിനിമായോ നാടകമോ കാണുന്നതുപോലെയല്ല കുർബാന കാണേണ്ടതു്. പ്രത്യുത നമുക്കു വേണ്ടി സ്വയം ബലിയർപ്പിക്കുന്ന മിശിഹായോടു യോജിച്ചുകൊണ്ടു് നമ്മെത്തന്നെയും ബലിയായി അർപ്പിക്കേണ്ടതാണെന്നു നമുക്കറിയാം. ആ ബലിയർപ്പണം പള്ളിയിൽവച്ചു തുടങ്ങുന്നതേയുള്ളൂ. പള്ളിയിൽ നിന്നിറങ്ങിയശേഷം വേണം അതു പൂർത്തിയാക്കുവാൻ അതെങ്ങനെയാണുവേണ്ടതെന്നു പറയാം.

ഒന്നാമതു തന്നെ പള്ളിയിൽ വച്ചു നമ്മുടെ ബലി തുടങ്ങേണ്ടതെങ്ങനെയെന്നു നോക്കാം. ബലി സ്വയനിഗ്രഹത്തിൽ അഥവാ പരിത്യാഗത്തിലാണല്ലൊ അടങ്ങിയിരിക്കുന്നതു്. ആ ബോധം നമുക്കുണ്ടെങ്കിൽ പള്ളിയിൽ ഏററവും കൂടുതൽ കാററുകിട്ടുന്ന സ്ഥലത്തോ സൗകര്യമായി ചാരിയിരിക്കാവുന്നിടത്തോ മാത്രമേ സ്ഥലം പിടിക്കയുള്ളു എന്നു നിർബന്ധിക്കയില്ല. മാത്രമല്ല, കുറെ മുട്ടുവേദനയോ നടുവുവേദനയോതോന്നിയാലും അതു സഹിച്ചുകൊണ്ടു് കുർബാനയുടെ പ്രധാനപ്പെട്ട സമയങ്ങളിലെങ്കിലും മുട്ടിന്മേൽ നില്ക്കാൻ ശ്രമിക്കും. കുർബാന ആരംഭം മുതൽ അവസാനംവരെയും കാണും. അല്ലാതെ പ്രസംഗം കഴിഞ്ഞേ പള്ളിയിൽ കയറുകയുള്ളുവെന്നോ, കയറിയാൽ തന്നെ വാതുക്കൽ മാത്രമേ ഇരിക്കയുള്ളുവെന്നോ, വി. കുർബാന അടക്കിയാലുടൻ തന്നെ സ്ഥലം വിടണമെന്നോ, പള്ളിയകത്തുതന്നെ വല്ല തൂണിൻെറ മറയിലും ഇരുന്നുകൊണ്ടു കൂട്ടുകാരോടു സംസാരിക്കണമെന്നോ നാം വിചാരിക്കയില്ല. മററുള്ളവരുടെ ദുർമ്മാതൃകയാൽ ഇവയെല്ലാം എത്ര ശക്തിയായ പ്രേരണ തോന്നിയാലും കുരിശിൽ തൂങ്ങി വേദനയനുഭവിക്കുന്ന നമ്മുടെ കർത്താവിനെക്കുറിച്ചുള്ള സ്മരണയാൽ അതു ജയിച്ചടക്കും. ഇത്രയും പള്ളിക്കകത്തു്. പള്ളിക്കുപുറത്തുള്ളതു് അടുത്തതിൽ.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

# പുസ്തകാഭിപ്രായം

## "വിവാഹത്തിനു് ഒരുക്കം"

(ഗ്രന്ഥകർത്താവു് റവ. ഫാദർ മണലിൽ, പ്രസാധകർ സെൻറു് തോമസ് പ്രസ്. പാലാ. പേജു് 75, വില 6ണ.)

റവ. ഫാദർ മണലിൽ എഴുതിയിട്ടുള്ളതും പാലാ സെൻറുതോമസ് പ്രസിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ഈ ചെറുഗ്രന്ഥം അതിൻെറ വലിപ്പത്തിൻെറ വളരെ ഇരട്ടി ഫലം ചെയ്യുമെന്നു പറയുവാൻ എനിക്കു സന്തോഷമുണ്ടു്. വിവാഹത്തിനു് ഒരുക്കം ആവശ്യമാണോ എന്നുപോലും ചോദിക്കത്തക്കവിധം അത്ര സർവ്വസാധാരണമായി തീർന്നിട്ടുണ്ടു് ഇന്നു വിവാഹം. എന്നാൽ പരിഷ്കാരവും സംസ്കാരവും എല്ലാം പുരോഗമിച്ചു ഏതാണ്ടു് അത്യുച്ചകോടിയിൽഎത്തിയിട്ടുണ്ടെന്നു് പലരും അഹങ്കരിക്കുന്ന ഈ കാലസന്ധിയിൽ സാമൂഹ്യസുസ്ഥിതിക്കു് ആവശ്യാവശ്യമായ വിവാഹത്തിൻെറ സ്വഭാവവും പദവിയും ചുമതലകളും പലയിടങ്ങളിലും വിവാദവിഷയമായി തീർന്നിരിക്കുകയാണു്. വിവാഹം പാവനമായ ഒരു കൂദാശയാണെന്നു് വിശ്വസിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന പലരും അവരുടെ ഉത്തരവാദിത്വവും അവകാശങ്ങളും ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ എന്നു എനിക്കു് സംശയം തോന്നിയിട്ടുള്ള അവസരങ്ങളും കുറവല്ല. ഈ ചുററുപാടുകളിൽ ഫാദർ മണലിൻെറ "വിവാഹത്തിനു് ഒരുക്കം" വളരെ സന്ദർഭോചിതമായ ഒരു പ്രസിദ്ധീകരണമാണു്.

പ്രായവും പാകതയും വന്ന മാതാപിതാക്കന്മാരുടെ ഉപദേശത്തെ ന്യായമായ ഒരു പരിധിവരെ സ്വീകരിച്ചും പ്രാർത്ഥനയുടെ അരൂപിയിൽ എല്ലാകാര്യങ്ങളിലും ദൈവസഹായം തേടിയും യുവതീയുവാക്കന്മാർ അന്തസ്സു തിരഞ്ഞെടുക്കുകയും, കൂദാശകൾ സ്വീകരിക്കുകയും ചെയ്യണം എന്നു തുടങ്ങി വിവാഹാന്തസ്സിൽ പ്രവേശിച്ചുകഴിഞ്ഞാലുള്ള കടമകളും അവ യഥായോഗ്യം നിർവ്വഹിക്കാനുള്ള കഴിവും നേടാനുള്ള മാർഗ്ഗങ്ങളും എല്ലാമാണു് പ്രതിപാദ്യവിഷയം.

വളർന്നുവരുന്ന യുവതീയുവാക്കന്മാരോടു് മാതാപിതാക്കന്മാർക്കു തുറന്നുപറയുവാൻ പ്രയാസമുള്ള പല വിഷയങ്ങളും വളരെ ഉചിതമായ ഭാഷയിൽ, തികഞ്ഞ ആർജ്ജവത്വത്തോടും ലാളിത്യത്തോടും ഗ്രന്ഥകാരൻ വിസ്തരിച്ചിരിക്കുന്നു. പുതിയതും പഴയതുമായ എല്ലാ കുടുംബങ്ങളിലും ഉണ്ടായിരിക്കേണ്ട ഒരു ലഘുഗ്രന്ഥമാണു് ഇതു്. ഇതിനു പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

(കെ. സി. ചാക്കോ, ജോയിൻറു വ്യവസായഡയറക്ടർ)

ചന്ദ്രിക REGD. ഔഷധസോപ്പ്
ചൊറി, ചുണങ്ങു്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

ജീവചരിത്രപംക്തി


# മാർഗരററ് സിങ്ക്ളയർ

## ഒരു കൂലിവേലക്കാരിയായ യുവതി

(മി. ഈട്ടൂപ്പു് മാമ്പിള്ളി)

(മി. ഫ്റാങ്ക്മാക്ക്മില്ലൺ ഇംഗ്ലണ്ടിലെ യൂണിവേർസ് പത്രത്തിൽ എഴുതിയിരുന്ന മാർഗരററു് സിങ്ക്ളയറിൻെറ ജീവിതകഥയുടെ സംഗ്രഹതർജ്ജിമ.)

മാർഗ്ഗരററു് സിങ്ക്ളയർ, സ്കോട്ട്ലണ്ടിലെ എഡിൻബറോ പട്ടണത്തിൽ ഒരു കൂലിമുറിയിൽ ഒരു കൂലിവേലക്കാരൻെറ മകളായി 1900-ത്തിൽ ജനിച്ചു. സ്കൂൾപഠനം ആരംഭിച്ചതോടുകൂടി, അതിനിടയ്ക്കു ചിലരുടെ എഴുത്തുകൾ വിതരണം ചെയ്യുന്ന ജോലിനോക്കി അല്പം പണം സമ്പാദിച്ചു. അതിനുശേഷം ഒരു കൈത്തൊഴിൽശാലയിൽ ജോലിനോക്കുകയും 25-ാമത്തെ വയസ്സിൽ അവൾ മരണമടയുകയും ചെയ്തു. കേവലം അജ്ഞാതമായ ജീവിതം! എങ്കിലും ഈ ബാലിക കത്തോലിക്കാലോകം മുഴുവൻ അറിയപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യാനുള്ള കാലം അധികം താമസിയാതെ കൈവരുമെന്നു നമുക്കു വിശ്വസിക്കാം. റോമയിൽ അവളെ പുണ്യവതി എന്നു പേരുവിളിക്കുന്നതിനുള്ള പ്രാരംഭചടങ്ങുകൾ നടന്നുകൊണ്ടിരിക്കയാകുന്നു. ഇപ്പോൾ. തിരുസ്സഭയുടെ ചട്ടമനുസരിച്ചു പേരുവിളിക്കുന്നതിനാവശ്യമായ ആദ്യനടപടികൾ സ്കോട്ട്ലണ്ടിൽ സെൻറുആൻഡ്രൂസ് എഡിൻബറോ എന്ന രൂപതകളുടെ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ 1952-ൽ നടത്തപ്പെട്ടു.



മാർഗരററു്
[illegible]

മാർഗരററു് സിങ്ക്ളയറിൻെറ ജനനസ്ഥലം എഡിൻബറോ പട്ടണത്തിൽ മിഡീൻ ആർതറിൽ 24-ാംനമ്പ്ര് വീടിൻെറ അടിത്തട്ടിൽ രണ്ടു മുറികളോടുകൂടിയ ഒരു വസതിയിലായിരുന്നു. രണ്ടു കൊല്ലം അവിടെ താമസിച്ചശേഷം ബ്ളാക്ക് ഫ്റിയർ തെരുവിൽ 13-ാംനമ്പ്ര് വീട്ടിലേക്കു അവരുടെ താമസം മാററി. അവിടെയാകുന്നു അവളുടെ അമ്മ ഇപ്പോഴും താമസിച്ചുവരുന്നതു്. അവൾ താമസിച്ചിരുന്ന മുറി ഇപ്പോൾ ആയിരക്കണക്കിനു കത്തോലിക്കർ ഓരോ കൊല്ലവും സന്ദർശിച്ചുവരുന്നു.

കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ട അവളുടെ പിതാവു് എഡിൻബറോ നഗരസഭയിലെ ഒരു തൊഴിൽക്കാരനായിരുന്നു. മാർഗരററു് ആ കുടുംബത്തിലെ ഒമ്പതു കുട്ടികളിൽ മൂന്നാമത്തേതും പെൺകുട്ടികളിൽ രണ്ടാമത്തേതും ആയിരുന്നു.

സ്കൂളിൽ ആയിരുന്നപ്പോൾതന്നെ എപ്പോഴും പുഞ്ചിരിയോടുകൂടിയവളായി കാണപ്പെട്ടിരുന്നു. സ്നേഹമുള്ള ഒരു കൂട്ടുകാരിയായി മററു കുട്ടികൾ അവളെ കരുതിപ്പോന്നു. വെള്ളത്തിൽ നീന്തുന്നതിനും, ഓട്ടത്തിനും, കറികൾ പാകം ചെയ്യുന്നതിനും, തുന്നലിനും, അവൾ സമ്മാനം വാങ്ങിയിട്ടുണ്ടു്. ഒന്നാംലോകമഹായുദ്ധകാലത്തിൽ ഓരോരുത്തർക്കും നിശ്ചയിച്ചുകൊടുത്തിരുന്ന തോട്ടം പാലിക്കലും അവളായിരുന്നു ചെയ്തിരുന്നതു്.

"എന്നെ ഒന്നു സഹായിച്ചുതരുമോ" എന്നു വല്ലപ്പോഴും അമ്മ അവളോടു ചോദിച്ചാൽ "എന്നോടു അങ്ങിനെ ചോദിക്കാതെ നീ ഇതു ചെയ്യുക എന്നു പറയുക" എന്നു അവൾ അപേക്ഷിച്ചിരുന്നു. ഇതു അവളുടെ അനുസരണബോധത്തിൻെറ ലക്ഷണമായിരുന്നു. തന്മൂലം ഒരു പുണ്യപ്രവൃത്തിയും ആയിരുന്നു.

പാവപ്പെട്ട ഒരു കൂലിവേലക്കാരനു കിട്ടുന്നതുകൊണ്ടു വേണ്ടിയിരുന്നു വർദ്ധിച്ചുവരുന്ന ആ കുടുംബത്തെ പോററിക്കൊണ്ടുപോരുന്നതിനു്. ഈ പ്രയാസവും അതി പ്രയത്നം കൊണ്ടുണ്ടാകാവുന്ന ബുദ്ധിമുട്ടും അതിനിടയ്ക്കു കുട്ടികളുടെ അലട്ടലുംകൊണ്ടു അമ്മ സങ്കടപ്പെടുമ്പോൾ അമ്മയെ ആശ്വസിപ്പിപ്പാനായി കുട്ടികളോടു മാർഗരററു് ഇപ്രകാരം പറഞ്ഞിരുന്നു: "നിങ്ങൾ അമ്മയെ കഷ്ടപ്പെടുത്തല്ലെ. ദീന്നെ, നിനക്കു വേണമെങ്കിൽ എന്നെ ഒന്നു തല്ലിക്കൊള്ളുക, എന്നാലും നീ അമ്മയെ ഉപദ്രവിക്കല്ലെ. നീ പോയി ഒന്നു കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുക. നിനക്കുവേണ്ടി ഞാൻ അപേക്ഷിക്കാം".

സിങ്ക്ളയർ കുട്ടികൾ ഒന്നിച്ചു തന്നെ കളിക്കുകയും ഒന്നിച്ചു പ്രാർത്ഥിക്കയും ചെയ്തിരുന്നു. രാത്രിയായാൽ ഒമ്പതുമണിക്കകം എല്ലാവരും കൊന്തനമസ്കാരത്തിനായി വീട്ടിൽ വന്നെത്തുക പതിവായിരുന്നു.

ഞായറാഴ്ചദിവസങ്ങളിൽ നാല്പതുമണി ആരാധനയുള്ള ദിവസങ്ങളിൽ അവരുടെ അപ്പൻ മൂത്ത കുട്ടികളെ പള്ളിയിൽ കൊണ്ടുപോവുക പതിവായിരുന്നു. "പള്ളി അകലെ അല്ലായിരുന്നുവെങ്കിൽ ഞാൻ തനിച്ചു പള്ളിയിൽ പോകുമായിരുന്നേനെ" എന്നാണു് സിങ്ക്ളയർ പറയുക. ഇരുപത്തഞ്ചുനൊയമ്പിൻെറയും അമ്പതുനൊയമ്പിൻെറയും കാലങ്ങളിൽ പിറവിയുടേയും ഉയിർപ്പിൻേറയും സന്തോഷത്തിനും മഹിമയ്ക്കുംവേണ്ടി ആയിരവും പതിനായിരവും വീതം "നന്മനിറഞ്ഞ മറിയമേ" എന്ന നമസ്കാരം ചൊല്ലി ജ്ഞാനപൂക്കെട്ടായി കാഴ്ചവെയ്ക്കുക അവളുടെ പതിവായിരുന്നു. അവളുടെ പുണ്യപ്രവൃത്തികളെ മററുള്ളവരെ കാണിക്കുന്നതിനു അവളിഷ്ടപ്പെട്ടിരുന്നില്ല. പ്രാർത്ഥനയിൽ ഉള്ള അവളുടെ ഭക്തി സ്വന്ത കുടുംബത്തിലുള്ളവരല്ലാതെ മററാരും അറിഞ്ഞിരുന്നില്ല. അവൾ മററുള്ള ചെറിയ കുട്ടികളെപ്പോലെ മാത്രമേ എല്ലാ ദിവസങ്ങളിലും പള്ളിയിൽ "വിസീത്ത" കഴിക്കാൻപോകുക പതിവുണ്ടായിരുന്നുള്ളൂ എന്നു അവളുടെ അമ്മ ഇപ്പോഴും പറയുന്നു.

### മാർഗ്ഗരററ് കൂലിവേലയ്ക്കു്

മാർഗ്ഗരററു് അവളുടെ സ്കൂൾപഠനകാലത്തുപോലും ഒരു തയ്യൽപീടികയിൽനിന്നും ഉടുപ്പുകൾ പലേ വീടുകളിലും അതിൻെറ ഉടമസ്ഥന്മാർക്കു് കൊണ്ടുപോയി കൊടുക്കുന്ന ജോലി ചെയ്തുപോന്നു. അതിൽനിന്നു കിട്ടിയിരുന്ന സംഖ്യ വീട്ടുചിലവിനായി കൊടുത്തു കുടുംബത്തെ സഹായിച്ചിരുന്നു. ആദ്യമായി അവൾ മുഴുവൻസമയവും ഏറ്റെടുത്ത ജോലി അവളുടെ മൂത്ത സഹോദരിയെപ്പോലെ പോളീഷിടുന്നതു പഠിക്കുകയായിരുന്നു.

ആ കാലങ്ങളിലെ മാർഗ്ഗരററിൻെറ ഒന്നോ രണ്ടോ ഛായാപടങ്ങൾ എടുത്തിരുന്നതിൽനിന്നു് അവൾ ആരോഗ്യവും, ചൊടിയും, ക്രമതയും, സൗന്ദര്യവും, സൂക്ഷ്മവും കളങ്കമില്ലാത്തതുമായ ദൃഷ്ടിയുമുള്ളവളാണെന്നു കാണാം. അവളുടെ ഉടുപ്പുകൾ വെടിപ്പുള്ളവയായിരുന്നു. ദേഹത്തിൽ പൊന്നാഭരണങ്ങളോ കാതിൽ പൂവോ പൊൻസൂചിയോ ഒന്നും അവൾ ഉപയോഗിച്ചിരുന്നില്ല.

അവളും സഹോദരി ബെല്ലായും ഡാൻസ് ഇഷ്ടപ്പെട്ടിരുന്നു. അവർ കുടുംബത്തോടുകൂടി ഇടവകയിൽ ഉണ്ടാകുന്ന വിനോദങ്ങൾക്കു പോവുക പതിവായിരുന്നു. ആങ്ങള ആൻറുവും മാർഗ്ഗരററും നന്നായി ഡാൻസുചെയ്യുമെന്നു ബെല്ല പറയും. (ബെല്ല ഇപ്പോൾ പാവപ്പെട്ട ചെറുസഹോദരികളുടെ മഠത്തിൽ ഒരു കന്യാസ്ത്രീയത്രെ)

അമ്മ ഞങ്ങളെ പഴയമാതിരി ഡാൻസുകൾക്കുമാത്രമേ കൊണ്ടുപോകയുള്ളൂ. ആൻറു പുതിയമാതിരി ഡാൻസിനു കൊണ്ടുപോകും. മാർഗ്ഗരററു് എപ്പോഴും അപ്പ



വിശുദ്ധ അന്തോനീസിൻെറ മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു പ്രതിനന്ദി. താമസിച്ചതിനു മാപ്പു്.

പി. എഫ്. ലൂയീസ്
നോർത്തു് ആൻഡമാൻ

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# പരമാധികാരം പത്രോസിനോ പൗലോസിനോ?

## ഒരു ബ്രദർകാരൻ യാക്കോബായക്കാരെ പഠിപ്പിക്കുന്നു!

(റവ. വി. സി. ഗീവർഗീസ്, കോറെപ്പിസ്കോപ്പാ, ബി. എ.)

യാക്കോബായമല്പാന്മാർ യാക്കോബായക്കാരെ പഠിപ്പിക്കാഞ്ഞാൽ ബ്രദർകാരൻ അവരെ പഠിപ്പിക്കേണ്ടിവരും. യാക്കോബായസഭയിലെ പിതാക്കന്മാർ പഠിപ്പിക്കുന്നതു് അവർക്കു വിശ്വാസമില്ലെങ്കിൽ അവർ ആ സഭയിൽ നില്ക്കുന്നതിൻെറ ഉദ്ദേശം ദൈവതിരുമുമ്പാകെ നിർമ്മലമായിരിക്കുമോ? വി. പത്രോസിനെപ്പററി യാക്കോബായസഭയിലെ പൂർവ്വപിതാക്കന്മാർ എന്തു പഠിപ്പിക്കുന്നുവെന്നാണു് യാക്കോബായസഭാംഗങ്ങൾ നോക്കേണ്ടതു്. കിഴക്കമ്പലം പകുതിക്കച്ചേരിയിൽ "വില്ലേജ്മാൻ" എന്ന ജോലി വഹിക്കുന്ന അമ്പലത്തറ മി. കെ. വി. തോമസ്, (ബ്രദറൺസഭയിലെ ഒരംഗം) യാക്കോബായക്കാർക്കു വി. പത്രോസിൻെറ സ്ഥാനം എന്താണെന്നു പറഞ്ഞുകൊടുക്കുവാൻവേണ്ടി "കത്തോലിക്കാസഭയിൽ ഞാൻ ചേരാത്തതു എന്തുകൊണ്ടു്" എന്നൊരു ചെറുപുസ്തകം രചിച്ചിരിക്കുന്നു. ഈ ചെറുപുസ്തകം യാക്കോബായസഭയിലെ ചില അംഗങ്ങൾ ഒരു നിധികിട്ടിയപോലെ സൂക്ഷിക്കുന്നതായി കണ്ടു. എന്നോടു് ഒരു യാക്കോബായക്കാരൻ പറഞ്ഞതു് യാക്കോബായക്കാർതന്നെ പണം കൊടുത്തു് ഇതു അച്ചടിപ്പിച്ചതാണെന്നത്രേ. ബ്രദറൺകാർക്കു് യാ: സഭയിലെ പൗരോഹിത്യസ്ഥാനത്തിലോ കൂദാശകളിലോ ഒരു വിശ്വാസവുമില്ല. അങ്ങനെയുള്ള സമുദായത്തിലെ ഒരാൾ വി. പത്രോസിൻെറ പൗരോഹിത്യസ്ഥാനവും പരമാധികാരവും എന്തുമാത്രം ആദരിക്കും?

"പുഞ്ചപ്പാടങ്ങളിൽ മടവീഴുമ്പോൾ സംഭ്രാന്തചിത്തന്മാരായിത്തീരുന്ന കൃഷിക്കാർ കാട്ടിക്കൂട്ടുന്ന നിരോധനസംരംഭങ്ങൾ അപ്പോൾ എൻെറ ഓർമ്മയിൽവന്നു. ഒരു പാടത്തു മടവീണിരിക്കുന്നു എന്നു കേട്ടാൽ കേൾക്കുന്നവരെല്ലാം വൈദഗ്ദ്ധ്യചിന്തകൂടാതെ ആ സ്ഥലത്തോടിയെത്തും. ചിലർ ചെറുവള്ളങ്ങൾ മുക്കി മടക്കു വിലങ്ങെയിടും; ചിലർ തടികൾ കൊണ്ടുവന്നു ജലത്തെ നിരോധിക്കുമാറു് മടയിൽ നാട്ടിനിർത്തും; ചി


തയ്യാറായിരിക്കുന്നു!

**ശകാരവർഷങ്ങൾ**

(രണ്ടാംപതിപ്പു്)

ബ. മോശ റമ്പാച്ചൻെറ 'വിശ്വാസത്യാഗി'ക്കു മറുപടി

By

റവ. ഫാ. വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ കിഴക്കമ്പലം P. O.

കോപ്പിക്കു് 2 ണ. സ്റ്റാമ്പയക്കുക.


ലർ വൈക്കോൽക്കെട്ടുകളും കൊണ്ടുവന്നു മടയിൽ നിക്ഷേപിക്കും. ജലനിയന്ത്രണത്തിനു ഒട്ടും ഉചിതങ്ങളല്ലാത്ത ഈ സാമഗ്രികളെ വസ്തുഗുണജ്ഞന്മാരായ കാഴ്ചക്കാർ അപഹസിച്ചേക്കാം. ഇതുകൾ അപഹാസ്യങ്ങളാണെന്നു ഇതുകളെ മടയിൽ സ്ഥാപിക്കുന്നവർക്കുതന്നെ അറിയാം. എന്നിരുന്നാലും ജലപ്രവാഹത്തിൻെറ തള്ളൽ തല്ക്കാലത്തേക്കു തടുക്കുന്നതിനായി ഈ സാമഗ്രികൾ പഴ്യാപ്തങ്ങളായിത്തീരുന്നു" എന്നു് മഹാനായ ശ്രീ ഐ. സി. ചാക്കോ മി. കെ. എൻ. ദാനിയേലിൻെറ "പാപ്പാധിപത്യം" വായിച്ചപ്പോൾ ഉണ്ടായ വിചാരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതാണു് എനിക്കെതിരായി ലഘുലേഖച്ചമട്ടുകൾകൊണ്ടു് പലരും ഓടിയെത്തുന്നതു കണ്ടപ്പോൾ തോന്നിയതു്.

യാക്കോബായസഹോദരങ്ങളേ, പരമാധികാരത്തെപ്പററി യാക്കോബായസഭയിലെ വി. പിതാക്കന്മാർതന്നെ വ്യാഖ്യാനിച്ചിട്ടുണ്ടു്. അവയിൽ ചിലതു ഞാൻ ഉദ്ധരിക്കുവാൻ പോകുന്നു.

1) "എമറൊ ഈത്തൊ അൽ ശെമവൂൻ കീപ്പൊ ബ്നായോനൊ." അർത്ഥം: "സഭ പറയുന്നു, ഞാൻ ശെമവൂൻകീപ്പാമേൽ പണിയപ്പെട്ടിരിക്കുന്നു."

2) "ബ്ശേത്തസയ്ക്കു് ഈത്തോ... etc" "സഭയേ! നിൻെറ അടിസ്ഥാനത്തിൽ ശെമവൂൻ കൊന്നു് എറിയപ്പെട്ടിരിക്കുന്നു."

3) വ്യാഴാഴ്ചരാത്രിയിലെ യാക്കോബായ സുറിയാനിനമസ്കാരം: "സത്യവിശ്വാസം പ്രസംഗിച്ച മെത്രാന്മാർ ശീമോൻെറ ശബ്ദത്തിൽ തക്കംകൂടാതെ അതു പഠിപ്പിച്ചു."

4) യാക്കോബായസഭയിലെ ശനിയാഴ്ചത്തെ പ്രഭാതനമസ്കാരം: "ശ്ലീഹന്മാരുടെ തലവനായ ശീമോൻെറ ഇടമായ കീപ്പാമേൽ പണിയപ്പെട്ടിരിക്കുന്നതുകൊണ്ടു് എനിക്കു ഭയമില്ല എന്നു സഭ പറയുന്നു. ഓളങ്ങളും തിരമാലകളും എൻെറമേൽ വന്നടിച്ചു. എന്നാൽ അവ എന്നെ ഇളക്കിയില്ല. ശപിക്കപ്പെട്ടവനായ നെസ്തോർ എന്നോടു യുദ്ധംചെയ്തു. എന്നാൽ അവൻ അധഃപതിച്ചുപോയി."

5) പണ്ഡിതനായ മോശെ ബർക്കീപ്പാ എന്ന യാക്കോബായമെത്രാൻ പറയുന്നതു കേട്ടാലും: "ശിഷ്യന്മാരെല്ലാവരും ശ്ലീഹന്മാരായിരുന്നു. എല്ലാവരും നമ്മുടെ രക്ഷകനിൽനിന്നു കൈവെപ്പു സ്വീകരിച്ചു. എല്ലാവരും മെത്രാന്മാരാക്കപ്പെട്ടു. എന്നാൽ ഭരണത്തിനുവേണ്ടി ശീമോൻ "റീശ്" ആക്കപ്പെട്ടു."

6) പൗരോഹിത്യത്തെക്കുറിച്ചുള്ള പ്രബന്ധം വ്യവഹാരം 4, അ: 6. (Codex di Prop. Sharfian p. 124) "നീ പോയി നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക. എന്തുകൊണ്ടെന്നാൽ നീ പാറയാകുന്നു." എന്നു നമ്മുടെ കർത്താവു് പത്രോസിനോടു മാത്രമേ അരുളിച്ചെയ്തുള്ളു. അവൻെറ കൂട്ടുകാരെല്ലാവരും ഇടയന്മാരായിരുന്നെങ്കിലും ഈ (വാക്കുകളാൽ) അവിടുന്നു അവനെ അവരുടെ റീശോ ആക്കി." റീശോ—തലവൻ

7) എട്ടാംനൂററാണ്ടിൽ യാക്കോബായസഭയെ ഭരിച്ചിരുന്ന ഗീവറുഗീസ് പാത്രിയർക്കീസ് പറയുന്നു: (ലൂക്കാ: 22: 32 നെപ്പററിയുള്ള വ്യാഖ്യാനം. Codex Vat. Syr. 154. p. 224) "നീ മാനസാന്തരപ്പെട്ടു് നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക എന്നു് അവരോടു പറയപ്പെട്ടു. അതായതു് മാനസാന്തരപ്പെട്ടശേഷം അനുതാപിയായി ജീവിച്ചാൽമാത്രം പോരാ; പ്രത്യുത, അവൻ തൻെറ കൂട്ടുകാരുടെ കൂടിയും ഉപദേഷ്ടാവും റീശോയുമാകണം. മററു മനുഷ്യരുടെമാത്രം ഉപദേഷ്ടാവായാൽ പോരാ; പ്രത്യുത മനുഷ്യരെ പഠിപ്പിച്ചുപദേശിക്കുന്നവരെക്കൂടിയും ഉറപ്പിക്കുന്നവനാകണം."

8) യോഹന്നാൻ ബർവഹബൂൻ എന്ന യാക്കോബായപാത്രിയർക്കീസിൻെറ സാക്ഷ്യം. (12-ാം നൂററാണ്ടു്, (Codex di propaganda, Sharfian. p. 411) "കൈവെപ്പിലും റൂഹായുടെ വിളിയിലും ദാനത്തിലും പാത്രിയർക്കീസും മെത്രാനും മെത്രാപ്പോലീത്തായും ഒന്നുപോലെയാണു്. ശീമോനും അവൻെറ കൂട്ടുകാരായ ശ്ലീ




ഹന്മാരും പരിശുദ്ധാത്മാവിൻെറ ദാനം സ്വീകരിച്ചു് ഒന്നുപോലെ പുരോഹിതന്മാരാക്കപ്പെട്ടതുപോലെതന്നെ. എന്നാൽ ഭരണത്തിനുവേണ്ടി ശീമോൻ തൻെറ കൂട്ടുകാരുടെ റീശോ ആക്കപ്പെട്ടു.

9) യാക്കോബായഗീതം: "മൂശേ റീശോ ദാത്തിക്ക്ത്തൊ....etc" അർത്ഥം: "മോശ പഴയ നിയമത്തിൻെറ റീശോ ആകുന്നു. ശീമോൻ പുതിയ നിയമത്തിൻേറയും (റീശോ ആകുന്നു) രണ്ടുപേരും പരസ്പരം സാമ്യമുള്ളവരാണു്. ദൈവം അവരിൽ വസിക്കുകയും ചെയ്തു. മോശ പ്രമാണപ്പലകകൾ ഇറക്കിക്കൊണ്ടുവന്നു. ശീമോൻ രാജ്യത്തിൻെറ താക്കോലുകൾ സ്വീകരിച്ചു. മോശ താല്ക്കാലിക കൂടാരം പണിതു. ശീമോൻ സഭയെ പണിതു."

10) "അമ്ലേക്കു് അൽ കൂൽ ശുൽത്തോനോക്കു്." ഈ യാക്കോബായരേഖയുടെ അർത്ഥം: "ശ്ലീഹന്മാരുടെ തലവനായ ശീമോൻ എല്ലാ അധികാരങ്ങളേയും ഭരിച്ചു" എന്നാണു്.

ഇങ്ങനെ നമസ്കാരക്രമങ്ങൾ പള്ളിക്കു കല്ലിടുക, പള്ളി കൂദാശചെയ്യുക, പട്ടംകൊടുക്കുക മുതലായ യാക്കോബായ ശുശ്രൂഷകളിൽ യാക്കോബായസഭ പത്രോസിൻെറ പരമാധികാരത്തിൽ വിശ്വസിക്കുന്നുവെന്നു മാത്രമേ സാക്ഷ്യപ്പെടുത്തുകയുള്ളു. ഡ്റൂഗിലെ മാർ യാക്കോബ്, ദിവന്നാസ്യോസ് ബർസ്ലീബി, മോശെ ബർക്കീപ്പാ, ബർ എബ്രായ എന്നീ യാക്കോബായപണ്ഡിതന്മാർ വേദപുസ്തകം പരിശോധിച്ചിട്ടു് വി. പത്രോസിനു പരമാധികാരം കണ്ടപ്പോൾ യാക്കോബായക്കാർ തങ്ങളുടെ വി. പിതാക്കന്മാരെ വിശ്വസിക്കുമോ? അതോ യാക്കോബായസഭയിലെ പട്ടത്വം നിഷേധിക്കുകയും, മാമ്മോദീസാ തെററാണെന്നു പഠിപ്പിക്കുകയും, കുർബാന തിരുശരീരരക്തങ്ങളല്ലെന്നു ഉപദേശിക്കുകയും, പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും, മൂഢഭക്തിയാണെന്നു പറയുകയും, അവയ്ക്കെല്ലാം വേദവാക്യങ്ങൾ ദുർവ്യാഖ്യാനംചെയ്തു തെളിവു ഹാജരാക്കുകയും ചെയ്യുന്ന ബ്രദർകാരനെ വിശ്വസിക്കുമോ? ഞാൻ എൻെറ സ്വന്തവ്യാഖ്യാനങ്ങൾകൊണ്ടു പത്രോസിനു പരമാധികാരം സ്ഥാപിപ്പാൻ തുനിഞ്ഞിട്ടില്ല. യാക്കോബായസഭ അംഗീകരിച്ചിരിക്കുന്ന വി. പിതാക്കന്മാരുടെ വ്യാഖ്യാനം നിങ്ങൾ നോക്കി നേരായ വിധി വിധിപ്പിൻ. വേദവാക്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വെട്ടാവുന്ന ഇരുവായ്ത്തലയുള്ള വാളാണു്. ഈശോമിശിഹാ ദൈവമല്ലെന്നും പരിശുദ്ധാത്മാവു് ഒരാളല്ലെന്നും വി. ത്രിത്വം ഇല്ലെന്നും ശനിയാഴ്ച ആചരിക്കാത്തവർക്കു രക്ഷകിട്ടുകയില്ലെന്നും ഇങ്ങനെ അനവധി ദുർവ്യാഖ്യാനങ്ങൾ പല വേദവിപരീതികളും നവീനകാലത്തു കൊണ്ടുവരുമ്പോൾ നിങ്ങൾ വഴിതെററിപ്പോകാതിരിക്കണമെങ്കിൽ വി. പിതാക്കന്മാരുടെ വ്യാഖ്യാനം നോക്കേണ്ടിയിരിക്കുന്നു. ബ്രദർകാരനോ ഞാനോ പറയുന്ന വ്യാഖ്യാനം നിങ്ങൾ വകവയ്ക്കണ്ടാ. വി. പിതാക്കന്മാരുടെ വ്യാഖ്യാനം വകവയ്ക്കുവാൻ നിങ്ങൾക്കു യാക്കോബായസഭയിലെ അംഗങ്ങൾ എന്നു പറയുന്നിടത്തോളംകാലം ചുമതലയില്ലേ?

യാക്കോബായസഭയിൽ ഏററം പ്രാമാണ്യമുള്ള, ബർ എബ്രായയുടെ രണ്ടു വാക്യങ്ങൾകൂടി പറയാം.

11) Thesaurus Mysteriorum in Luc. XXII. 24) "നീ കീപ്പായാണു്. നിൻെറ മേൽ എൻെറ സഭ ഞാൻ പണിയും. നിനക്കു ഞാൻ സ്വർഗ്ഗത്തിൻെറ താക്കോലുകൾ നൽകും എന്നു പത്രോസിനോടു പറയപ്പെട്ടതു് അവർ മറന്നുപോയെന്നു തോന്നുന്നു." (അവർ—വേദവിരോധികൾ)

12) Chronicle. Codex Vat. 166. p. 274) "പഴയ ആചാര്യത്വത്തിൻെറ തലസ്ഥാനം (റീശ്രൂസ്) അവസാനിച്ചു. പത്രോസിനെ ശ്ലീഹന്മാരുടെ തലവൻ (റീശോ) ആക്കുകയും സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ അവനു നൽകുകയും ചെയ്തപ്പോൾ നമ്മുടെ രക്ഷകൻ വഴിയായി പുതിയ ആചാര്യത്വത്തിൻെറ തലസ്ഥാനം (റീശ്രൂസ്) ആരംഭിക്കുകയും സ്ഥിരീകരിക്കപ്പെടുകയുംചെയ്തു."

അവസാനം പറഞ്ഞ രണ്ടു ഭാഗങ്ങളും ഹുദായകാനോൻ എഴുതിയിട്ടുള്ള ബർ എബ്രായയുടെ ആണു്.

പത്രോസിൻെറ വിശ്വാസ

(ശേഷം 7-ാംപേജിൽ)





സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്കു് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്കു്

| വായ്പസംഖ്യ | പലിശ |
|---|---|
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ടു് | ,, 6 ,, |

ESTD. 1927

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ഹെഡാഫീസ്, പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2990


---

നോട്ടക്കൂടി ഡാൻസുചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നു. കാരണം അദ്ദേഹത്തിനു നന്നായി ഡാൻസുചെയ്യാൻ അറിയുമായിരുന്നില്ല. അമ്മ ഇല്ലെങ്കിൽ ഞങ്ങൾ എപ്പോഴും ആൻറുവിനോട്ടക്കൂടി മാത്രമേ ഡാൻസ്ചെയ്ക പതിവുള്ളു.

വീട്ടിലും പുറത്തും അവൾ എപ്പോഴും സന്തോഷമുള്ളവളായിരുന്നു. അവളുടെ പുതുമയും പുഞ്ചിരിയുംകൊണ്ടു വീട്ടിൽ എപ്പോഴും സമാധാനം പാലിച്ചിരുന്നു. ആരെങ്കിലും അവളെ ഉപദ്രവിക്കയോ ദേഷ്യപ്പെടുത്തുകയോ ചെയ്താൽ അവൾ ഉടനെ പുറത്തിറങ്ങിപ്പോകയും ഈശോ എന്ന തിരുനാമം രഹസ്യത്തിൽ ഉരുവിട്ടശേഷം വഴക്കെല്ലാം മാറി എന്ന ഭാവം കാണിച്ചു മടങ്ങിവരുകയും ചെയ്തിരുന്നു.

"ശാന്തതയും ഹൃദയഎളിമയും ഉള്ള ഈശോയെ" എന്ന ജപം ചൊല്ലിയിരുന്നില്ലായെങ്കിൽ അവൾ വളരെ അഹങ്കാരിയും തൻേറടിയുമായിത്തീരുമായിരുന്നുവെന്നു അവൾ സ്വയം ഏററുപറഞ്ഞിരുന്നു. എന്നാൽ ഈ പ്രസ്താവത്തിൽനിന്നു മാത്രമേ അവൾ അഹങ്കാരവികാരമുള്ളവളായിരുന്നുവെന്നു അനുമാനിക്കുവാൻ സാധിക്കുമായിരുന്നുള്ളു. അവളുടെ സ്വയനിയന്ത്രണശക്തിക്കു അതൊരു തെളിവായിരിക്കുന്നുണ്ടു്.

എപ്പോഴും ഒരു പുഞ്ചിരി അവളുടെ മുഖത്തു കളിയാടിയിരുന്നു. അതിനെക്കുറിച്ചു് അവൾതന്നെ പറഞ്ഞിരുന്നതു്, ഒരു കൂട്ടുകാരിക്കു ഒരുപക്ഷെ ആദ്യമായി ഒരു പുഞ്ചിരികൊണ്ടായിരിക്കാം പ്രോത്സാഹനം ലഭിക്കുക എന്നായിരുന്നു. മററു ചിലർക്കു അവരുടെ ബുദ്ധിമുട്ടിലും അന്യർ അറിയാത്ത മനോവ്യാകുലത്തിലും വഴിമദ്ധ്യേ ലഭിക്കുന്ന ഒരു പുഞ്ചിരിയോടുകൂടിയ വർത്തമാനം ആശ്വാസകാരണമാകുന്നതിനും അവരുടെ ജോലികളെ ശരിക്കു നിറവേററുവാൻ സഹായിക്കുന്നതിനും ഇടയായേക്കാം.

സാധാരണയായി എട്ടുമണിക്കുതന്നെ അവൾ ജോലിയിൽ പ്രവേശിക്കും. മുടങ്ങാതെ ഒരു മണിവരെ ജോലിചെയ്യും. പതിനൊന്നുമണി ചായയോ, ജോലിക്കിടയിൽ മൂളിപ്പാട്ടോ, വേണ്ടാത്ത വർത്തമാനമോ ഒന്നും അവളുടെ വേലചെയ്യുന്ന സമയത്തെ അപഹരിക്കുകയില്ല. ഉച്ചഭക്ഷണത്തിനുള്ള സമയം കഴിഞ്ഞാൽ വീണ്ടും ആറുമണിവരെ നിഷ്ഠയായി അവളുടെ ജോലി ചെയ്തുതീർക്കുക പതിവായിരുന്നു. (തുടരും)

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടക്കേരി എൽ. ഡി.)

എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി തിരുമനസ്സുകൊണ്ട് കേരളത്തിൽ വരുന്നതിനുമുമ്പും വന്നശേഷവും മലയാള മനോരമയിലും മററും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില ലേഖനങ്ങളും മുഖപ്രസംഗങ്ങളും മാത്രമല്ല, ചക്രവർത്തിക്കു മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് സമർപ്പിച്ച മംഗളാശംസാപത്രവും വായിച്ചാൽ എത്യോപ്യൻസഭയും യാക്കോബായ സഭയും വിശ്വാസവിഷയങ്ങളിൽ പരിപൂർണ്ണഐക്യമുള്ള സഭകളാണെന്നും, ഇവ രണ്ടും യോജിക്കുന്നതു വളരെ ശ്രേയസ്കരമാണെന്നുമുള്ള മനോഭാവം കേരളത്തിലെ യാക്കോബായ മേല്പട്ടക്കാർക്കും നേതാക്കന്മാർക്കുമുണ്ടെന്നു തോന്നാതിരിക്കയില്ല. മലങ്കര ഓർത്തഡോക്സ് സഭാംഗവും, ദീർഘകാലം ആലുവാ യൂണിയൻ കോളെജ് പ്രൊഫസറുമായിരുന്ന റവ. ഫാദർ ടി. വി. ജോൺ എം. എ. എൽ. ടി. എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു:- "അർമ്മേനിയൻ, കോപ്റ്ററിക്ക് (ഈജിപ്തായ), അന്ത്യോഖ്യൻസുറിയാനി, എത്യോപ്യൻ (കൂശായ ഈ സഭകളെല്ലാം ഒരേ വിശ്വാസമുള്ളവരും അന്ത്യോഖ്യൻ സംസർഗ്ഗത്തിൽ ഇരിക്കുന്നവരും, ചെറിയ ഓർത്തഡോക്സ്‌സഭകൾ എന്നു വിളിക്കപ്പെടുന്നവരുമാണ്........... ഈ സഭകൾക്കെല്ലാം എത്യോപ്യൻ ചക്രവർത്തിയെ ബഹുമാനിക്കുന്നതിനും ആരാധനയിൽ (തുബദേൻ മൂന്നാമത്തേതിൽ) ഓർക്കുന്നതിനും ചുമതലയുണ്ട്. കഴിഞ്ഞ നാല്പതിലധികം വർഷങ്ങളായി വ്യവഹാരച്ചുഴലിയിൽ കിടന്നു നട്ടംതിരിയുന്ന മലങ്കരസുറിയാനിക്കാർ, ചക്രവർത്തിയുടെ ഈ സന്ദർശനത്തെ, ദൈവനടത്തിപ്പിൽ അസുലഭമായി കിട്ടുന്ന അവസരമായി കരുതേണ്ടതാണ്. പാത്രിയർക്കാ-കാതോലിക്കാഭിന്നത അവസാനിപ്പിക്കാൻ ഇരുകക്ഷികളും ചക്രവർത്തിയെ മദ്ധ്യസ്ഥനായി സ്വീകരിക്കയും, അദ്ദേഹം ആ ചുമതല ഭരമേല്ക്കുകയും ചെയ്യുന്നപക്ഷം ആശയ്ക്കു വകയുണ്ട്. ഈജിപ്തായക്കാർക്ക് കൂശായക്കാർ (എത്യോപ്യർ) എപ്രകാരമോ അപ്രകാരം തന്നെയാണ് അന്ത്യോക്യാക്കാർക്കു മലയാളത്തുകാർ എന്നു പത്രോസ് പാത്രിയർക്കീസ് പറഞ്ഞതായി കേട്ടിട്ടുണ്ട്" (മലയാളമനോരമ 1956 സെപ്തംബർ 7—മലങ്കരയിൽ എത്യോപ്യൻ ചക്രവർത്തിയുടെ സന്ദർശനം)

മഹാസമുദ്രത്തിൽ ഒരു തുള്ളി തേൻ എങ്ങനെ ലയിക്കുന്നുവോ അതുപോലെ, മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻെറ മനുഷ്യസ്വഭാവം അനന്തമാഹാത്മ്യമുള്ള ദൈവസ്വഭാവത്തിൽ പൂർണ്ണമായി ലയിച്ചുപോയെന്നും, തന്നിമിത്തം ക്രിസ്തുവിൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവമേ ഉള്ളുവെന്നും പഠിപ്പിച്ചിരുന്ന എവുത്തിക്കോസിനേയും, അദ്ദേഹത്തെ പൂർണ്ണമായി അനുകൂലിച്ച അലക്സാണ്ഡ്റിയായിലെ ദീയസ്കോറോസ് പാത്രിയർക്കീസിനേയും 451-ൽ സമ്മേളിച്ച കല്ക്കദോനിയാസൂനഹദോസ് ശപിച്ച് ഏകസത്യസഭയിൽനിന്നു ബഹിഷ്കരിച്ചു. സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ നശിക്കാതേയും, സമ്മിശ്രപ്പെടാതേയും സമ്പൂർണ്ണസ്ഥിതിയിൽതന്നെ ഏകവ്യക്തിത്വത്തിൽ സ്ഥിതിചെയ്യുന്നു എന്നത്രേ കല്ക്കദോനിയാ എന്ന നാലാം സാർവ്വത്രികസൂനഹദോസ് നിർണ്ണയിച്ചതു്. കാലാന്തരത്തിൽ ഏകസ്വഭാവവാദികളിൽ ഇരുപതോളം വിഭാഗങ്ങളുണ്ടായെങ്കിലും ഇപ്പോൾ ഈജിപ്തായ, അബിസ്സീനിയൻ (എത്യോപ്യൻ), അർമ്മേനിയൻ, യാക്കോബായ എന്നിങ്ങനെ നാലു വിഭാഗങ്ങളേ ഉള്ളു. ഇവയിൽ ഈജിപ്തായ, എത്യോപ്യൻ എന്നീ രണ്ടു സഭാവിഭാഗങ്ങൾ ഇപ്പോഴും എവുത്തിക്കോസിൻെറ അബദ്ധോപദേശംതന്നെ സ്വീകരിച്ചിരിക്കുന്നു. അർമ്മേനിയർ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള കൽക്കദോനിയാ സൂനഹദോസിൻെറ പദപ്രയോഗം വേദോപദേശഗ്രന്ഥങ്ങളിലും മററും സ്വീകരിച്ചിട്ടുണ്ട്. യാക്കോബായക്കാർ എവുത്തിക്കോസിൻെറ ഉപദേശത്തെ മഹാ പാഷണ്ഡോപദേശമായി കരുതുന്നു. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള കല്ക്കദോനിയാസൂനഹദോസിൻെറ പദപ്രയോഗത്തെ യാക്കോബായക്കാർ സ്വീകരിക്കുന്നില്ലെങ്കിലും ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായി സ്ഥിതിചെയ്യുന്നെന്നും, ഇവ സമ്മിശ്രപ്പെട്ടു മറെറാന്നായിത്തീരുകയോ, ഇവയിൽ ഏതെങ്കിലും ഒന്നു നശിക്കയോ ചെയ്തിട്ടില്ലെന്നും യാക്കോബായക്കാർ പറയും. ക്രിസ്തുവിൽ എത്ര സ്വഭാവമുണ്ടെന്നു ചോദിച്ചാൽ യാക്കോബായക്കാർ പറയുന്നതു് അത്ഭുതകരമായ ഏകസ്വഭാവമെന്നത്രേ. ഇങ്ങനെ എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ അനുസ്മരിപ്പിക്കുന്ന പദപ്രയോഗം യാക്കോബായക്കാർ കൈവിടാതെ ഇപ്പോഴും മുറുകെ പിടിച്ചിരിക്കുന്നു എന്നല്ലാതെ നിയതമായ അർത്ഥത്തിൽ യാക്കോബായക്കാർ ഏകസ്വഭാവവാദികളല്ല. ഏകസ്വഭാവവാദത്തിൽനിന്നു ഉത്ഭവിച്ച ഈ നാലു സഭാവിഭാഗങ്ങളും ഒരേ വിശ്വാസമുള്ളവയാണെന്നു ഫാദർ ജോൺ പറയുന്നതു് അവ തമ്മിലുള്ള സാരതരമായ ഈ വ്യത്യാസങ്ങളെ വകവയ്ക്കാതെ ആകയാൽ അദ്ദേഹത്തിൻെറ പ്രസ്താവന വായനക്കാരിൽ തെററിദ്ധാരണ ഉളവാക്കുന്ന ഒന്നാണ്. കല്ക്കദോനിയാസൂനഹദോസിനാലും ആ സൂനഹദോസിൻെറ നിശ്ചയങ്ങളെ അംഗീകരിച്ചുറപ്പിച്ച ലെയോൻ മാർപ്പാപ്പായാലും ഏകസ്വഭാവവാദികൾ നിയമാനുസരണം ശപിക്കപ്പെട്ടതിനാൽ ഈ നാലു സഭാവിഭാഗങ്ങളും കല്ക്കദോനിയാസൂനഹദോസ് തെററിപ്പോയെന്നും, ലെയോൻ നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയാണെന്നും പറഞ്ഞുവരുന്നു എന്നല്ലാതെ ഈ സഭകൾ തമ്മിൽ മററു കാര്യങ്ങളിൽ ഇക്കാലത്തു ബന്ധമോ യോജിപ്പോ ഇല്ല.

കത്തോലിക്കാസഭയിൽനിന്നു് ഓരോരോ കാലത്തു ഭിന്നിച്ചുപോയ നെസ്തോറിയൻ, ഏകസ്വഭാവവാദത്തിൽനിന്നു് ഉത്ഭവിച്ച സഭകൾ, ഗ്രീക്കു് എന്നീ പൗരസ്ത്യസഭകളെപ്പററി പ്രത്യേകപഠനം നടത്തി "പൗരസ്ത്യക്രിസ്ത്യാനികളുടെ വിശ്വാസതത്വങ്ങളെ സംബന്ധിച്ചുള്ള വേദശാസ്ത്രം" എന്ന പേരിൽ ബൃഹമാണ്ഡമായ അഞ്ചു വാല്യങ്ങൾ എഴുതിയിട്ടുള്ള മാർട്ടിൻ യൂജി എന്ന വിശ്വവിശ്രുത പണ്ഡിതൻ ഈ വിഷയത്തെ സംബന്ധിച്ചു് തൻെറ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:- "ഏകസ്വഭാവവാദത്തിൽനിന്നു് ഉത്ഭവിച്ചിട്ടുള്ള സഭകളെല്ലാം പൊതുവായ ഒരധികാരത്തിൻെറ യാതൊരു ബന്ധവുമില്ലാതെ വിഭിന്നമായി നിലകൊള്ളുന്നവയും, അന്യോന്യം പരിപൂർണ്ണമായി സ്വതന്ത്രവുമാണ്.........പുതുതായി മേല്പട്ടസ്ഥാനമേല്ക്കുന്നതിനെ സംബന്ധിച്ചുള്ള വിവരവും വിശ്വാസപ്രഖ്യാപനവും അടങ്ങിയ എഴുത്തുകൾ ഈജിപ്തായക്കാരും സിറിയാക്കാരും (യാക്കോബായക്കാരും) തമ്മിൽ ക്രിസ്ത്വബ്ദം 575 മുതൽ 616 വരെ അയക്കുക പതിവുണ്ടായിരുന്നു.........ഈജിപ്തായക്കാരും സിറിയാക്കാരും തമ്മിൽ ഉണ്ടായിരുന്നതുപോലെ തന്നെ ഇല്ലെങ്കിലും യാക്കോബായപാത്രിയർക്കീസും അർമ്മനിയൻ കാതോലിക്കായുമായി ചിലപ്പോഴൊക്കെ ഈ വിധത്തിൽ ഒരുകാലത്തു എഴുത്തുകൾ അയച്ചിരുന്നു. എന്നാൽ പലേ കാരണങ്ങളാൽ യാക്കോബായക്കാരും അർമ്മേനിയരും തമ്മിലുള്ള ഈദൃശമായ സഹോദരബന്ധത്തിനു പ്രതിബന്ധമുണ്ടായി.........യാക്കോബായക്കാർ ഏററവും വലിയ മല്പാനായി കരുതുന്ന അന്ത്യോക്യായിലെ സെവേരിയോസിനെ അർമ്മനിയർ പാഷണ്ഡികളുടെ ഗണത്തിൽ ഒരിക്കൽ പരിഗണിച്ചിരുന്നു.........ഈജിപ്തായക്കാരും യാക്കോബായക്കാരും മഹാ വേദപണ്ഡിതന്മാരായി പരിഗണിച്ചു ബഹുമാനിച്ചുവരുന്ന മാബോഗിലെ ഫിലക്സീനോസ്.........യാക്കോബ് ബുർദാനാ, അലക്സാണ്ഡ്റിയാപാത്രിയർക്കീസായിരുന്ന തെയദോസ്യോസ് എന്നിവരെപ്പററി അർമ്മനിയർ യാതൊന്നും പറയാറില്ല.........ഈജിപ്തായക്കാരും അർമ്മനിയരുമായിട്ട് നേരിട്ടു എന്തെങ്കിലും ബന്ധമുള്ളതായിട്ട് ചരിത്രത്തിൽനിന്നു ഇതുവരേയും അറിയുവാൻ സാധിച്ചിട്ടില്ല. യാക്കോബായക്കാരും അർമ്മേനിയരുമായിട്ട് മാത്രമല്ല, ഈജിപ്തായക്കാരും യാക്കോബായക്കാരുമായിട്ടും ആരാധനക്രമങ്ങൾ സംബന്ധിച്ചും വിശ്വാസതത്വങ്ങൾ സംബന്ധിച്ചും വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്......ഏകസ്വഭാവവാദത്തിൽനിന്നു് ഉത്ഭവിച്ചിട്ടുള്ള ഈ സഭകൾ തമ്മിൽ കാലക്രമത്തിൽ പല അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതായി വിമർശകന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു......പൊതുവായി പറഞ്ഞാൽ ഗ്രീക്കുസഭയിലുള്ള സ്വതന്ത്രവിഭാഗങ്ങളെക്കാൾ വളരെ ശിഥിലമായ ഐക്യവും അന്യോന്യബന്ധവുമേ ഏകസ്വഭാവവാദത്തിൽനിന്നു ഉത്ഭവിച്ച ഈ സഭകൾ തമ്മിലുള്ളു" (Martin Jugie, Theol. Dog. Christ. Orient. V, p. 364—367; 376) ഇരുപതു സ്വതന്ത്രസഭകളായിത്തീർന്നിട്ടുള്ള ഗ്രീക്കുസഭകൾ തമ്മിൽ ഇപ്പോൾ യാതൊരു ബന്ധവുമില്ല. ഇത്രത്തോളം ബന്ധംതന്നെയും ഏകസ്വഭാവവാദത്തിൽനിന്നുത്ഭവിച്ച സഭകൾതമ്മിൽ അന്യോന്യം ഇല്ലെന്നു പറഞ്ഞാൽ മിക്കവാറും മോരും മുതിരയുംപോലെ ഇവ വിഭിന്നമെന്നല്ലേ അർത്ഥം? സത്യാവസ്ഥ ഇങ്ങനെ ഇരിക്കെ ഈ സഭകളെല്ലാം ഒരേ വിശ്വാസമുള്ളവയും, അന്ത്യോക്യായാക്കോബായ സഭയുടെ സംസർഗ്ഗത്തിൽ ഇരിക്കുന്നവയുമാണെന്നു റവ. ഫാദർ ടി. വി. ജോൺ അഭിപ്രായപ്പെടുന്നതു് ഈ നാട്ടിലുള്ള യാക്കോബായക്കാരിൽ വ്യർത്ഥാഭിമാനം ഉളവാക്കുന്നതിനല്ലേ? യാക്കോബായപാത്രിയർക്കീസിൻെറ അധികാരത്തെ നിശ്ശേഷം നിഷേധിച്ച് 1912-ൽ സ്വതന്ത്രകക്ഷിയായിത്തീർന്ന മലങ്കരഓർത്തഡോക്സ്‌സഭയുടെ ഒരംഗമായ ഫാദർ ടി. വി. ജോൺ അവർകൾ ഈജിപ്തായ, എത്യോപ്യൻ, അർമ്മേനിയൻ എന്നീ സഭകൾ ഇപ്പോഴും യാക്കോബായപാത്രിയർക്കീസിൻെറ സംസർഗ്ഗത്തിലിരിക്കുന്നു എന്നും ഈജിപ്തായക്കാർക്ക് എത്യോപ്യർ എങ്ങനെയോ അങ്ങനെയാണ് അന്ത്യോക്യാക്കാർക്കു മലയാളത്തുകാർ എന്നും പ്രഖ്യാപനം ചെയ്യുന്നതുകൊണ്ടു് ആ പാത്രിയർക്കീസിൻെറ അധികാരത്തിൽനിന്നും നിശ്ശേഷം വേർപെട്ട ഓർത്തഡോക്സ് സഭാംഗങ്ങൾക്കു് വാസ്തവത്തിൽ അഭിമാനമോ, അഭിമാനക്ഷയമോ ഉണ്ടാകുന്നതെന്നും ചിന്തിക്കേണ്ടതത്രേ. പാത്രിയർക്കീസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കരയാക്കോബായസഭയും, കാതോലിക്കാബാവാ അദ്ധ്യക്ഷനായിരിക്കുന്ന മലങ്കരഓർത്തഡോക്സ്‌സഭയും തമ്മിലുള്ള ഐക്യവും സ്നേഹവും അനേകവർഷങ്ങളായി ഈ നാട്ടിലുള്ള എല്ലാവർക്കും അറിവുള്ളതാണ്. ഈ രണ്ടു സഭാവിഭാഗങ്ങളും ഒന്നാണെന്നും, അഥവാ വിശ്വാസവിഷയങ്ങളിലും സംസർഗ്ഗത്തിലും പരസ്പരം ഐക്യമുള്ളതാണെന്നും ഒരാൾ പറഞ്ഞാൽ എത്ര സത്യവിരുദ്ധമാണോ അത്രയും സത്യവിരുദ്ധമത്രേ വിഭിന്നാദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെട്ടുപോരുന്ന ഈജിപ്തായ, അർമ്മേനിയൻ, എത്യോപ്യൻ, യാക്കോബായ എന്നീ നാലു സ്വതന്ത്രസഭകൾ ഒന്നാണെന്നും അന്യോന്യം ഐക്യത്തിലാണെന്നും പറയുന്നതു്.

(തുടരും)

മുതലക്കോടം പള്ളിയിൽ

നാൽപ്പതുമണി ആരാധന

1956 ഡിസംബർ 18, 19, 20

(ചൊവ്വ, ബുധൻ, വ്യാഴം) എന്നീ തിയ്യതികളിൽ

നടത്തപ്പെടുന്നു

ടി പള്ളിവികാരി

(2-ാം പേജ് തുടർച്ച)

ഗൃഹജീവിതത്തിലേക്കു് വ്യക്തികളുടെ ശ്രദ്ധതിരിക്കുക നല്ലതെന്നു് കരുതിയേക്കാം. നേരെ മറിച്ചു് തങ്ങളെല്ലാവരും ഈശ്വരദൃഷ്ടിയിൽ സമന്മാരാണെന്നുള്ള ബോധം ജനങ്ങളുടെ തലയിൽ കടന്നുകൂടിയാൽ അതു് ആപൽക്കരമാണ്. ലൗകികാധികാരികളുടെ സമക്ഷം ഈ സമത്വം അംഗീകരിച്ചു കിട്ടാത്തതെന്തുകൊണ്ടെന്നവർ ചിന്തിക്കുവാൻ തുടങ്ങും."

"യൂദിയായിൽ ഈ തത്വത്തിന് പ്രചുരപ്രചാരം ലഭിക്കുമെന്നാണോ വിചാരം?" പീലാത്തോസ് അന്വേഷണം തുടർന്നു.

"ഇവിടെ മററു ദേശങ്ങളിലെന്നപോലെ തന്നെ ദരിദ്രരാണല്ലോ ഭൂരിപക്ഷം."

"ഈ നസ്രായൻ ഒട്ടുവളരെ മഹാത്ഭുതങ്ങൾ പ്രവർത്തിച്ചതായി ഞാൻ കേട്ടിട്ടുണ്ട്."

"യഹൂദർ മൊത്തത്തിൽ അന്ധവിശ്വാസികളാകുന്നു. വെറും സാധാരണസംഭവങ്ങളിലും പ്രകൃത്യതീതമായ ശക്തികൾ കാണപ്പെടുന്നുവെന്നു് സങ്കല്പിക്കുവാൻ മടിക്കാത്ത കൂട്ടരാണ്. ഞാൻ അദ്ദേഹത്തിൻെറ അത്ഭുതങ്ങളൊന്നും നേരിട്ടുകണ്ടിട്ടില്ല. ഏതാനും നിമിഷങ്ങൾക്കുമുമ്പ് ഈ അത്ഭുതപ്രവർത്തകനിൽനിന്നു് സൗഖ്യപ്രാപ്തിയുണ്ടാകാതിരുന്ന ഒട്ടുവളരെ മുടന്തന്മാരെയും രോഗികളേയും ഞാൻ തെരുവുകളിൽ കണ്ടു."

ഒരു സന്ദേശവാഹകൻ ഹാജരായി ജനങ്ങൾ ദേവാലയത്തിൽനിന്നു് മടങ്ങിപ്പോകുവാൻ തുടങ്ങിയെന്നും നസ്രായൻ ഈശോ അപ്രത്യക്ഷനായെന്നും അറിയിച്ചു "ഇതിലൊന്നും വിപ്ലവത്തിൻെറ യാതൊരു ലക്ഷണവുമില്ല. എന്നാലും തെരുവുകളിലെ കാവൽഭടന്മാരുടെ സംഖ്യ ഇരട്ടിക്കാം. സാധാരണ രീതിയിൽ കവിഞ്ഞ ആൾക്കൂട്ടം എവിടെയെങ്കിലും കണ്ടാൽ പിരിച്ചുവിടുവാൻ ഏർപ്പാടും ചെയ്യാം. നസ്രായനെ ഒരു നോട്ടപ്പുള്ളിയാക്കുകതന്നെ വേണം. അദ്ദേഹം അപ്രത്യക്ഷനായിയെന്നു് മേലിൽ ആരും പറയരുതു്." പീലാത്തോസ് ഇത്രയും പറഞ്ഞിട്ടു് മാർക്കസിൻെറ നേരേ തിരിഞ്ഞു് "മററു കാര്യം വല്ലതുമുണ്ടോ?" എന്നിങ്ങനെ അന്വേഷിച്ചു.




"ബറാബാസിനെ ജയിലിലേക്കു മടക്കിക്കൊണ്ടുവന്നു." സിക്രട്ടറി സമാധാനം നൽകി.

"കൊള്ളാം. അയാളുടെ കുററവിസ്താരം ഏതാനും ദിവസങ്ങൾക്കുള്ളിൽ നടക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നുണ്ടു്. ചിന്തിക്കുന്തോറും അയാളുടെ ചടങ്ങ് വളരെ നിരാശാജനകമായി തോന്നുന്നു. ഒരു രാജ്യദ്രോഹി, ഒരു വിപ്ലവകാരി, ആയുധംകൈയിലുണ്ടായിരുന്നിട്ടും ചാകാൻകിടന്ന ഒരു മജ്ജാരവൃദ്ധനെ മോന്തയ്ക്കടിച്ചു

വിശുദ്ധ അന്തോനീസിൻെറ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും അസാദ്ധ്യമെന്നു തോന്നിയിരുന്ന ഒരു കാര്യം സാധിച്ചതിനു കൃതജ്ഞത. മിസ്സിസ് ത്രേസ്യ ജോസഫ്,
കള്ളിയത്തു്, ഒല്ലൂർ

കൊല്ലുകയാണല്ലോ ചെയ്തതു്. അവൻെറ കായബലം എനിക്കുണ്ടായിരുന്നുവെങ്കിൽ ഞാൻ കാവൽഭടന്മാരിൽ ചിലരെയെങ്കിലും തട്ടിക്കളയുമായിരുന്നു. പാസ്സോവർനാളിൽ ഞാൻ അവനെ കുരിശിൽ തൂക്കുകതന്നെ ചെയ്യും. പൊക്കം കൂടിയ ഒരു കുരിശയാൾക്കു കൊടുക്കുവാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. അയാൾ തൂങ്ങിക്കിടക്കുന്നതു് കാണുവാൻ ധാരാളം യഹൂദന്മാർക്ക് സാധിക്കത്തക്കവണ്ണം."

"പ്രൊക്കുറയിററർ, ആ ജാതി കാര്യങ്ങൾകൊണ്ടു് ഉദ്ദിഷ്ടഫലം ലഭിക്കുമോയെന്നു് ഞാൻ ശങ്കിക്കുന്നു. രക്തസാക്ഷികൾ എല്ലായ്പോഴും ബഹുജനാനുകൂല്യം സമ്പാദിക്കുകയാണ് പതിവ്."

"കുരിശിൽനിന്നു് ലഭിക്കാവുന്ന ബഹുജനാനുകൂല്യം ഏതൊരു വിപ്ലവകാരിക്കും നൽകുവാൻ ഞാൻ സന്നദ്ധനാണ്." മന്ദഹാസപൂർവ്വം പീലാത്തോസ് പറഞ്ഞു. അനന്തരം കരചലനംമൂലം സിക്രട്ടറിയുടെ നിഷ്ക്രമണം സാധിച്ചു.

(തുടരും)

Wednesday
December 12
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 18




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



ആഗ്നസിന്റെ ക്രിസ്തീയവിശ്വാസത്തെ ഇളക്കുന്നതിനു ചക്രവാക്കുകൾക്കോ സ്ഥാനമാനവാഗ്ദാനങ്ങൾക്കോ ഭീഷണികൾക്കോ സാധ്യമല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. ഇനി ഒരു മാർഗ്ഗം മാത്രമേ പരീക്ഷിക്കാനുള്ളു. പീഡനം, മർദ്ദനം. ആദ്യമായിത്തന്നെ അവളെ ബന്ധിച്ചു ചാട്ടകൊണ്ടടിക്കാനായിരുന്നു ആജ്ഞ. മൃദുലമായ അവളുടെ ദേഹത്തിൽ ഉരുണ്ടുസ്വരയോദ്ധാക്കളുടെ ചാട്ടവാറുകളുടെ അഗ്രത്തിൽ ഘടിപ്പിച്ചിരുന്ന ഇരുമ്പുകട്ടകൾ തുളഞ്ഞുകയറി. രക്തം ചീറ്റി. കഠിനമായ വേദന അനുഭവിച്ചു. ശാന്തമായി ദൈവസ്നേഹത്തെപ്രതി അവൾ സഹിച്ചു. കൽത്തൂണിൽ കെട്ടി നഖശിഖാന്തം അടിക്കപ്പെട്ട അവളുടെ സ്നേഹനാഥനെ അവൾ സ്മരിച്ചു. അവിടുത്തേക്കർപ്പിക്കുന്നതിനുള്ള ഏററവും സ്വീകാര്യമായ കാഴ്ച അവൾക്കു ലഭിച്ചതിൽ അവൾ ആനന്ദിച്ചു. കുഞ്ഞനിയന്മാരും കുഞ്ഞനിയത്തികളും അടിയുടെ ചൂടു വല്ലപ്പോഴും അറിഞ്ഞിട്ടുണ്ടാവും. സ്വന്തകാരത്തിനു ശിക്ഷയായി അനുഭവിച്ച ആ വേദനയിൽ എന്തുമാത്രം അസുഖം പ്രദർശിപ്പിച്ചിട്ടുണ്ടാകും. മുഖം വീർപ്പിക്കുകയും, ഉറച്ചുനിലവിളിക്കുകയും, നിലത്തുകിടന്നുരുളുകയും, ഭക്ഷണം കഴിക്കാതെ പിണങ്ങിനടക്കുകയും ഇങ്ങനെ ആരൊക്കെ ചേഷ്ടകൾ കാട്ടിക്കൂട്ടിയിരിക്കും. അതൊക്കെ എന്തു മൗഢ്യമായിരുന്നു. പക്ഷെ ആ ശിക്ഷാസഹനവും ആഗ്നസ് അനുഭവിക്കുന്ന മർദ്ദനവും തമ്മിൽ യാതൊരു സാമ്യവുമില്ല. നിങ്ങൾ ഗൗരവമായ കുററം ചെയ്യുമ്പോഴും നിങ്ങളുടെ കുററങ്ങളെ ക്ഷമിച്ചു സഹിച്ചു പൊറുതിമുട്ടിയപ്പോൾ മാത്രമായിരിക്കും നിങ്ങളുടെ മേലധികാരികൾ വളരെ ചെറിയ ഒരു ശിക്ഷ നിങ്ങൾക്കു വളരെ മടിയോടെ നൽകിയിട്ടു്. ആഗ്നസ് യാതൊരു കുററവും ചെയ്തില്ലെന്നു മാത്രമല്ല, നന്മ പ്രവർത്തിച്ചതിനാണു് ശിക്ഷിക്കപ്പെടുന്നതു്; തിന്മ ചെയ്യാത്തതിനാണു് മർദ്ദനമേൽക്കുന്നതു്. അതാണു് ആ പീഡാസഹനത്തിന്റെ മാഹാത്മ്യം. ലോകജീവിതത്തിലെ വലിയൊരു രഹസ്യമാണു് ആഗ്നസ് ഇവിടെ ഉദ്ഘാടനം ചെയ്യുന്നതു്. സത്യത്തിനുവേണ്ടി, ദൈവസ്നേഹത്തെപ്രതി നാം പീഡകൾ സഹിക്കേണ്ടിവരുന്നതു് നമുക്കു ഏററം വലിയ ഏറ്റവുമാനന്ദത്തിനുള്ള മാർഗ്ഗമാണു്.

വല്യേട്ടൻ



## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

131 എം. എസ്. അന്നമ്മ മുണ്ടയ്ക്കൽ, കോതമംഗലം.
132 അഗസ്റ്റിൻ എബ്രാഹം പന്തിരുവേലിൽ, കാഞ്ഞിരപ്പള്ളി.
133 ആലീസ് തോമസ് മൂണ്ടൽ, തുവ്വാനൂർ, എരനെല്ലൂർ.
134 ഏ. ജെ. ജോസഫ് മാറാട്ടേരിൽ, അതിരമ്പുഴ.
135 ജെ. ജസ്റ്റിൻ പീററർ, പുത്തൻതോപ്പു, കണിയാപുരം.

ചെറുകഥ

## അൽമായപ്രേഷിതൻ

(എം. ഒ. പീററർ Reg No. 126)

"അമ്മേ, എനിക്കൊരു രൂപാ തരാമോ?" ജോസ് ചോദിച്ചു.

"ഉം, എന്തിനാ മോനേ?"

"അതോ, എനിക്കൊരു കോഴിയെ വാങ്ങിക്കാൻ. എന്നാണെന്നറിയാമോ, അടുത്താഴ്ച ഗീവർഗ്ഗീസു പുണ്യവാന്റെ തിരുനാളിനു്."

"തരാം; അന്നുപോരേ?"

"അതു മതി."

"എന്നാൽ ഞാനേ, ആ തേവിക്കിടാത്തിക്കു തഴ കൊടുത്തിട്ടില്ലേ, അതിനു ഒരുരൂപാ തന്നിട്ടുണ്ടു്. ഇനി ഒന്നരരൂപാകൂടി വരും. അതു നീ വാങ്ങിച്ചെടുത്തോ; കേട്ടോ."

"അതു മുഴുവനും ഞാനെടുക്കും." അവൻ ധൃതിയിൽ സ്ഥലംവിട്ടു.

x x x

ജോസ് 4-ാം ക്ലാസ്സിലാണു് പഠിക്കുന്നതു്. അവൻ ഒരു സൊഡാലിററിയംഗമാണു്. മിഷൻലീഗിലും അവൻ ചേർന്നിട്ടുണ്ടു്. ഒരു ഞായറാഴ്ച ലിഗ്സെക്രട്ടറി ഒരു മുട്ട ലേലംവിളിക്കുന്നതു് അവൻ കണ്ടു അതു കഴിഞ്ഞപ്പോൾ അവൻ അവന്റെ കൈവശമുണ്ടായിരുന്ന പുതിയ കർബാനപ്പുസ്തകം മിഷനുവേണ്ടി ലേലംവിളിക്കുവാൻ കൊടുത്തു. ലേലംവിളി നാലണയിൽ തുടങ്ങി പത്തണയിൽ ചെന്നവസാനിച്ചു. മിഷനെ സഹായിക്കാനുള്ള ആവേശം അപ്പോൾ അവനിൽ വർദ്ധിച്ചു. പാടുള്ളവിധത്തിലെല്ലാം മിഷനെ സഹായിക്കണമെന്നു് അവൻ നിശ്ചയിച്ചു. അപ്പോഴാണു് മിഷൻകോഴിവളർത്തൽ അതിനു് ഒരു നല്ല മാർഗ്ഗമാണെന്നു് അവൻ ഒരു പ്രസംഗത്തിൽ കേട്ടതു്. അതിനായിട്ടാണു് അവൻ അമ്മയോടു് ഒരു രൂപ ചോദിച്ചതു്.

x x x

ജോസിന്റെ ഒരു സ്നേഹിതനാണു് ബേബി. ബേബിയേയും സൊഡാലിററിയിൽ ചേർക്കണമെന്നും മിഷൻലീഗിൽ പ്രവർത്തിപ്പിക്കണമെന്നും ജോസിനു ആഗ്രഹമുണ്ടു്. പക്ഷെ ബേബിക്കു് അതിനു വലിയ ആഗ്രഹമില്ല.

മൂന്നുകൊല്ലമായി ബേബിയുടെ അപ്പച്ചൻ മരിച്ചിട്ടു്. ഒരു കുഞ്ഞുസഹോദരിയും അവന്റെ അമ്മയും മാത്രമാണു് അവന്റെ വീട്ടിലെ അംഗങ്ങൾ. അതുകൊണ്ടു് ബേബിക്കു ശരിയായ ഒരു നിയന്ത്രണമില്ലാതിരിക്കയാണു്. അങ്ങനെ അല്പാല്പം താന്തോന്നിയായിത്തീരുന്ന ബേബിയെ നേർവഴിക്കു നയിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുകയാണു് അവന്റെ നല്ല മാതാവും കൂട്ടുകാരൻ ജോസും.

ജോസു് എന്നും രാവിലെ പള്ളിയിൽപോകും. അവൻ ദിവസവും ബേബിയെ വിളിക്കും. എന്നാൽ ബേബിക്കു് അതു് അത്ര ഇഷ്ടമല്ല. അവൻ പലപ്പോഴും ഓരോ ഒഴികഴിവുപറഞ്ഞു് മാറിക്കളയും.

ബേബിയുടെ അമ്മ അവനോടു് പറയും: "എടാ ബേബി, നിന്നെപ്പോലെ ഒരു കൊച്ചനല്ലേ ആ ജോസു്. അവനു കാലത്തെ വീട്ടിൽ വളരെ ജോലിയുണ്ടെങ്കിലും അവയെല്ലാം നേരത്തെ ചെയ്തിട്ടു് അവൻ ദിവസവും പള്ളിയിൽ പോകുന്നതു നീ കാണുന്നില്ലേ? എന്നാൽ നിനക്കിവിടെ യാതൊരു ജോലിയുമില്ല. നിനക്കും അവന്റെകൂടെ പള്ളിയിൽ പോയാലെന്താ? ജോസിനു് കുർബാനയ്ക്കുകൂടുവാനറിയാം നിനക്കും അതു പഠിക്കരുതോ? അവൻ ദിവസവും കുർബാനയ്ക്കു കൂടുന്നതു കാണുവാൻ എന്തു ചന്തമാണു്. എന്റെ മകനേ, നീയും അവനെപ്പോലെ ആയിക്കാണാൻ ഞാൻ എന്തുമാത്രം ആഗ്രഹിക്കുന്നു? പ്രാർത്ഥിക്കുന്നു?"

x x x

കാലങ്ങൾ അതിവേഗത്തിൽ മുന്നോട്ട കടന്നുപോയി. ഇന്നു് ജോസും ബേബിയും സിക്സ്ത് ഫോമിലാണുപഠിക്കുന്നതു്. ഒരുദിവസം അവരുടെ സ്കൂളിൽ ഒരു മിഷനറിഅച്ചൻ വന്നു മിഷനെപ്പററി പ്രസംഗിച്ചു. ആ പ്രസംഗം കേട്ടപ്പോൾ ബേബിക്കുംതോന്നി തനിക്കും ഒരു മിഷനറി ആകണമെന്നു്. അന്നുമുതൽ അവൻ അതിനായി നിരന്തരം പരിശ്രമിച്ചുതുടങ്ങി. പിന്നീടു് അവന്റെ ജീവിതത്തിൽ ഒരു പരിവർത്തനം ദൃശ്യമായി. ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചു. അവൻ സൊഡാലിററിയിൽ അംഗമായിച്ചേർന്നു. ജോസിനെപ്പോലെ വേദോപദേശത്തിനും കുർബാനയ്ക്കു കൂടുന്നതിനും പള്ളിയിലെ മററു ഭക്തകൃത്യങ്ങളിൽ പങ്കെടുക്കുന്നതിനും മുടങ്ങാതെ പോയിത്തുടങ്ങി. അതിൽ ബേബിയുടെ അമ്മയ്ക്കും മററു അയൽവക്കക്കാർക്കും പ്രത്യേകിച്ചു് ജോസിനും വളരെ സന്തോഷമുണ്ടായി.

സ്കൂൾഫൈനൽ പാസ്സായിക്കഴിഞ്ഞു് ബേബി മിഷനുപോകുവാനുള്ള ആഗ്രഹം അമ്മയോടു പറഞ്ഞു. ആ സ്നേഹമാതാവു് അതേപ്പററി ദീർഘമായി ചിന്തിച്ചു. വികാരിയച്ചന്റെ ഉപദേശം ആരാഞ്ഞു. ഒടുവിൽ ബേബിയെ വിളിച്ചുപറഞ്ഞു:- "മിഷനു പോകുന്നതിൽ എനിക്കു സങ്കടമൊന്നുമില്ല. എന്നാൽ നീ ഉദ്ദേശിക്കുന്ന കാര്യം അത്ര എളുപ്പത്തിൽ തീരുമാനിക്കേണ്ട ഒന്നല്ല. അതുകൊണ്ടു് നീ ഒരാത്മീയപിതാവിനെ സമീപിച്ചു് നിന്റെ ദൈവവിളിയെപ്പററി പരിശോധിക്കുക. ഈ തിരഞ്ഞെടുപ്പിൽ നിനക്കു അബദ്ധം പററുവാൻ പാടില്ല."

ബേബിക്കും അമ്മയുടെ ഉപദേശത്തിന്റെ ഗൗരവം മനസ്സിലായി. അമ്മയുടെ നിർദ്ദേശമനുസരിച്ചു് ശരിയായ ഒരു പഠനത്തിനുവേണ്ടി തല്ക്കാലം അവൻ പരിപാടികൾ നീട്ടിവച്ചു. കാലാന്തരത്തിൽ തന്റെ ദൈവവിളി വീട്ടിൽതന്നെനിന്നു പ്രവർത്തിക്കുവാനാണെന്നു മനസ്സിലായി ദൈവതിരുമനസ്സിനു കീഴ്വഴങ്ങുകയും ചെയ്തു.

x x x

കാലങ്ങൾ ആരേയും കാത്തുനില്ക്കാതെ മുന്നോട്ട കടന്നുപോയി. മഞ്ഞും മഴയുംകൊണ്ടു് വളരെ ക്ലേശങ്ങൾ സഹിച്ചു് ഉത്തരേൻഡ്യയിൽ മിഷൻവേല ചെയ്യുകയാണു് ഇന്നു മേരിക്കുട്ടിയും ജോസും—മിഷനറി കന്യാസ്ത്രീയും മിഷനറി വൈദികനും. അവരുടെ പ്രവർത്തനങ്ങളെ പ്രാർത്ഥനകൊണ്ടും പരിത്യാഗങ്ങൾകൊണ്ടും സഹായിക്കുന്ന ഒരു അത്മായപ്രേഷിതനുണ്ടു്—മി. ബേബിച്ചൻ.

97-ാം നമ്പർ പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേര്—ഭക്ഷണം

### പ്രശ്നം നമ്പർ 98

(കെ. പി. ജോയി
Reg. No. 121)

ലോകത്തിലുള്ള എല്ലാ മനുഷ്യരും ഇന്നെന്നെയാണു് ഏററവും കൂടുതലായി അന്വേഷിക്കുന്നതു്. എന്നെ കണ്ടെത്തുവാൻ വൻകിട ശക്തികൾപോലും തലപുകഞ്ഞു മാർഗ്ഗങ്ങളന്വേഷിക്കുകയാണു്. എല്ലാവരേയും സമീപിക്കണമെന്നാണു് എന്റെ ആഗ്രഹവും. പക്ഷെ ശരിയായ മാർഗ്ഗത്തിൽ അന്വേഷിച്ചെങ്കിൽ മാത്രമേ എന്നെ കണ്ടെത്തുവാൻ കഴിയൂ. എന്റെ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം സത്യദീപത്തിലുണ്ട്, മേരീവിജയത്തിലില്ല. രണ്ടാമത്തെ അക്ഷരം ഫാത്തിമായിലുണ്ട്, ലൂർദിലില്ല. മൂന്നാമത്തെ അക്ഷരം ധാർമ്മികശക്തിയിൽ കണ്ടെത്താം, വെറും ചിന്താശക്തിയിൽ കാണുകയില്ല. അവസാന അക്ഷരം ലേഖനത്തിലുണ്ടു്, ചെറുകഥയിലില്ല. എന്റെ പേര പറയാമോ?

(ഉത്തരം അടുത്തതിൽ)

### ആർക്കുപറയാം?

താഴെ പറയുന്ന 1-ഉം 2-ഉം പേരുകാരായ വിരുതന്മാർ തമ്മിലുള്ള ബന്ധം

(അഗസ്റ്റിൻ എം.
Reg. No. 3)

A. 1. വി. മോനിക്ക—
2. വി. അഗുസ്തീനോസ്
B. 1. വി. യോഹന്നാൻ—
2. വി. വലിയ യാക്കോബ്
C. 1. സ്വീഡനിലെ വി. കത്രീനാ—
2. വി. ബ്രിജീത്താ
D. 1. വി. വലേറിയൻ—
2. വി. ചിച്ചിലിയാ.
E. 1. വി. ദമിയാനോസ്—
2. വി. കോസ്മോസ്.

ഉത്തരം

A) അമ്മയും മകനും B) സഹോദരന്മാർ C) അമ്മയും മകളും D) ഭർത്താവും ഭാര്യയും E) സഹോദരന്മാർ.

## വിനോദവീഥി



"അല്ലേ! പപ്പീടമ്മകെക്കന്ത്യ ഒരു പന്തികേടു്, കിടപ്പുതന്നെയാണല്ലോ?"

"നമ്മുടെ അമ്മാവനെന്നും ഷാപ്പീന്നെന്തോ അടിച്ചുകത്താക്കി കൊണ്ടുവന്നു് അട്ടക്കളവാതുക്കലെങ്ങു ചരട്ടിക്കും. അമ്മ ഇന്നലെ അതുപോയി കുടിക്കണെകണ്ടു. പിന്നെ ഇങ്ങനെ കിടപ്പുതന്നെയാ. എന്താ ചെയ്യണേ!"

x x x



"പിടിയാവിലകൊടുത്തു് പാലുമേടിച്ചു് പാൽപ്പായസംവച്ചതൊക്കെ അങ്ങേലേക്കു കൊടുത്തയക്കുന്നോ? കൊള്ളാല്ലോ നിങ്ങടൊരു ലോഹ്യം!"

"എന്റെടീ, ഞാൻ അറിയാതെ അതിൽ പഞ്ചസാരയ്ക്കുപകരം കാച്ചപ്പെട്ടത്തിട്ടു. അതിനി മനുഷ്യനു കുടിക്കാൻ കൊള്ളില്ല. അതല്ലേ കൊടുത്തതു്!"

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I